# കാരുണികൻ

www.karunikan.com

സമഗ്രദൈവശാസ്ത്ര മാസിക

2020 ജൂൺ






**രക്ഷാധികാരി**
ഫാ. ഡോമിനിക് മുണ്ടാട്ട്
പ്രോവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്സ്. എമ്മാവൂസ് പ്രവിശ്യ

**സഹരക്ഷാധികാരി**
ഡോ. ജി. കടൂപ്പാറയിൽ mcbs

**പത്രാധിപർ**
**ഫാ. ജോയി ചെഞ്ചേരിൽ mcbs**

**എക്സിക്യൂട്ടീവ് എഡിറ്റർ**
ജോസ് ക്ലെമന്റ്

**പത്രാധിപസമിതി**
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മ്യാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി

**മാർക്കറ്റിംഗ് മാനേജർ**
ഫാ. ജെറിൻ വലിയപറമ്പിൽ mcbs
**സർക്കുലേഷൻ മാനേജർ**
ഫാ. ചാക്കോ വടക്കേത്തലക്കൽ mcbs

**കവർ**
വർഗീസ് ജോർജ്ജ്
**ഡിജിറ്റൽ ഡിസൈൻ**
ഡേവിസ് കോളം
**അക്ഷരവിന്യാസം**
നിഷ ബിനു

വിലാസം
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം -682015
ഫോൺ: 0484-2663933
2664733,9995802006
e-mail:mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം

# ഉള്ളടക്കം

1. പ്രവാസികളുടെ മടക്കം കേരളത്തിന് ഭീഷണിയോ? P. 06
**ലഫ്. നിതിൻ തോമസ്**

2. കോവിഡിന്റെ പാഠങ്ങളും കൊറോണാനന്തര ലോകവും P. 09
**ഡോ. മനോ ജോസഫ്**

3. കോവിഡിന്റെ പാഠവും സഭയുടെ ഇടപെടലും P. 15
**ഡോ. വർഗ്ഗീസ് വള്ളിക്കാട്ട്**

4. കൊറോണ കൊണ്ടുവന്ന സാമൂഹികവിപ്ലവം P. 19
**ഡോ. സിബി മാത്യൂസ് IPS**

5. കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളം കൈവരിക്കേണ്ട പുതിയ തൊഴിൽ സംസ്കൃതി P. 21
**റവ. മോൺ. യൂജിൻ പെരേര**

6. കൊറോണ ദർശനം, വിശ്വസാഹോദര്യത്തിന്റെ കാഴ്ചപ്പാട് P. 26
**ഫാ. വില്ല്യം നെല്ലിക്കൽ**

7. ആഡംബരാസക്തികളുടെ ഹോട്ട്സ്പോട്ടുകളിൽ കുടുങ്ങിപ്പോയോ നാം? P. 30
**ആന്റണി ചടയംമുറി**

8. കോവിഡിനെ അതിജീവിച്ച കോവിഡ് മിഷണറി P. 35
**കാരുണികൻ ന്യൂസ് സർവ്വീസ്**

9. കോവിഡ് -19 പ്രതിരോധത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ P. 37



# എഡിറ്റോറിയൽ

'ആകയാൽ ഹൃദയം തുറക്കുവിൻ. ഇനിമേൽ ദുശ്ശാഠ്യക്കാരായിരിക്കരുത്.' (നിയമാ. 10:16). ഹൃദയവികാരങ്ങളുടെ ഉണർത്തുപാട്ടാണ് ജൂൺമാസം. കോവിഡ് ബാധിതരുടെ എണ്ണത്തിൽ നാലാമതെത്തിയിരിക്കുന്നു നമ്മുടെ രാജ്യം. രോഗപ്രതിരോധങ്ങൾക്കും മുൻകരുതലുകൾക്കുമൊപ്പം അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ട ഒരു തലം, നമ്മുടെ സമൂഹത്തിൽ വർദ്ധമാനമാകുന്ന ഹൃദയശൂന്യത എന്ന വൈറസ് ആണ്. പെരുകുന്ന ആത്മഹത്യകൾ, വീട്ടതിക്രമങ്ങൾ, ആസൂത്രിത കൊലപാതകങ്ങൾ, ഇരുപതിൽ താഴെ പ്രായമുള്ള ഇരകളും പ്രതികളും പെരുകുന്ന ദയനീയ അന്തരീക്ഷം, നുണപ്രചരണങ്ങൾ, വ്യക്തിഹത്യകൾ, വ്യാജവാർത്തകൾ, വ്യാജാരോപണങ്ങൾ, മദ്യം വിളമ്പി സമൂഹസുസ്ഥിതിക്ക് കോട്ടംവരുത്തുന്ന രാഷ്ട്രീയനിലപാടുകൾ, ധർമ്മം മറക്കുന്ന മാധ്യമങ്ങൾ, വഴിയോരങ്ങളിലും തെരുവീഥികളിലും മരിച്ചുമരവിക്കുന്ന മനുഷ്യജീവിതങ്ങൾ, മൃതശരീരങ്ങൾപോലും ആദരിക്കപ്പെടാത്ത ദുഃസ്ഥിതി, വാക്കുകൾക്കതീതമായ കഷ്ടപ്പാടുകളിൽ നട്ടംതിരിയുന്ന തൊഴിലാളികൾ, കർഷകർ, ഇതരസംസ്ഥാന സഹോദരങ്ങൾ, ന്യൂനപക്ഷങ്ങളെ നിർബന്ധപൂർവം *ഘർവാപസി* ചെയ്യിച്ചുകൊണ്ട് (2020 മേയ് 3 ജാർഖണ്ഡ്) ആരാധനാസ്വാതന്ത്ര്യം ഇല്ലാതാക്കുന്ന ജനാധിപത്യധ്വംസനങ്ങൾ, ലൈംഗികാരജകത്വങ്ങൾ, സദാചാരവിരുദ്ധമായ പ്രവൃത്തികൾ ഇങ്ങനെ നീളുന്നു ഇക്കാലഘട്ടത്തിന്റെ വെല്ലുവിളികൾ. കൊറോണയ്ക്കൊപ്പം വളരുന്ന ഈ വൈറസുകൾക്കുള്ള ആന്റിബയോട്ടിക്ക് നമ്മൾ കണ്ടുപിടിച്ചേ മതിയാകൂ. അത് മറ്റൊന്നുമല്ല സ്നേഹവും ധാർമ്മികതയും സാഹോദര്യവും പരസ്പരാദരവുംതന്നെയാണ്. അതിനുള്ള ഉദാത്തമാതൃക ആദിമക്രൈസ്തവസമൂഹമാണ്. അവരുടെ സ്നേഹത്തിലും പങ്കുവയ്ക്കലിലുമാണ് വിശ്വാസവും സമൂഹവും വളർന്നത് (നടപടി 2).

ഓരോ പ്രതിസന്ധിയും ഓരോ അവസരമാണ്. ലോകമാധ്യമദിന (ജൂൺ 7, 2020)ത്തിലെ ഫ്രാൻസിസ് പാപ്പായുടെ സന്ദേശം 'നീ നിന്റെ പുത്രന്മാരോടും പൗത്രന്മാരോടും വർണിച്ച് അറിയിക്കാൻ വേണ്ടിയാണ്' (പുറ. 10:2) എന്നതാണ്. 'കഥകൾ പറയുക. തച്ചുതകർക്കുന്ന കഥയല്ല, പടുത്തുയർത്തുന്ന കഥകൾ. നമ്മുടെ ഉത്ഭവപരമ്പരകളുടെ വേരുകൾ കണ്ടെത്താൻ ഉതകുന്ന കഥ

കൾ, അതിൽനിന്നും പ്രചോദനം സ്വീകരിച്ച്, ജീവിതത്തെ പ്രത്യാശഭരിതമാക്കാൻ ഉതകുന്ന കഥകൾ. ഇക്കാലത്തെ കലപിലകൾക്കിടയിൽ മനുഷ്യത്വത്തെക്കുറിച്ചും നമുക്കു ചുറ്റുമുള്ള സൗന്ദര്യത്തെക്കുറിച്ചുമുള്ള മാനവിക കഥകൾ, പ്രപഞ്ചത്തെയും ചരാചരപ്രേമത്തെയും സ്നേഹ വാത്സല്യത്തോടെ നോക്കിക്കാണുന്ന കഥകൾ, നമ്മളെ പരസ്പരം കൂട്ടിയിണക്കുന്ന പാരസ്പര്യത്തിന്റെ അന്തർധാരകളെ അവതരിപ്പിക്കുന്ന കഥകൾ ഇവയാണ് നാം പറയേണ്ടതും പങ്കുവയ്ക്കേണ്ടതും.'

കെട്ടുകഥകളും വ്യാജകഥകളുമാണ് ഇന്നത്തെ ഭീഷണി. 'സ്നേഹവും സാഹോദര്യവും മുൻനിർത്തി ദുർഘടസാഹചര്യങ്ങളെ അതിജീവിച്ച് തിന്മയുടെ ശക്തികളെ പടവെട്ടി തോല്പിച്ച കഥകളിൽ സമൂഹം മുങ്ങിനിവരേണ്ടിയിരിക്കുന്നു. സന്തോഷിക്കണമെങ്കിൽ ലാഭം കൊയ്യണം. അതിനായി എന്തും എങ്ങനെയും ആകാം എന്ന കഥകളാണ് ഇന്ന് നമ്മുടെ കാതുകളിൽ പതിയുന്നത്. നമ്മൾപോലും അറിയാതെ എന്തുംമാത്രം കിംവദന്തികൾക്കും ജല്പനങ്ങൾക്കും വേണ്ടിയാണ് നാം കാഴ്ചക്കാരും കേൾവിക്കാരുമായി മാറുന്നത്? സത്യത്തിനും സാമൂഹികപ്രതിബദ്ധതയ്ക്കും സാംസ്കാരിക ഇഴയടുപ്പങ്ങൾക്കുംവേണ്ടി പ്രവർത്തിക്കേണ്ട മാധ്യമങ്ങൾപോലും പ്രകോപനപരവും വിനാശകരവുമായ കഥാകഥനരീതികൾ, സ്ഥിരീകരിക്കപ്പെടാത്ത വാർത്താശകലങ്ങൾ യുക്തിരഹിതമായി തുന്നിച്ചേർത്ത് അവതരിപ്പിക്കൽ, സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി വസ്തുതാവിരുദ്ധമായി അവതരിപ്പിച്ച് സമൂഹത്തെ വഴിതെറ്റിക്കൽ, വെറുപ്പുളവാക്കുന്നതും മ്ലേച്ഛതയുള്ളതുമായ സന്ദേശങ്ങൾ അയച്ച് രസിക്കൽ ഇവയൊന്നും മാനവികത നെയ്യുന്നില്ലെന്നു മാത്രമല്ല, അന്തസ്സും അഭിമാനവും മാന്യതയും കവർന്ന് അപമാനിക്കുകയാണ്' ചെയ്യുന്നത് എന്നറിയുക. കപടതയും ദുഷ്ടതയും വിഭാഗീയതയും തിന്മയും നിറഞ്ഞ കഥകൾ കൃത്രിമത്വത്തെ കലയാക്കി മാറ്റുന്ന അപകടകരമായ പ്രവണതയാണ്. ഇവിടെ നമുക്ക് വേണ്ടത് സ്നേഹത്തിലും സത്യത്തിലും സനാതനമൂല്യങ്ങളിലും അടിസ്ഥിതമായ കഥകൾ സ്വീകരിക്കാനും പറയാനുമുള്ള വിവേകവും വിജ്ഞാനവുമാണ്.'

അയൽക്കാരെക്കുറിച്ച് അപവാദം പറയുന്നത് ശീലമാക്കിയ ഒരു സ്ത്രീ അവളുടെ സ്വഭാവം മാറ്റുന്നതിനായി ഒരു യഹൂദറബ്ബിയുടെ അടുക്കലെത്തി. റബ്ബി പറഞ്ഞു നീയൊരു കോഴിയെ വാങ്ങി അതിന്റെ തൂവലുകൾ പറിച്ച് വീടുമുതൽ പട്ടണംവരെയുള്ള വഴിയിൽ വിതറുക. എന്നിട്ട് ആ വഴിയേതന്നെവന്ന് ആ തൂവലുകൾ ശേഖരിക്കുക. എന്നിട്ട് എന്റെ അടുക്കൽ വരുക. അവൾ അങ്ങനെ ചെയ്തു. തിരികെവന്ന് അവൾ പറഞ്ഞു, റബ്ബി വളരെ കുറച്ചു തൂവലുകൾ മാത്രമേ കിട്ടിയുള്ളൂ. എല്ലാം കാറ്റിൽ പറന്നുപോയിക്കഴിഞ്ഞു. ഗുരു പറഞ്ഞു, Gossip is like feathers. ഒരിക്കൽ പറഞ്ഞാൽ തിരിച്ചെടുക്കാനാവില്ല. അത് എല്ലാ ദിശകളിലും എത്തിക്കഴിഞ്ഞിരിക്കും. അതു കേൾക്കുന്നവരിലൊക്കെ നാശവും വിതയ്ക്കും. (അവലംബം - മാർ ജോസഫ് കല്ലറങ്ങാട്ട്). ഒരു നല്ല മാനവികതയ്ക്കും സമൂഹനന്മയ്ക്കുമായി യത്നിക്കുന്ന വിശ്വാസികളും സമൂഹവും ഈ കഥയുടെ സാരാംശം ഉൾക്കൊള്ളേണ്ടതുണ്ട്.

യഥാർത്ഥ മാധ്യമപ്രവർത്തനം ഒരു നല്ല ലോകനിർമ്മിതിക്കുവേണ്ടിയാവണം. Good news is no news! നല്ല വാർത്തകൾ വാർത്തകളേയല്ലാതാകുന്ന ഇക്കാലത്ത്, തിന്മയെ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ നന്മകളുടെ ചർച്ചയും കാഴ്ചകളും പങ്കുവയ്ക്കുമ്പോൾ ഒരു നവലോകനിർമ്മിതി സാധ്യമാകും. പ്രത്യേകിച്ച്, ഫോർവേർഡഡ്സന്ദേശങ്ങൾ മാത്രം കണ്ടും കേട്ടും വളരുന്ന ആധുനികതലമുറയ്ക്ക് നൽകാവുന്ന നന്മയും അതുതന്നെയാണ്. കോപ്പിയടിച്ച് ജയിക്കുന്നതിനേക്കാൾ തോൽക്കുന്നതാണ് നല്ലതെന്ന ധാർമ്മികബോധമാണ് അവരിൽ പാകേണ്ടത്. 'എന്ത് പഠിക്കുന്നു എന്നതല്ല, എങ്ങനെ മനസ്സ് രൂപപ്പെടുന്നു എന്നതാണ് പ്രധാന'മെന്ന കീർക്കഗാർഡിന്റെ വാക്കുകൾ ഓർക്കുക. *Vidyay amritamasnute (Knowledge makes one*

*immortal)* ഇതാണ് മഹാത്മാഗാന്ധി സർവകലാശാലയുടെ മുദ്രമൊഴി. പഠിതാക്കളും അധ്യാപകരും അധികാരികളും ഒരുപോലെ മനസ്സിലാക്കേണ്ടതാണിത്. വിദ്യ അഭ്യസിപ്പിച്ചിട്ടും അവർക്ക് വേണ്ടത്ര ആത്മബലം നൽകാൻ കഴിയുന്നില്ലെങ്കിൽ അടിമുടി മാറ്റണം നമ്മുടെ പാഠ്യപദ്ധതിയും പരിശീലനശൈലികളും. അറിവ് പകർന്ന് അവരെ അമർത്യരാക്കിയില്ലെങ്കിൽ നിസാര കാര്യങ്ങൾക്ക് ജീവനൊടുക്കുന്ന പ്രവണതകൾ അവർക്കിടയിൽ വർധിക്കുകയേ ഉള്ളൂ. വീടും വിദ്യാലയവും അധ്യാപകരും മാതാപിതാക്കളും മതങ്ങളും ഒരുമിച്ച് നിൽക്കേണ്ടതും ഒരുമിച്ച് പകരേണ്ടതും ഇതേ മൂല്യമാണ്. ഒരു വ്യക്തി മരണപ്പെടുമ്പോൾ ചാനൽചർച്ചകളെക്കാൾ നമുക്കാവശ്യം അവരെ അതിലേക്ക് നയിച്ച സാഹചര്യങ്ങൾ ശാസ്ത്രീയമായി പഠിച്ച്, അതിന് പരിഹാരം കണ്ടെത്തലാണ്. കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും അമിതമായ ചാനൽ ചർച്ചകളുടെയും അഭ്രപാളികളുടെയും വിഷയങ്ങൾ ആകുമ്പോൾ അത് നന്മയേക്കാൾ തിന്മയേ ഉളവാക്കൂ. നമ്മുടെ കുഞ്ഞുങ്ങളെ ജീവിതം കെട്ടിപ്പടുക്കാനും പരാജയങ്ങളെ നേരിടാനും അതിജീവിക്കാനും ഒഴുക്കിനെതിരെ നീന്താനും പഠിപ്പിച്ചില്ലെങ്കിൽ നമുക്ക് നഷ്ടമാകുന്നത് ഒരു തലമുറയെ തന്നെയായിരിക്കും.

ഒരു നല്ല കഥയും വാർത്തയും കേട്ടത് ഇങ്ങനെയാണ്. ജോർജ് ഫ്ളോയിഡ് എന്ന കറുത്ത വർഗ്ഗക്കാൻ കൊലചെയ്യപ്പെട്ടതിനെ തുടർന്നുണ്ടായ പ്രതിഷേധാഗ്നിക്കു മുൻപിൽ, 2020 മെയ് 31ന് ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റ് കമ്മീഷൻ ഓഫീസർ വിൻസന്റ് തവലോരോയും സംഘവും തോക്കും ലാത്തിയും മാറ്റിവച്ച് മുട്ടുമടക്കി മാപ്പുചോദിച്ചു നിൽക്കുകയും പ്രതിഷേധക്കാർപോലും അവരെ ആലിംഗനംചെയ്ത് വിതുമ്പുന്നതുമായ കാഴ്ച. അതെ, നമുക്കിന്നാവശ്യം ഇത്തരം നന്മയുടെ നേർക്കാഴ്ചകളാണ്. പരസ്പരം ശ്രവിക്കാനും ആദരിക്കാനും മാപ്പു ചോദിക്കാനുമുള്ള വ്യത്യസ്തതയുടെ ധൈര്യം. അതാണ് അതിജീവനം.

**ഫാ. ജോയി ചേഞ്ചരിൽ MCBS**
ചീഫ് എഡിറ്റർ




# പ്രവാസികളുടെ മടക്കം കേരളത്തിന് ഭീഷണിയോ ?



**ലഫ്. നിതിൻ തോമസ്**
**സാമ്പത്തിക ശാസ്ത്രവിഭാഗം തലവൻ,**
**ഭാരതമാതാ കോളജ്, തൃക്കാക്കര**

**കേരളംപോലുള്ള ഒരു കൊച്ചുസംസ്ഥാനത്തിന്റെ വലിയൊരു നേട്ടം പ്രവാസികളിൽനിന്നുള്ളതായിരുന്നു. തൊഴിൽ നഷ്ടപ്പെട്ടും വിദേശങ്ങളിലെ മാന്ദ്യവുമെല്ലാം നാട്ടിലേക്ക് പ്രവാസികളെ മടങ്ങാൻ പ്രേരിപ്പിക്കുമ്പോൾ നമ്മുടെ ഖജനാവ് ശോഷിക്കുമെന്നുറപ്പാണ്. ആസൂത്രിതമായ മുന്നേറ്റങ്ങൾ അതിവിദഗ്ധമായി നടപ്പിലാക്കിയില്ലെങ്കിൽ മഹാമാരിക്ക് പിന്നാലെ മഹാദാരിദ്ര്യവും പട്ടിണിയുമായിരിക്കും നമ്മെ കാത്തിരിക്കുന്നത്. പ്രവാസികളുടെ മടക്കം ഒരു വിഹഗവീക്ഷണം.**

ചന്ദ്രനിൽചെന്നാലും അവിടെയും കാണും ഒരു മലയാളി. മലയാളികളെപ്പറ്റി രസകരമായി പറയുന്ന ഒരു വാചകമാണിത്. ലോകത്തിൽ ഇത്രയധികം സാന്നിധ്യം അറിയിച്ചിട്ടുള്ള ഒരു ജനവിഭാഗം ഉണ്ടാകില്ല. എവിടെചെന്നാലും മലയാളികൾ തങ്ങളുടെ സവിശേഷമായ കഴിവുകൾകൊണ്ട് പല മേഖലകളിലും മുന്നേറ്റം ഉണ്ടാക്കുന്നു. അതുകൊണ്ടുതന്നെ ലോകത്തിന്റെ എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ അത് നമ്മളെ ബാധിക്കും. ലോകത്തിലെ ഏറ്റവും മികച്ചരാജ്യങ്ങളെന്ന് കരുതിയിരുന്ന യൂറോപ്പിലെ പല രാജ്യങ്ങളും അമേരിക്കയുമെല്ലാം പരിചരണം ഏറെ ആവശ്യപ്പെട്ട് മറ്റുള്ളവരുടെ സഹായത്തിനായി നിലകൊള്ളുന്നത് നമ്മെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

സമ്പന്നതയെയും പ്രൗഢിയെയും ശക്തിയെയുമൊക്കെ അവഗണിച്ചുകൊണ്ടുള്ള കുഞ്ഞൻവൈറസിന്റെ ആക്രമണത്തിലൂടെ ആളുകൾ കൂട്ടത്തോടെ മരിച്ചുവീഴുന്ന കാഴ്ച ഈ നൂറ്റാണ്ടിലെ സങ്കടചിത്രങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. പല മേഖലകളിലും പഴി കേട്ടിട്ടുള്ള, വ്യവസായപിന്തിരിപ്പൻനയത്തിനും കാർഷികമുരടിപ്പിനും പേരുകേട്ട കേരളം ഈ രോഗവ്യാപനത്തെ ചെറുത്തുനില്ക്കുന്നതും മരണനിരക്ക് കുറച്ചുനിർത്തുന്നതും ലോകംമുഴുവൻ ചർച്ച ചെയ്യുകയും അംഗീരിക്കുകയും ചെയ്തതാണ്. സ്വാഭാവികമായും ഏതൊരു മലയാളിക്കും നമ്മുടെ നാട്ടിലേക്ക് തിരിച്ചുവരണമെന്നുമുള്ള ആഗ്രഹം ഉണ്ടാകും. അതിനാൽ നാട്ടിലേക്ക് പ്രവാസികൾ തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നും ഇന്ത്യയുടെ പലസംസ്ഥാനങ്ങളിൽനിന്നും വിമാനങ്ങളിലും ട്രെയിനുകളിലുംമറ്റുമായി ആയിരക്കണക്കിന് കേരളീയർ അവരുടെ ജന്മദേശത്തേക്ക് കൂടണയുന്നു. ഈ മടക്കം കേരളത്തിന്റെ ഭാവിക്ക് ഭീഷണിയാണോ എന്നാണ് നമ്മുടെ ആശങ്ക. കുറച്ച് ആശങ്കകളും കുറേ സാധ്യതകളുമുണ്ട്.

കോറോണക്കാലം മനുഷ്യന്റെ ഉപഭോഗം വളരെയധികം കുറച്ചിരിക്കുന്നു. അവശ്യസാധനങ്ങൾ വാങ്ങാൻ മാത്രം പുറത്തിറങ്ങുന്ന സ്ഥിതിയിലേക്ക് മനുഷ്യനെ ഈ വൈറസ് ചുരുക്കിയിരിക്കുന്നു. അവശ്യസാധനങ്ങളുടെ ഉപഭോഗംമാത്രംകൊണ്ട് ഒരു സമ്പദ്ഘടനയുടെ വലിയ വളർച്ച കൈവരിക്കില്ല. മെച്ചപ്പെട്ടജീവിതസൗകര്യങ്ങളോടുള്ള മനുഷ്യന്റെ അഭിവാഞ്ഛ, സിനിമ, ടൂറിസം തുടങ്ങിയ വിനോദോപാധികളോടുള്ള ഇഷ്ടം തുടങ്ങിയവയാണ് ലോകത്തിലെ പല രാജ്യങ്ങളെയും മുന്നോട്ടുകൊണ്ടുപോകുന്നത്. തായ്‌ലന്റ്, മാലിദ്വീപ് പോലെയുള്ള രാജ്യങ്ങൾ ടൂറിസംകൊണ്ടാണ് വളരുന്നത്. കോവിഡുമൂലം വ്യാപകമായ തൊഴിൽനഷ്ടം ഉണ്ടാവുകയും അത് വരുമാനനഷ്ടത്തിലേക്കും ഉപഭോഗം വീണ്ടും കുറയുന്നതിലേക്കും വഴിവയ്ക്കും. സാമ്പത്തിക ശാസ്ത്രം ഇതിനെ reverse multiplier effect എന്നാണ് പറയുന്നത്. IMF ഉം ലോകബാങ്കും പോലെയുള്ള സാമ്പത്തിക സ്ഥാപനങ്ങളും പ്രശസ്തരായ പല സാമ്പത്തികശാസ്ത്രജ്ഞരും ലോകം ഒരു വലിയ സാമ്പത്തിക മാന്ദ്യത്തിലേക്കാണ് പോകുന്നത് എന്ന് പ്രവചിച്ചുകഴിഞ്ഞു. ഇന്ത്യ പൂജ്യത്തിലും താഴേക്ക് വളരുമെന്ന് പ്രവചിച്ചത് നമ്മുടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. ഇത്തരത്തിൽ വലിയ രീതിയിലുള്ള ഒരു സാമ്പത്തിക മാന്ദ്യമാണ് നമുക്ക് മുന്നിലുള്ളത്.

ഇതിനാൽതന്നെ പ്രവാസികളുടെ മടക്കം കേരളത്തിന് വലിയഭീഷണിയാണ്. കേരളത്തിന്റെ വരുമാനത്തിന്റെ 35 ശതമാനം പ്രവാസികളുടെ സംഭാവനയാണ്. ഇത് വലിയ തോതിൽ കുറയുകയും ഇത് ഇപ്പോഴെ ദുർബലമായ കേരളഖജനാവിനെ കൂടുതൽ ക്ഷയിപ്പിക്കും. കേരള ഖജനാവിലേക്ക് ഏറ്റവും കൂടുതൽ നികുതി കിട്ടിയിരുന്ന മദ്യവില്പ്പനയും ലോട്ടറിവില്പ്പനയും ഈ ലോക്ഡൗൺകാലത്ത് പ്രതിസന്ധിയിലാവുകയും ആരോഗ്യരംഗത്ത് അപ്രതീക്ഷിതമായി ചെലവ് ഉയരുകയും ചെയ്തത് കേരളത്തെ വലിയ രീതിയിൽ ഉലച്ചിട്ടുണ്ട്. ശമ്പളംപിടിക്കൽ തുടങ്ങി പല ചെലവ്ചുരുക്കൽ നടപടികളിലേക്കും സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ടകാര്യം ഗൾഫ് മേഖലയിൽ ഉയരുന്ന ആശങ്കയാണ്. രോഗവ്യാപനവും മരണവും ഒരുവശത്ത് കൂടുന്നു. മറുവശത്ത് ഗൾഫ്മേഖല വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. എണ്ണവിലയിലുണ്ടായ വലിയ വ്യതിയാനങ്ങൾ ഗൾഫ്മേഖലയെ ഉലയ്ക്കുകയാണ്. കേരളത്തിന്റെ പ്രവാസി വ്യവസായി ജോയ് അറയ്ക്കലിന്റെ ആത്മഹത്യയുമെല്ലാം എണ്ണവിലയുടെ ആഘാതങ്ങളെത്തുടർന്നാണ് ഉണ്ടായതെന്നും നാം ചേർത്തുവായിക്കേണ്ടതുണ്ട്. പല ഉത്പാദകരാജ്യങ്ങൾ തമ്മിലുള്ള കിടമത്സരംമൂലം എണ്ണവില പൂജ്യത്തിനും താഴെപോകുന്ന കാഴ്ചയും നാം കണ്ടതാണ്. ഒരുകാലത്ത് മലയാളിയുടെ സ്വപ്നങ്ങൾക്ക് ചിറകുകൊടുത്ത പച്ചതുരുത്തായിരുന്ന ഗൾഫ്മേഖലയുടെ തകർച്ച വളരെയധികം ആശങ്കകളാണ് ഉണ്ടാക്കുന്നത്. ഉയർന്നുവരുന്ന സ്വദേശിവല്ക്കരണത്തിന്റെ സമ്മർദ്ദം എത്രകാലം അതിജീവിക്കാൻ കഴിയുമെന്ന് കാത്തിരുന്ന് കാണേണ്ടിവരും.

ഇന്നത്തെ മലയാളി യുവത്വം കുടിയേറി പാർക്കാനാഗ്രഹിക്കുന്ന പല പാശ്ചാത്യരാജ്യങ്ങളിലും കോറോണ വൈറസ്വ്യാപനംമൂലം ഒത്തിരിപേർ മരണമടഞ്ഞു. മരിച്ചവരുടെ പ്രായം പരിശോധിച്ചാൽ കൂടുതൽപേരും വൃദ്ധരായവരാണ്. മലയാളി ആരോഗ്യപ്രവർത്തകർ ഏറെ ജോലിചെയ്തിരുന്ന മേഖലയാണ് ജറിയാട്രിക് (geriatric) കെയർ അഥവാ വൃദ്ധപരിപാലനം. വൃദ്ധജനങ്ങളുടെ എണ്ണത്തിൽവരുന്ന വലിയ കുറവ് ഇത്തരം തൊഴിൽസാധ്യതകളെ കുറയ്ക്കുന്നു. നഴ്സിങ്ങ്പോലെയുള്ള കോഴ്സ് പഠിച്ച് യൂറോപ്പിലും മറ്റ് രാജ്യങ്ങളിലേക്കും കുടിയേറി മെച്ചപ്പെട്ട ജീവിതസാഹചര്യം കെട്ടിപ്പടുക്കാൻ സ്വപ്നംകാണുന്ന ഒരു ശരാശരി മലയാളി കുടുംബത്തിന്റെ പ്രതീക്ഷകളിലാണ് കരിനിഴൽ വീണിരിക്കുന്നത്. മാത്രമല്ല, കോവിഡനന്തരലോകത്തിൽ, ആരോഗ്യരംഗത്ത് വൻമുതൽമുടക്കുണ്ടാക്കുകയും അത് സ്വദേശികളെ ഈ മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുകയും ചെയ്യുമെന്ന് വരാൻപോകുന്ന വസ്തുതയാണ്. ആഗോളവത്ക്കരണത്തിനെതിരായി അമേരിക്കയും മറ്റും നടത്തുന്ന പ്രചരണങ്ങൾ മറ്റുരാജ്യങ്ങളിലേക്കും പടർന്നുപിടിച്ചാൽ നമ്മുടെ തൊഴിലവസരങ്ങളാണ് പണയം വയ്ക്കപ്പെടുക.

സ്വന്തം നാടിനേക്കാൾ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും വരുമാനസാധ്യതകളും ലഭിക്കുമ്പോഴാണ് ഒരുപ്രവാസിയാവുന്നത്. ഇന്ന് ലോകം മുഴുവൻ നടക്കുന്നത് Reverse Migration ആണ് നടക്കുന്നത്. എല്ലാവരും സ്വന്തം നാട്ടിലേക്ക് തിരികെവരുന്നു. ഇന്ത്യ

യുടെ പലഭാഗത്തും ആളുകൾ കൂട്ടത്തോടെ സ്വന്തം ഗ്രാമങ്ങളിലേക്ക് നടന്നുപോകുന്ന കാഴ്ച ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ആളുകൾ തിരിച്ച് ഗ്രാമങ്ങളിലേക്ക് വരുമ്പോൾ അത് നമ്മുടെ സമ്പദ്ഘടനയെ ഏക ദേശം അഞ്ച് വർഷമെങ്കിലും പിറകോട്ട് കൊണ്ടുപോകുമെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ആരോഗ്യഅരക്ഷിതാവസ്ഥ നിലനില്ക്കുന്നതിനാൽ ഉടനെയൊന്നും ആളുകൾ പ്രവാസത്തിന് തയ്യാറാവുകയും ഇല്ല. അതിനാൽതന്നെ വലിയ സാമ്പത്തിക ആഘാതങ്ങളും നാം പ്രതീക്ഷിക്കേണ്ടതുണ്ട്.

രോഗബാധിത പ്രദേശങ്ങളിൽനിന്ന് മലയാളികൾ എത്തിത്തുടങ്ങിയതോടെ നമ്മുടെ നാട്ടിൽ കുറഞ്ഞുനിന്ന കോവിഡ് ബാധിതനിരക്ക് ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്നു. ജൂൺ-ജൂലൈ മാസങ്ങളിൽ അസുഖനിരക്ക് കൂടുമെന്നാണ് വിദഗ്ധാഭിപ്രായം. കൃത്യമായ ആസൂത്രണം വലിയ രോഗപകർച്ച ഒഴിവാക്കും. ആസൂത്രണത്തിലെ പിഴവുകൾക്ക് വലിയ വിലകൊടുക്കേണ്ടിവരും. വളരെ സൂക്ഷ്മതയോടെ ലോക്ഡൗണും മറ്റു കരുതൽ നപടികളും ഇനിയാണ് കൂടുതൽ കർശനമാക്കേണ്ടത്. കൂടുതൽ ടെസ്റ്റുകൾ നടത്തി സമൂഹവ്യാപനം ഉണ്ടായിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഏതെങ്കിലുംതരത്തിൽ വീഴ്ചകൾ സംഭവിച്ചാൽ പഴിമുഴുവനും പ്രവാസസമൂഹത്തിനുമേൽ വരുമെന്ന ആശങ്കയും തള്ളിക്കളയാനാകില്ല.

മേൽപറഞ്ഞ ആശങ്കകൾക്കിടയിലും ചില സാധ്യതകളും ഈ കാലഘട്ടം തുറന്നിടുന്നു. കേരളത്തിൽ വലിയ രീതിയിലുള്ള തൊഴിലാളിനഷ്ടം ഉണ്ടായിട്ടുണ്ട്. അതിഥിതൊഴിലാളികളുടെ മടക്കം, ഇനി അവർ അവരുടെ ഗ്രാമം വിട്ടുവരാൻ വിമുഖത കാണിക്കുമെന്നുള്ള സാധ്യത യാണ് കൂടുതൽ. പ്രവാസികളുടെ തൊഴിൽ നൈപുണ്യം ഫലവത്തായ രീതിയിൽ ഉപയോഗപ്പെടുത്താം. പുതിയ സാങ്കേതികവിദ്യകളുടെ സഹായത്തോടെ പുതിയൊരുതൊഴിൽ സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും. പ്രവാസി മൂലധനം ഇവിടെ വൻതോതിൽ നിക്ഷേപിക്കപ്പെടാനുള്ള ഒരു സാഹചര്യവും മുന്നിലുണ്ട്. പുതിയ മേഖലകൾ തുറക്കപ്പെടുകയും അതിലൂടെ പുരോഗതി കൈവരിക്കാനുള്ള ഒരു സുവർണ്ണാവസരവും ഈ കാലഘട്ടം മുമ്പോട്ടുവയ്ക്കുന്നു.

ചരിത്രം പരിശോധിച്ചാൽ ലോകത്തെ പിടിച്ചുകുലുക്കിയ ഒട്ടനവധി രോഗങ്ങൾ എല്ലാകാലത്തും മനുഷ്യകുലത്തിനു ഭീക്ഷണിയായി ഉയർന്നുവന്നിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്പാനിഷ് ഫ്ളൂ, വസൂരി, ക്ഷയം, കോളറ, പ്ലേഗ് 2014-ൽ പടിഞ്ഞാറൻ ആഫ്രിക്കയിൽ പടർന്നുപിടിച്ച എബോള, 2018-ൽ കോഴിക്കോട് ഉണ്ടായ നിപ്പ വൈറസ്, അങ്ങനെ നമ്മുടെ ചരിത്രത്തിൽ പല മഹാമാരിയും മനുഷ്യനെ ആക്രമിക്കുകയും മനുഷ്യൻ തന്റെ വിവേകവും വിവരവും ഉപയോഗിച്ച് രോഗങ്ങളെ വരുതിയിലാക്കുന്നതും ചരിത്രാവബോധമുള്ള ആർക്കും മനസ്സിലാകുന്നതാണ്. മുകളിൽപറഞ്ഞ രോഗങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിലാണ് പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിൽ കോവിഡ്-19 ലോകത്തെ മുഴുവനായി ബാധിച്ചിരിക്കുന്നു. മനസ്സുണ്ടെങ്കിൽ വഴിയുണ്ട് എന്ന പഴഞ്ചൊല്ല്പോലെ ഉടൻതന്നെ ഇതിനെതിരെയുള്ള ഒരു വാക്സിൻ കണ്ടെത്തിപ്പെടുകയും ലോകം പഴയതുപോലെ ആവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ “ഭയം വേണ്ട ജാഗ്രത മതി.”







# കോവിഡിന്റെ പാഠങ്ങളും കൊറോണാനന്തര ലോകവും



**ഡോ. മനോ ജോസഫ്**
ക്ലിനിക്കൽ ഡയറക്ടർ, ഓൺകോളജി & പാലിയേറ്റീവ് കെയർ, UK

**ഇനിയങ്ങോട്ട് നമ്മുടെ ആരോഗ്യരംഗവും സാമൂഹികജീവിതവും പുതിയ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടുള്ളതായിരിക്കണം. കാരണം ഇത്തരം വൈറസ് ബാധകൾ ഇനിയും നാം മുന്നിൽകാണേണ്ടതുണ്ട്. അതിനാൽ പ്രതിരോധ മുൻകരുതലുകൾ ഇപ്പോഴേ ആരംഭിക്കേണ്ടത് അനിവാര്യമാണ്. കോവിഡാനന്തരലോകം എപ്രകാരമായിരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്ന ലേഖനം.**

**അ**മേരിക്കയിലെ കാലിഫോർണിയയെ ലക്ഷ്യമാക്കി 2001 സെപ്റ്റംബർ 11-ന് പുറപ്പെട്ട നാലു യാത്രാവിമാനങ്ങൾ തീവ്രവാദികൾ ഹൈജാക്ക്ചെയ്ത് വഴി തിരിച്ചുവിട്ടു. അതിൽ രണ്ടെണ്ണം അമേരിക്കയുടെ ഹൃദയഭാഗത്തുള്ള വേൾഡ് ട്രേഡ് സെന്റർ തകർത്തപ്പോൾ മറ്റൊന്ന് അമേരിക്കയുടെ പ്രതിരോധകേന്ദ്രമായ പെന്റഗണിന്റെ ഒരുഭാഗം തകർത്തു. അതുവരെ ലോകത്തിന്റെ ചിന്താഗതി തീവ്രവാദവും ഭീകരപ്രവർത്തനവും കാശ്മീരിലോ അഫ്ഗാനിസ്ഥാനിലോ ലോകത്തിന്റെ ചിലമൂലകളിലോ നടക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ എന്നായിരുന്നു. എന്നാൽ 9/11 ആ മിഥ്യാധാരണകളെല്ലാം തിരുത്തി. ലോകത്തിലെ ഏറ്റവും സുരക്ഷിതം എന്നഹങ്കരിച്ചിരുന്ന അമേരിക്കയുടെ ഹൃദയഭാഗത്തുതന്നെ അതിന്റെ മുദ്രപതിപ്പിച്ചുകൊണ്ട് എല്ലാമനുഷ്യരും ബലഹീനരാണെന്നും ഒരുസമൂഹവും പൂർണ്ണമായി സുരക്ഷിതരല്ലെന്നും ലോകത്തെ പഠിപ്പിച്ചു. 2001-നുശേഷം ലോകസുരക്ഷാ മാനദണ്ഡങ്ങൾമാറി; പുതിയനിയമങ്ങൾ വന്നു; ഏറ്റവുംപ്രധാനമായി ഒരുമനുഷ്യനും ഒരുസമൂഹവും പൂർണ്ണമായിസുരക്ഷിതരല്ല ഈ ലോകത്തിൽ എന്നും, ഈ ലോകത്തെ, ഈ സമൂഹത്തെ സുരക്ഷിതമാക്കാൻ ഓരോ മനുഷ്യനും ഉത്തരവാദിത്ത്വമുണ്ടെന്നും നമ്മെ പഠിപ്പിച്ചു.

പതിനെട്ടു വർഷങ്ങൾക്കുശേഷം ചൈനയിലെ വൂഹാനിൽ ആരംഭിച്ച് ലോകമെങ്ങും മരണങ്ങളും ദുരിത ങ്ങളും സമ്മാനിച്ച് കോവിഡ്-19 എന്ന പകർച്ചവ്യാധി കൊലവിളിനടത്തുമ്പോൾ അതും നമുക്കൊരു മുന്നറിയിപ്പാണ്; ഒരു പുതിയ ലോകത്തിനായി പ്രകൃതിയെ കാത്തുസംരക്ഷിക്കുന്ന, ചുറ്റുപാടുകളെ വൃത്തിയായി സൂക്ഷിക്കുന്ന, ആരോഗ്യം സ്വന്തം ഉത്തരവാദിത്വം ആണെന്നു മനസ്സിലാക്കുന്ന ഒരുപുതിയ സമൂഹത്തിനായി ഉണർന്നെഴുന്നെല്ക്കാനായി ഒരു മുന്നറിയിപ്പ്. ആന്റിസെപ്റ്റിക്കുകളും ആന്റിബയോട്ടിക്കുകളും വാക്സിനു കളുമുള്ള ആധുനികലോകത്തിൽ പ്ലേഗും വസൂരിയുംപോലെയുള്ള പകർച്ചവ്യാധികൾക്ക് സ്ഥാന മില്ലെന്നുള്ള മനുഷ്യന്റെ അഹങ്കാരത്തിനേറ്റ വലിയ തിരിച്ചടി. നമ്മുടെ ഈ ബലഹീനത നമ്മെ ഓർമ്മപ്പെടു ത്തിയത് മനുഷ്യനേത്രങ്ങൾക്കോ സാധാരണ മൈക്രോസ്കോപ്പുകൾക്കോപോലും കാണാനാവാത്തത്ര സൂക്ഷ്മമായ ഒരു വൈറസാണെന്നുള്ളത് ഒരുവിരോധാഭാസമാണ്.

## കൊറോണ പകർച്ചവ്യാധി

2019 ഡിസംബറിൽ ചൈനയിലെ ഹുബേയ് പ്രവിശ്യയിലെ വൂഹാൻനഗരത്തിൽ ഒരു പുതിയതരം ന്യൂമോണിയ പരത്തുന്ന വൈറസിനെ കണ്ടെത്തിയതായി ചൈനീസ് അധികാരികൾ ലോകത്തെ അറിയിച്ചു. വൂഹാൻ നഗരത്തിൽ വവ്വാലിൽ കണ്ടുവരുന്ന കൊറോണ വൈറസുകളെപ്പറ്റി ഗവേഷണം നടത്തിയിരുന്ന രണ്ടു പ്രധാന ലാബുകളുണ്ട്. വൂഹാൻ ഇൻസ്റ്റിട്യൂട്ട് ഓഫ് വൈറോളജിയും വൂഹാൻ സെന്റർ ഫോർ ഡിസീസ് കൺട്രോളും. കോവിഡ്-19 ന്റെ ഉത്ഭവത്തെ സംബന്ധിച്ചുള്ള ഒരു സംശയം വവ്വാലുകളിൽനിന്നുള്ള വൈറ സുകളിൽ പരീക്ഷണം നടത്തിയിരുന്ന ശാസ്ത്രജ്ഞരിലാർക്കോ വൈറസ്ബാധയേൽക്കുകയും അവരിൽനിന്ന് രോഗം മറ്റുള്ളവരിലേക്ക് പകരുകയായിരുന്നു എന്നാണ്. മറ്റൊരു സംശയം ലാബിൽനിന്നും പുറത്തുകളഞ്ഞ മാലിന്യത്തിൽ നിന്നാണ് വൈറസ് പടർന്നതെന്നാണ്. 2020 ജനുവരിയിൽ ചൈന അവരുടെ ലാബുകളിൽ സൂക്ഷിച്ചിരുന്ന കൊറോണ വൈറസുകളെ സുരക്ഷാകാരണം പറഞ്ഞു നശിപ്പിച്ചത് ഈ സംശയങ്ങളുടെ സാധ്യ ത വർദ്ധിപ്പിക്കുന്നെങ്കിലും പലവിദഗ്ധരും പറയുന്നത് ഈ വൈറസുകൾ വവ്വാലുകളിൽ ശക്തിപ്രാപിച്ചശേഷം മനുഷ്യരിലേക്ക് പകരുകയായിരുന്നെന്നും ചൈനീസ് ലാബുകളിലെ പരീക്ഷണങ്ങളുമായി ഈ പകർച്ച വ്യാധിക്ക് ബന്ധമില്ലെന്നുമാണ്.

SARS കോറോണ വൈറസ് 2 എന്നുപേരിട്ടിരിക്കുന്ന വൈറസാണ് ലോകമെങ്ങും കോവിഡ് 19 എന്ന ഈ മഹാമാരി വിതയ്ക്കുന്നത്. ഈ വൈറസിന്റെ ഉത്ഭവം എങ്ങനെയാണെങ്കിലും ഒരു ചൈനീസ് നഗരത്തിലാരം ഭിച്ച് ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ച് ദുരിതങ്ങളും മരണങ്ങളും വിതച്ച് സഞ്ചരിക്കുമ്പോൾ മനുഷ്യൻ ഈ സൂഷ്മാണുവിൽനിന്നു രക്ഷപെടാൻ യാത്രകൾ ഒഴിവാക്കി കുടുംബാംഗങ്ങളിൽനിന്നുപോലും ഒറ്റപ്പെട്ടു കെട്ടിടങ്ങളിലും ഫ്ളാറ്റുകളിലും മുറികളിലും ഒളിച്ചിരിക്കുകയും മുഖംമറച്ച് സംസാരിക്കുകയും സഞ്ചരിക്കുകയും എന്തിനേറേ സഹജീവികളെപ്പോലും പരിചരിക്കാൻ ഭയക്കുകയും ചെയ്യുന്നു. അധികാരകേന്ദ്രങ്ങൾക്കും സാമ്പത്തികശക്തികൾക്കും പിടികൊടുക്കാതെ ലോകത്തെ മുഴുവൻ വിറപ്പിച്ചുകൊണ്ട് ഈ സൂഷ്മാണു സ്വൈര്യവിഹാരം നടത്തുന്നു. ഈ സൂഷ്മാണുവിനെ പേടിച്ച് മാനസികരോഗങ്ങൾ പിടിപെട്ടവരും മാനസികാ സ്വാസ്ഥ്യങ്ങൾ മൂർച്ഛിച്ചവരും ആത്മഹത്യചെയ്തവരും വളരെയുണ്ട്. ഇതിനെ നേരിടാൻ പരിശ്രമിക്കുന്ന രാഷ്ട്രത്തലവന്മാരും അധികാരികളും രോഗികളെ പരിചരിക്കുന്ന ഡോക്ടർമാരും നഴ്സുമാരും മറ്റാരോഗ്യ പ്രവർത്തകരും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരും ഒരേപോലെ പറയുന്ന ഒരു കാര്യമുണ്ട്; ഇതുപോലൊരു പ്രതിസന്ധി ജീവിതത്തിൽ നേരിട്ടിട്ടില്ലായെന്ന്. ഓരോപ്രതിസന്ധിയും ഒരു പുതിയ അവസര മാണെന്നു പറയാറുണ്ട്. ഈ കോറോണ ദുരന്തവും ലോകത്തിനുമുൻപിൽ, മനുഷ്യസമൂഹത്തിനു മുൻപിൽ പുതിയൊരു അവസരം നൽകുകയാണ്. ഒത്തൊരുമയും യോജിച്ചുള്ള പ്രവർത്തനവും തുടർന്നു പോകാനുള്ള ആഹ്വാനം. ഒരു സുരക്ഷിതലോകത്തിനുവേണ്ടി മുന്നോട്ടിറങ്ങാൻ, വർഷങ്ങളായുള്ള പരസ്പരസംശയങ്ങളും, മാത്സര്യവും പകയും ഉപേക്ഷിക്കാൻ അത്യാർത്തിയും അതിമോഹവും മാറ്റിവച്ച് ഈ ലോകവും ഈ പ്രപഞ്ച സമ്പത്തും എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന ബോധ്യത്തോടെ പരസ്പരം സഹകരിച്ച് സഹായിച്ച് പൊതു നന്മയ്ക്കായി രാജ്യത്തിന്റെയും മതത്തിന്റെയും അതിർവരമ്പുകൾക്കപ്പുറം ഒന്നുചേർന്നു പ്രവർത്തിക്കാൻ.

## പകരുന്നരീതി

മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് കഫത്തുള്ളികൾ വഴിയാണ് പ്രധാനമായും ഈ വൈറസ് പകരുന്നത്. ചുമയ്ക്കുകയും തുമ്മുകയും സംസാരിക്കുകയും ചെയ്യുന്ന അവസരങ്ങളിൽ ഏതാണ്ടു രണ്ട് മീറ്ററോളം അകലത്തിലുള്ളവരിൽ ഈ കഫത്തുള്ളികൾക്ക് എത്തിച്ചേരാനും അങ്ങനെ അസുഖം പകരാനും സാധിക്കുന്നു. വൈറസുള്ള പ്രതലത്തിൽ സ്പർശിച്ചതിനുശേഷം കണ്ണിലോ മൂക്കിലോ വായിലോ സ്പർശിച്ചാലും വൈറസ് പകരുന്നതാണ്.

നെബുലൈസർ ഉപയോഗിക്കുമ്പോഴും ക്രത്രിമ ശ്വാസോച്ഛ്വാസം നല്കുമ്പോഴും ചില പ്രത്യേക ആശുപത്രിപരിശോധനകൾ നടത്തുമ്പോഴും ഏറോസോളുകൾ ഉണ്ടാവുകയും ഏറോസോളുകളിലൂടെ വൈറസിന് കൂടുതൽ നേരം അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനും കൂടുതൽ ദൂരം സഞ്ചരിക്കാനും അങ്ങനെ കൂടുതൽ അപകടകാരിയായി പ്രവർത്തിക്കാനും സാധിക്കുന്നു. രക്തത്തിലും കണ്ണുനീരിലും മലത്തിലും ശുക്ള ത്തിലുമെല്ലാം വൈറസിന്റെ സാന്നിദ്ധ്യം കണ്ടിട്ടുണ്ടെങ്കിലും രോഗം പകരുന്നതിൽ ഇതിനു വലിയ പ്രാധാന്യ മുള്ളതായി കരുതപ്പെടുന്നില്ല. കോറോണ വൈറസ്ബാധിതരിൽനിന്ന് രോഗലക്ഷണങ്ങൾ പ്രകടമാകുന്നതിനു മുമ്പുതന്നെ രോഗാണു പകരാവുന്നതാണ്. രോഗലക്ഷണങ്ങൾ കണ്ടതിനുശേഷം ഒൻപതു ദിവസങ്ങൾവരെ രോഗം പകരാൻ ശക്തിയുള്ള വൈറസുകളെ കഫത്തിൽ കണ്ടെത്തിയിട്ടുണ്ട്. ചില രോഗികളിൽ 42 ദിവസങ്ങൾ വരെ വൈറസ് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇത് രോഗമുണ്ടാക്കാൻ ശക്തിയില്ലാത്ത വൈറസുകളായിരുന്നു. അതിനാൽ രോഗലക്ഷണം കണ്ടതിനുശേഷം രണ്ടാഴ്ചയ്ക്കുശേഷം രോഗം പകരാനുള്ള സാധ്യത വിരളമാണ്. രോഗബാധയ്ക്ക് ഏറ്റവും സാധ്യത രോഗികളുടെ കുടുംബാംഗങ്ങൾക്കും രോഗികളെ പരിചരിക്കുന്നവർക്കു മാണ്. വിവിധ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കുമായി ആളുകൾ കൂട്ടംകൂടുമ്പോഴും ജോലിസ്ഥലത്ത് ആളുകൾ അടുത്തിടപഴകുമ്പോളും രോഗം വളരെപ്പേരിലേക്ക് പെട്ടെന്ന് പകരുന്നതായി കണ്ടിട്ടുണ്ട്. ആശുപത്രിക ളിലും രോഗിയുടെ ഭവനത്തിലും രോഗി ഉപയോഗിച്ച വസ്തുക്കളിൽനിന്നുമൊക്കെ രോഗം പകരാനുള്ള സാദ്ധ്യ തയും നിലനിൽക്കുന്നു. രോഗമുക്തരായവരിൽ വൈറസിനെതിരായി ആന്റിബോഡിയുണ്ടാകുന്നതായും അതിന് രോഗപ്രതിരോധശക്തിയുള്ളതായും കണ്ടുവരുന്നെങ്കിലും ഈ സംരക്ഷണം എല്ലാ രോഗികൾക്കും കിട്ടുന്നുണ്ടോ എന്നും അതുപോലെ എത്രകാലം അത് നിലനിൽക്കുന്നെന്നും ഇപ്പോഴും വ്യക്തമായാധാരണയായിട്ടില്ല.

## രോഗലക്ഷണങ്ങൾ

രോഗിയുമായുള്ള സമ്പർക്കത്തിനു ശേഷം ഏകദേശം നാലഞ്ചു ദിവസങ്ങൾക്കുശേഷം രോഗലക്ഷണങ്ങൾ സാധാരണയായി കാണപ്പെടുന്നു. രോഗം ബാധിച്ച എല്ലാവർക്കും 14 ദിവസങ്ങൾക്കുള്ളിൽ ലക്ഷണങ്ങൾ കാണപ്പെടുന്ന തായാണ് ഇപ്പോഴുള്ള നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നത്.

ഏതാണ്ട് 18 ശതമാനം വ്യക്തികൾക്ക് രോഗലക്ഷണങ്ങൾ കാണാറില്ലായെന്നു സൂചനയുണ്ടെങ്കിലും മറ്റൊരു പഠനമനുസരിച്ച് രോഗലക്ഷണ മില്ലാത്തവരിലും എഴുപതു ശതമാനത്തോളം പേരിൽ ശ്വാസകോശത്തിൽ രോഗത്തിന്റെ മാറ്റങ്ങൾ സ്കാനിലൂടെ കാണാൻ സാധിക്കുന്നു എന്ന് മനസ്സിലാക്കുന്നു. ചൈനയിൽ 44500 രോഗികളിൽ നടത്തിയ പഠനമനുസരിച്ച് 81 ശതമാനം രോഗികളിലും ഗുരുതരമല്ലാത്ത രോഗബാധയാണുണ്ടാകുന്നത്. മരണസാദ്ധ്യതയുള്ള ക്രിട്ടിക്കൽ രോഗം അഞ്ച് ശതമാനം പേരിലാണ് കണ്ടത്. എന്നാൽ ഐസിയു (ICU) വിൽ അഡ്മിറ്റുചെയ്യപ്പെടുന്ന രോഗികളിലും ശ്വാസോച്ഛ്വാസത്തിന് വെന്റിലേറ്ററിന്റെ സഹായം ആവശ്യമായിവരുന്ന രോഗികളിലും മരണസംഖ്യ 88 ശതമാനത്തോളമെന്നു കരുതപ്പെടുന്നു. ഗുരുതരമായ രോഗവും മരണവും ആരിലുമുണ്ടാകാമെ ങ്കിലും കൂടുതൽ അപകട സാദ്ധ്യത പ്രായംകൂടിയവരിലും ഹൃദ്രോഗം, ഡയബറ്റിസ്, രക്തസമ്മർദ്ദം, വിട്ടുമാറാത്ത ശ്വസകോശ രോഗങ്ങൾ, ക്യാൻസർ, കിഡ്നിരോഗങ്ങൾ, ശരീരത്തിന്റെപ്രതിരോധശേഷികുറക്കുന്ന അവസ്ഥകൾ, കരൾരോഗങ്ങൾ തുടങ്ങിയ രോഗങ്ങളുള്ളവരിലും അമിതവണ്ണമുള്ളവരിലും അതുപോലെ പുകവലിക്കുന്നവരി ലുമാണ്. പനിയാണ് ഏതാണ്ട് എല്ലാവരിലുംതന്നെ കണ്ടുവരുന്ന ഒരു രോഗലക്ഷണം. മറ്റുലക്ഷണങ്ങൾ ക്ഷീണം, ചുമ, വിശപ്പുകുറവ്, പേശികളുടെവേദന, ശ്വാസംമുട്ടൽ, കഫക്കെട്ട്, രുചിയും മണവും നഷ്ടപ്പെട്ട അവസ്ഥ എന്നിവയാണ്. രോഗ ലക്ഷണങ്ങൾ തുടങ്ങി അഞ്ചുമുതൽ എട്ടുവരെ ദിവസങ്ങൾക്കുശേഷം പ്രത്യക്ഷപ്പെടുന്ന ശ്വാസംമുട്ടൽ കോവിഡ് 19ന്റെ ഒരു പ്രത്യേക സവിശേഷതയാണ്. ഗുരുതരമായ രോഗബാധയുണ്ടാവുന്നവരിൽ ശരീരത്തിലെ വിവിധ അവയങ്ങളുടെ തകരാർ കണ്ടുവരുന്നു.

## സുരക്ഷാമുൻകരുതലുകൾ

രോഗപ്രതിരോധത്തിനായി നമുക്ക് സ്വീകരിക്കാവുന്ന പല സുരക്ഷാമാർഗങ്ങങ്ങളുമുണ്ട്. പൊതുസ്ഥല ങ്ങളിൽ സാമൂഹിക അകലംപാലിക്കുക, കൈകൾ വൃത്തിയായി സോപ്പും വെള്ളവുമുപയോഗിച്ച് ഇടയ്ക്കിടെ കഴുകുക (പ്രത്യേകിച്ച് പൊതുസ്ഥലങ്ങളിൽ ഏതെങ്കിലും പ്രതലങ്ങളിൽ സ്പർശിച്ചതിനുശേഷം), ചുമയ്ക്കു കയും തുമ്മുകയും ചെയ്യുമ്പോൾ വായ്മറയ്ക്കുക, പൊതുസ്ഥലങ്ങളിൽ മാസ്ക് ഉപയോഗിക്കുക, മുഖത്തു പ്രത്യേകിച്ച് വായ്, മൂക്ക്, കണ്ണ് എന്നിവയിൽ സ്പർശിക്കാതിരിക്കുക, പരിസരങ്ങളും പ്രതലങ്ങളും പ്രത്യേകിച്ച് ഇടയ്ക്കിടെ സ്പർശിക്കാറുള്ള സ്ഥലങ്ങൾ ശുചിയായും അണുവിമുക്തമായും സൂക്ഷിക്കുക എന്നിവ രോഗവ്യാപനത്തെ തടയാൻ സഹായിക്കും. രോഗ

സാദ്ധ്യതയുള്ളവർ 14 ദിവസം ക്വാറന്റൈനിൽ കഴിയുകയും മറ്റുള്ളവരെ സന്ദർശിക്കാതിരിക്കുകയും ചെയ്യുക. മറ്റുള്ളവരുമായി ഇടപെടേണ്ട സാഹചര്യങ്ങളുണ്ടായാൽ രണ്ടുമീറ്റർ അകലം പാലിക്കുക.

## പൊതുജനാരോഗ്യപ്രവർത്തനങ്ങൾ

പലരാജ്യങ്ങളിലെ സർക്കാരുകളും രോഗവ്യാപനം തടയാനായി വിവിധരീതിയിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ചിലസ്ഥലങ്ങളിൽ ഇവയ്ക്കെതിരെ പ്രതിഷേധങ്ങളുണ്ടായെങ്കിലും മിക്കരാജ്യങ്ങളിലും ജനസമൂഹം സർക്കാരിനു പിന്തുണനൽകി. സാമൂഹികഅകലം നിർബന്ധമാക്കുക, ലോക്ഡൗൺ (വീടുകളിൽ നിർബന്ധപൂർവം തുടരുക), സ്ക്കൂളുകൾ, പൊതുവേദികൾ, അവശ്യസേവനങ്ങളിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവഅടച്ചിടുക, ആൾക്കൂട്ടങ്ങൾക്ക് വിലക്കേർപ്പെടുത്തുക, യാത്രാവിലക്കുകൾ, യാത്രക്കു മുമ്പുംശേഷവും പരിശോധനകൾ, യാത്രയ്ക്കുശേഷം ക്വാറന്റൈൻ പാലിക്കുക, രോഗബാധിതരെയും അവരുമായി സമ്പർക്ക മുണ്ടായിരുന്നവരെയും കണ്ടെത്തി ക്വാറന്റൈൻ ചെയ്യുക തുടങ്ങിയവ ഇവയിൽ ചിലതാണ്. പലസർക്കാരുകളും വാക്സിനുകൾ നിർമിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും പുതിയ ചികിത്സകൾ പരീക്ഷണാടി സ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്തു.

## കേരളമാതൃക

കോവിഡ് 19 നെ നേരിടുന്നതിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കുമാത്രമല്ല വിദേശരാജ്യങ്ങൾ ക്കുപോലും മാതൃകയാവുകയും ബിബിസിയുൾപ്പെടെയുള്ള മാധ്യമങ്ങളുടെ അഭിനന്ദനത്തിന് പാത്രമാവുകയും ചെയ്തു. ഈ വിജയത്തിന് പല കാരണങ്ങളുണ്ടാവുമെങ്കിലും പ്രത്യേകം എടുത്തുപറയേണ്ടത് ഉറച്ചനേതൃത്വം, ശക്തമായ തദ്ദേശഭരണ സംവിധാനങ്ങൾ, കഴിവുറ്റ ആരോഗ്യസംവിധാനങ്ങൾ ആത്മാർത്ഥതയോടെ പങ്കു ചേരുന്ന ആരോഗ്യമേഖലയിലെ പ്രവർത്തകർ, മികച്ച ജനപങ്കാളിത്തം എന്നിവയാണ്. എന്നാൽ ആരംഭത്തിലെ ഈ വിജയം എന്നും തുടർന്നുകൊണ്ടുപോകാനും അക്ഷീണപരിശ്രമം ആവശ്യമാണ്.

## കോവിഡനന്തര ആരോഗ്യരംഗം

കോവിഡിൽനിന്നുള്ള മോചനം വളരെ സാവധാനമായിരിക്കുമെന്നു മാത്രമല്ല, അതിനുശേഷമുള്ള ആരോഗ്യമേഖല പണ്ടുണ്ടായിരുന്നതിലും വിഭിന്നമായിരിക്കുമെന്നതും സംശയമില്ലാത്തതാണ്. ഈ പകർച്ച വ്യാധി തുറന്നുകാട്ടിയത് ആരോഗ്യമേഖലയിലെ ബലഹീനതകളും പോരായ്മകളുമാണ്. കൊറോണ വൈറസിനെയും മറ്റുപകർച്ച വ്യാധികളേയും പ്രതിരോധിക്കാനും തടഞ്ഞുനിർത്താനുമുതകുന്ന ഒരു നൂതനസംവിധാനമാണ് നമുക്കാവശ്യം.

പ്രതിരോധമാണ് രോഗം വന്നതിനുശേഷമുള്ള ചികത്സയെക്കാൾ പ്രധാനമെന്ന പഴയ ആശയത്തിന് ശക്തി പകർന്നിരിക്കുകയാണ് കോവിഡ്പകർച്ചവ്യാധി. സമീകൃതാഹാരം കഴിക്കുക, അമിതവണ്ണം ഒഴിവാക്കാൻ പരിശ്രമിക്കുക, പതിവായി വ്യായാമത്തിലേർപ്പെടുക, വ്യക്തിപരമായ ശുചിത്വം പാലിക്കുക, പതിവായി കൈകൾ കഴുകി വൃത്തിയായി സൂക്ഷിക്കുക, ചുമയ്ക്കുകയും തുമ്മുകയും ചെയ്യുമ്പോൾ വായ് മറയ്ക്കുക, പൊതുസ്ഥല ങ്ങളിൽ മാസ്ക് ഉപയോഗിക്കുകയും മറ്റുള്ളവരുമായി സാമൂഹിക അകലം പാലിക്കുകയും ചെയ്യുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, പകർച്ചവ്യാധികളുള്ളവരുമായി ഇടപഴകുമ്പോൾ രോഗം പക രാതിരിക്കാനുള്ള പ്രത്യേക മുൻകരുതലുകളെടുക്കുക എന്നിങ്ങനെ ഓരോവ്യക്തിക്കും ചെയ്യാവുന്ന പ്രതിരോധ മാർഗങ്ങളുണ്ട്. പൊതു ജനങ്ങൾക്കായുള്ള യാത്രാസംവിധാനങ്ങളിൽ രോഗപ്രതിരോധത്തിനാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് വളരെപ്രധാനമാണ്. തിങ്ങിനിറഞ്ഞ യാത്രക്കാരുമായി പോകുന്ന ബസ്സുകളും ട്രെയിനു കളും എളുപ്പത്തിൽ രോഗം പകരാനുള്ള സാഹചര്യങ്ങളൊരുക്കുന്നു. ബസ്സുകളിലും ട്രെയിനുകളിലും മറ്റുപൊതു ജനയാത്രാ മാർഗങ്ങളിലും യാത്രക്കാരുടെയെണ്ണം നിയന്ത്രിക്കുന്നതോടൊപ്പം ഓരോവ്യക്തിക്കും പ്രത്യേക സീറ്റുകളും സീറ്റുകൾ തമ്മിൽ അകലമേർപെടുത്താനും സാധിച്ചാൽ ഏതുരോഗവ്യാപനത്തിനും ഒരളവുവരെ നിയന്ത്രണമുണ്ടാകും.

സ്കൂളുകൾ കൂടുതൽ ഓൺലൈൻ പഠനരീതികൾ ഇന്റർനെറ്റിന്റെ സഹായത്തോടെ നടപ്പിലാക്കിത്തുടങ്ങിയിരിക്കുന്നു. ക്ലാസ്റൂമിലുള്ള വിദ്യാഭ്യാസം പൂർണ്ണമായി അവസാനിക്കാൻ സാധ്യതയില്ലെങ്കിലും ഈ രീതിയിലുള്ള വിദ്യാഭ്യാസരീതികൾ തുടരാനും അനുദിന വിദ്യാഭ്യാസത്തിൽ തുടർന്നും വലിയൊരു പങ്കുവഹിക്കാനും സാധ്യതയുണ്ട്. ഷോപ്പുകളിലേയും മാളുകളി

ലേയും തിരക്കുകളൊഴിവാക്കാൻ ഇന്റർനെറ്റ്വഴിയുള്ള ഷോപ്പിങ്ങും ഹോം ഡെലിവെറിയും കൂടുതൽ പേർ സ്വീകരിക്കും. റസ്റ്റോറന്റിൽപോയി ഭക്ഷണം കഴിക്കുന്നതി നേക്കാൾ വീട്ടിൽ ഭക്ഷണമെത്തിക്കുന്ന സംവിധാനങ്ങൾ കൂടുതൽ പേർക്കും സ്വീകാര്യമാകുന്ന സാഹചര്യങ്ങൾ പ്രതീക്ഷിക്കാം. റസ്റ്റോറന്റുകളിലും ഹാളുകളിലും ഒരുസമയം എത്രപേർക്കു പ്രവേശിക്കാമെന്നതിനും സീറ്റുകൾ തമ്മിലുള്ള അകലം സംബന്ധിച്ചും വ്യക്തമായനിർദേശങ്ങൾ ആവശ്യമായിവരും. പൊതുപരിപാടികളിലെല്ലാം ഇതുപോലെയുള്ള നിയന്ത്രണങ്ങൾ തുടർന്നും ആവശ്യമായിവരും. എയർപോർട്ടുകളിൽ വന്നിറങ്ങുന്ന യാത്ര ക്കാരെ സുരക്ഷാപരിശോധനയോടൊപ്പം ആരോഗ്യപരിശോധനയ്ക്കു വിധേയമാക്കുന്നതും ആവശ്യമായ സന്ദർഭങ്ങളിൽ ക്വാറന്റൈൻ ഏർപ്പെടുത്തുന്നതും സ്ഥിരമാക്കേണ്ടിവന്നേക്കാം.



ഭാവിയിലെ ആശുപത്രികൾ രോഗങ്ങൾ പകരുന്നതു തടയാൻ ജനറൽ വാർഡുകൾ കഴിയുന്നതും ഒഴി വാക്കുകയും ഓരോരോഗിക്കും പ്രത്യേകമുറികൾ ഉപയോഗിക്കാനുമാണ് സാധ്യത. അതോടൊപ്പം ഓപ്പറേഷൻ തിയേറ്ററുകളും അനുബന്ധവാർഡുകളും മറ്റുരോഗികളെ അഡ്മിറ്റുചെയ്യുന്ന വാർഡുകളിൽ നിന്നകന്ന് അണുവിമുക്തമായ കെട്ടിടങ്ങളായി രൂപകല്പനചെയ്യുകയും മെഡിക്കൽ വാർഡുകളിലും ഈ അണുവിമുക്ത വാർഡുകളിലും വെവ്വേറേ ആരോഗ്യപ്രവർത്തകർ ജോലിചെയ്യുന്നതും രോഗപ്രതിരോധത്തിനുപകരിക്കും. ആശുപത്രിവിഭാഗങ്ങൾക്ക് പ്രത്യേക ലാബുകളും എക്സ്റേ, സ്കാൻ വിഭാഗങ്ങളും ഉണ്ടായിരിക്കുന്നത് രോഗ പ്രതിരോധത്തിനുപകരിക്കും.

രോഗവ്യാപനം തടയുന്നതിനു പ്രയോജനകരമായ മറ്റൊരുകാര്യം, ആശുപത്രികളിൽ വരുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുകയും ആവശ്യമില്ലാത്ത ആശുപത്രിയാത്രകൾ ഒഴിവാക്കുകയുമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻ സംവിധാനങ്ങളും വീഡിയോയിലൂടെയുള്ള കൺസൾട്ടേഷനുകളും ടെലിമെഡിസിനും പലരാജ്യങ്ങ ളിലും ആശുപത്രിയിലേക്കുള്ള രോഗികളുടെ വരവുകുറയ്ക്കുന്നുവെന്നു മാത്രമല്ല, പല രോഗികൾക്കും കൂടുതൽ പ്രയോജനകരമായി അനുഭവപ്പെടുകയും ചെയ്യുന്നു. പുതിയ രോഗികളുടെ രോഗവിവരങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻ സംവിധാനങ്ങൾ ഉപയോഗിച്ച് സ്ക്രീനിംഗ് നടത്തിയാൽ ഏതു സ്പെഷലിസ്റ്റിനെ കാണണമെന്നും എത്രഗുരുതരമാണെന്നും തുടക്കത്തിൽത്തന്നെ മനസ്സിലാക്കാനും ആവശ്യമില്ലാത്ത ആശുപത്രിയാത്രകൾ ഒഴിവാക്കാനും സാധിക്കും. തുടർന്ന് വലിയൊരു ശതമാനം രോഗാവലോകവനവും വീഡിയോ കൺസൾറ്റേഷൻ വഴിനടത്താനും ചികിത്സ നിർദ്ദേശിക്കാനും സാധിക്കും. അങ്ങനെ വലിയൊരുവിഭാഗം രോഗികൾ ആശുപത്രിയിൽ വരുന്നത് ഒഴിവാക്കാനും വരുന്ന രോഗികൾ ശരിയായ സ്പെഷ്യലിസ്റ്റിനെ ആദ്യമേതന്നെ കാണാ

നും ഗുരുതരാവസ്ഥയിലുള്ളവർക്ക് എത്രയുംപെട്ടന്ന് പരിശോധനയും ചികിത്സയും ലഭിക്കാനും സാധിക്കുന്നു.

കട്ടിയേറിയ കീമോതെറപ്പി ചികിത്സകളുൾപ്പടെ മിക്കവാറും എല്ലാചികിത്സകളും രോഗിയുടെ വീടുകളിൽ നല്കാൻ പ്രത്യേകം പരിശീലനം ലഭിച്ച വിദഗ്ധനഴ്സ്മാരുടെ സഹായത്തോടെ സാധിക്കുന്നതാണെന്നു മാത്രമല്ല ആശുപത്രിയിൽ മറ്റുരോഗികളിൽ നിന്ന് പകർച്ചവ്യാധികൾ പകരാൻ സാധ്യതയുള്ളതിനാൽ കൂടുത ൽ സുരക്ഷിതമായിരിക്കുകയും ചെയ്യും. ഐസിയു ചികിത്സയോ വെന്റിലേറ്റർ സഹായമോ വീടുകളിൽ വിദഗ്ധ നഴ്സുമാരുടെ സഹായത്തോടെ നൽകുകയും അത് വീഡിയോ കൺസൾറ്റേഷനും ടെലിമെഡിസിനുംവഴി ഐസിയു വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാർക്ക് നിയന്ത്രിക്കാനുമുള്ള സംവിധാനം ചിലരാജ്യങ്ങളിൽ പരീ ക്ഷിച്ചു വിജയംകണ്ടിട്ടുള്ളതാണ്. കൂടുതൽ ഓപ്പറേഷനുകളും മറ്റും ആവശ്യമായിവരുന്ന ചികിത്സകൾക്കായി പ്രവേശനം നൽകുന്നതും അങ്ങനെ രോഗികൾ ആശുപത്രിയിൽ അഡ്മിറ്റാകുന്നത് കുറയ്ക്കുന്നതും രോഗ വ്യാപനം തടയാൻ സഹായിക്കും.

ചുരുക്കത്തിൽ, കോവിഡ് പകർച്ചവ്യാധി ആരോഗ്യരംഗത്തെ മുഴുവൻ പുതിയ ഒരു പാതയിലേക്ക് നയി ക്കുകയാണ്. ഇനിയും കോവിഡിനുശേഷം ഉയിർത്തെഴുന്നേൽക്കുന്ന ആരോഗ്യരംഗം പഴയതിൽ നിന്നും വിഭിന്ന മായിരിക്കും. അതിലേക്കുള്ള ചുവടുവയ്പ്പിനായി ദീർഘവീക്ഷണമുള്ള ഒരു നേതൃത്വം, ആരോഗ്യരംഗത്ത് പ്രത്യേകിച്ച് രോഗപ്രതിരോധരംഗത്തും പുതിയടെക്നോളജികൾ സ്വീകരിക്കാനും അതിനായി മുതൽമു ടക്കാനും തയ്യാറുള്ള ഒരു നേതൃത്വം ആവശ്യമാണ്. അതോടൊപ്പം പ്രൈവറ്റ് ഗവൺമെൻറ് മേഖലകളുടെ യോജിച്ചുള്ള പ്രവർത്തനം ജനങ്ങളുടെയും പൊതുജനസംഘടകളുടെയും പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. ഒരു ഭൂകമ്പത്തിനുശേഷമോ പ്രളയത്തിനുശേഷമോ നാട് പുനരുദ്ധരിക്കുന്നതുപോലെ നമ്മുടെ ആരോഗ്യത്തിന്റെ സമസ്തമേഖലകളിലും ഒരുപുനർനിർമാണത്തിന് ഈ പകർച്ചവ്യാധി കളമൊരുക്കുന്നു.













# കോവിഡിന്റെ പാഠവും സഭയുടെ ഇടപെടലും



**ഡോ. വർഗ്ഗീസ് വള്ളിക്കാട്ട്**
ഡപ്യൂട്ടി സെക്രട്ടറി, KCBC

**കോവിഡ് 19 കവർന്നെടുത്ത മനുഷ്യമരണനിരക്ക് അനുദിനം പെരുകുമ്പോഴും കോവിഡിന്റെയും അനുബന്ധമായുള്ള ലോക്ഡൗണിന്റെയും അനന്തരഫലമായി ലോകജനത അനുഭവിക്കുന്ന സാമൂഹിക-സാമ്പത്തിക-ആരോഗ്യ- ആധ്യാത്മിക ശോഷണം കണക്കുകൾക്കും വിവരണങ്ങൾക്കുമപ്പുറമാണ്. ഈ മാഹാമാരിക്കാലം വരുത്തിയ മഹാവിപത്തിന് കേരളകത്തോലിക്കാസഭയുടെ കരുതൽ, താങ്ങും തണലുമായിരുന്നു. സഭ ഇനിയും നടത്തേണ്ട ശുശ്രൂഷകളെക്കുറിച്ചാണ് ഈ ലേഖനം.**

**കോ**വിഡാനന്തരകാലത്തെപ്പറ്റിയുള്ള ആലോചനകളും ചർച്ചകളും എല്ലായിടത്തും സജീവമാകുകയാണ്. സംസ്ഥാനങ്ങൾ ലോക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചുവെങ്കിലും എല്ലാം പഴയപടിയാകും എന്ന് ആരുംതന്നെ ചിന്തിക്കുന്നില്ല. ലോക്ക്ഡൗൺ കഴിഞ്ഞാലും കൊറോണ വൈറസും കോവിഡ് 19 എന്ന രോഗവും അത് ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഏൽപ്പിച്ച ആഘാതവും ഏറെക്കാലം നിലനിൽക്കും. ഫലപ്രദമായ പ്രതിരോധ വാക്സിനുകളോ മരുന്നുകളോ കണ്ടെത്തുന്നതുവരെ കോവിഡ്, മനുഷ്യവർഗത്തിന് ഒരു ഭീഷണി തന്നെയായിരിക്കും.നിരന്തരം രൂപമാറ്റം വരാവുന്ന കോവിഡ് വൈറസ് ഇനി എങ്ങനെയെല്ലാമായിരിക്കും ഭാവിയിൽ അതിന്റെ വിശ്വരൂപം കാട്ടുക എന്ന് യാതൊരു നിശ്ചയവും ആർക്കുമില്ല. 2019 വരെ ജീവിച്ച രീതികളിലേക്കും അനുഭവിച്ച സ്വാതന്ത്ര്യങ്ങളിലേക്കും എത്രമാത്രം തിരിച്ചുപോകാൻ കഴിയും എന്ന് പറയാൻ സമയം ആയിട്ടില്ല. ഇപ്പോൾ തന്നെ, ഏറെക്കാര്യങ്ങൾ നമ്മൾ വേണ്ടെന്നു വച്ചിരിക്കുന്നു. അതിലേറെ നിയന്ത്രണങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലയിലും ന

മ്മൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏറെക്കാര്യങ്ങൾ പുതുതായി ശീലിച്ചുകൊണ്ടിരി ക്കുന്നു. പല നിയന്ത്രണങ്ങളോടും നമ്മൾ പൊരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകം മാറുകയാണ്. നമ്മുടെ ശീലങ്ങളും.ലോകത്തിന്റെ സാമ്പത്തികസ്ഥിതി അകെ തകിടം മറിഞ്ഞിരിക്കുകയാണ്. ഉല്പാദന മേഖലയും വാണിജ്യ വ്യവസായമേഖലകളുമെല്ലാം ഒരു പോലെ സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. ദിവസവരുമാനക്കാരായ അസംഘടിത തൊഴിലാളികൾക്കും ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കും കൃഷിക്കാർക്കും കർഷകതൊഴിലാളികൾക്കും മൽസ്യബന്ധനം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർക്കുമെല്ലാം ലോക്ക്ഡൗൺ രൂക്ഷമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

ലോക്ക്ഡൗണിൽ അടച്ചിരുന്നു ജീവൻ സംരക്ഷിക്കാമെങ്കിലും ജീവിതം തിരിച്ചുപിടിക്കണമെങ്കിൽ , മനുഷ്യ പ്രയത്നത്തിന്റെയും പ്രവർത്തനങ്ങളുടെയും എല്ലാ മേഖലകളും സജീവമാകേണ്ടിയിരിക്കുന്നു. കരയിലും കടലിലും ആകാശത്തും വാഹനങ്ങൾ ഓടിത്തുടങ്ങണം. കടകമ്പോളങ്ങൾ തുറന്നുപ്രവർ ത്തിക്കണം. ജീവസന്ധാരണത്തിനും അനുദിന വരുമാനത്തിനുമുള്ള മാർഗങ്ങൾ തുറന്നു കിട്ടണം. ഉല്പാദന, വ്യവസായ, നിർമാണമേഖലകൾ പ്രവർത്തന നിരതമാകണം. വളരെക്കാലമായി അവഗണന നേരിട്ട് തകർച്ച യിലായിരിക്കുന്ന കാർഷികമേഖലയും മൽസ്യബന്ധനം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളും സജീവമാകണം. സർക്കാർ ഹ്രസ്വകാല - ദീർഘകാല പദ്ധതികൾ ഇതിനായി ആവിഷ്ക്കരിച്ചു നടപ്പാക്കണം. അതിരൂക്ഷമായ ഭക്ഷ്യക്ഷാമത്തിലേക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് ലോകഭക്ഷ്യ സംഘട നതന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സാധാരണക്കാരുടെ കൈകളിൽ പണം എത്തുകയും അത് വിപണിയെ ഉണർത്തുകയും ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക പാക്കേജുകൾ ഉടൻ പ്രഖ്യാപിച്ചു ഫല പ്രദമായി നടപ്പാക്കാൻ സർക്കാരുകൾക്ക് കഴിയണം. ഒപ്പം, വാണിജ്യവ്യവസായ മേഖലകൾക്ക് ഉണർവു പകരുന്ന ആശ്വാസനടപടികളും ഉണ്ടാകണം.

കുറേക്കൂടി പ്രകൃതിയോട് ചേർന്നും ലളിതമായും ജീവിക്കാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു എന്നതി ന്റെ ഒരു സൂചനകൂടിയാവാം കോവിഡ്! പ്രകൃതിയുടെയും ദരിദ്രരുടെയും നീതിക്കുവേണ്ടിയുള്ള നിലവിളിയെ അവഗണിക്കരുതെന്നു ഫ്രാൻസിസ് പാപ്പാ നിരന്തരം മനുഷ്യ സമൂഹത്തെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രസക്തി ഇനിയും നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രീതികളിൽ കാതലായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട് കോവിഡ്. സാമൂഹ്യ അകലം പാലിക്കുക, ഓരോരുത്തരും സ്വയം സംരക്ഷിക്കുന്നതിനാവശ്യമായ മുൻകരുതലുകളും പെരുമാറ്റക്രമീക രണങ്ങളും ശീലിക്കുക, ഒത്തുചേരലുകൾ പരമാവധി ഒഴിവാക്കുക തുടങ്ങിയ കൊറോണക്കാല പെരുമാറ്റ ച്ചട്ടങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടപ്പാക്കുക എന്നത് വലിയതോതിൽ വെല്ലുവിളി ഉയർത്തും. ചിലരെല്ലാം ഓൺലൈൻ ക്ലാസുകൾ ഇപ്പോൾത്തന്നെ പരീക്ഷിച്ചുതുടങ്ങിയിട്ടുണ്ട്. അവയൊക്കെ എത്ര ത്തോളം ഫലപ്രദമാകും എന്ന് പറയാറായിട്ടില്ല. പുതിയ തലമുറ ഒരുപക്ഷെ മാറ്റങ്ങളോട് വേഗം പൊരുത്തപ്പെട്ടു എന്ന് വരാം. അധ്യാപകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിലവിലുള്ള മറ്റു സംവിധാനങ്ങൾ എല്ലാം ഈ രംഗത്തെ പുതിയ മാറ്റങ്ങളും അതുയർത്തുന്ന വെല്ലുവിളികളും ഏറ്റെടുക്കാൻ സജ്ജരാകേണ്ടിയിരിക്കുന്നു. കോവിഡ് സൃഷ്ടിച്ച സാമ്പത്തികപ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ, സഭയുടെ വിദ്യാഭ്യാസസ്ഥാ പനങ്ങളിൽ അർഹരായകുട്ടികൾക്ക് ആവശ്യമായ ഫീസ് സൗജന്യവും മറ്റ് ആനുകൂല്യങ്ങളും ഏർ പ്പെടുത്തുകയും കോവിഡ് മൂലമുണ്ടാകുന്ന മാനസികപിരിമുറുക്കവും അനുബന്ധ പ്രശ്നങ്ങളും പരിഹ രിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുകയും വേണമെന്ന് സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേതൃത്വം നൽകുന്നവർക്ക് KCBC നിർദേശം നൽകിയിട്ടുണ്ട്.

ആധ്യാത്മിക സാംസ്കാരികരംഗങ്ങളിലും കോവിഡ് വലിയമാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. സാമൂഹ്യ ജീവിതത്തിന്റെ പ്രധാനമേഖലകളായ ആധ്യാത്മിക-സാംസ്കാരിക രംഗങ്ങളെല്ലാംതന്നെ, കോവിഡിനോട നുബന്ധിച്ചുള്ള ലോക്ക് ഡൗണിൽ നിശ്ചലമായിരിക്കുകയാണ്. ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയും തിരുക്കർമ്മങ്ങളും നടത്തുന്നതിന് വിലക്കില്ലെങ്കിലും വിശ്വാസികൾക്ക് അതിൽ പങ്കെടുക്കുന്നതിന് നിയന്ത്രണങ്ങളുണ്ട്. വീടിന്റെ അകത്ത

ളങ്ങളിലും ചുറ്റു വട്ടത്തുമായി ഓരോ വ്യക്തിയുടെയും ജീവിതവൃത്തം ചുരു ങ്ങിയിരിക്കുന്നു. ഇല കൊഴിയുന്നതുപോലെ മനുഷ്യർ കൊഴിഞ്ഞു വീഴുന്ന വാർത്തകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും എത്തിക്കൊണ്ടിരുന്ന പേടിപ്പെടുത്തുന്ന ദിനരാത്രങ്ങൾ! മാർച്ച് 27- നു ശൂന്യമായ വത്തിക്കാൻ ചത്വരത്തിനുമധ്യേ ഫ്രാൻസിസ് പാപ്പയോടൊപ്പം ലോകം ദിവ്യകാരുണ്യനാഥനു മുൻപിൽ മുട്ടുകുത്തി ദൈവകാരുണ്യത്തിനുവേണ്ടി യാചിച്ച നിമിഷങ്ങൾ മറക്കാനാവുമോ? ദൈവാലയങ്ങൾ അടഞ്ഞു കിടന്നപ്പോൾ ഒരുകാര്യം നമ്മൾ തിരിച്ചറിഞ്ഞു: നമ്മുടെ കുടുംബങ്ങൾ ദൈവാലയങ്ങളാകുന്നു! ഒപ്പം, സഭയിലെ ഇടയന്മാർ വിശ്വാസികളെ അനുധാവനം ചെയ്യുന്നതിൽ ഒരു പുതിയമാനം കൈവരിക്കുകയായിരുന്നു. നേരിട്ട് എത്താതെതന്നെ കടന്നുചെല്ലുന്ന കരുതലിന്റെയും സാന്ത്വനത്തിന്റെയും ധൈര്യംപകരുന്ന സാന്നിധ്യം! ഓരോ വിശ്വാസിയെയും അവരവർ ആയിരിക്കുന്ന ഇടങ്ങളിലും അവസ്ഥയിലും അനുധാവനം ചെയ്യുന്ന അജപാലനസാന്നിധ്യം! ഭൂരിഭാഗം വൈദികരും സന്ന്യസ്തരുമൊക്കെ ഇത്തരം പുതിയ രീതികളോട് ഇനിയും പൊരുത്തപ്പെട്ടുവരുന്നതേയുള്ളു. എങ്കിലും, വ്യത്യസ്തമായ അജപാലന മാതൃകകൾ പലതും ഈ കോവിഡ് കാലം നമുക്ക് പരിചയപ്പെടുത്തി. ലോക്ക്ഡൗൺ കാലം കഴിഞ്ഞാലും സഭ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ നിരവധിയാണ്. മനുഷ്യന്റെ ജീവൽ പ്രശ്നങ്ങളോട് പ്രതികരിക്കാതെ സഭക്ക് അതിന്റെ ശുശ്രൂഷയിൽ മുന്നോട്ടുപോകാനാവില്ല. മനുഷ്യന്റെ ആവശ്യങ്ങളോടും പരിമിതികളോടും സാധ്യതകളോടും സുവിശേഷാത്മകമായി പ്രതികരിച്ചുകൊണ്ടാണ് സഭ അതിന്റെ ദൗത്യം നിർവഹിക്കുന്നത്. കൊറോണക്കാലം, വിശിഷ്യാ ലോക്ക്ഡൗൺ കാലം സഭയിൽ ശുശ്രൂഷയുടെ അനേകം സാധ്യതകൾ പരീക്ഷിക്കപ്പെട്ടു. രൂപത സോഷ്യൽ സർവീസ് സൊസൈറ്റികൾ പ്രതിരോധ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അതാത് ജില്ലാ ഭരണകൂടവുമായി സഹകരിച്ച് രൂപതകളിൽ നേതൃത്വം നൽകി വരുന്നു. കോവിഡിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണവും വിതരണവും അതിഥി തൊഴിലാളികൾക്കും പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കും ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കൽ, ഭക്ഷണ കിറ്റ് തയ്യാറാക്കി വിതരണം ചെയ്യൽ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ സഭയുടെ വിവിധ തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി നടന്ന പ്രവർത്തനങ്ങൾക്ക് ഇതിനോടകം KCBC ഓഫീസിൽ ലഭിച്ച കണ ക്കുകൾ അനുസരിച്ച് 10,07,29,745 രൂപയും (മെയ് 11) ഇടവകകളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്ത നങ്ങൾക്ക് 21,20,89,968 രൂപയും സന്ന്യസ്ത സമൂഹങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് 12,87,18,280 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഏപ്രിൽ 30 വരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും കണക്കും ഓരോ രൂപതയും സോഷ്യൽ സർവീസ് സൊസൈറ്റിയും സന്ന്യാസ സമൂഹവും KCBC സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, രൂപതകളിൽനിന്നും സന്ന്യാസ സമൂഹങ്ങളിൽനിന്നും സമാഹരിച്ച്, 1,03,50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് KCBC സംഭാവന ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തു ലോക്ക് ഡൗൺ പ്രഖ്യാപിച്ച അവസരത്തിൽത്തന്നെ കത്തോലിക്കാ സഭയുടെ ആശുപത്രികളും ആരോഗ്യ മേഖലയിൽ ശുശ്രൂഷ ചെയ്യുന്നവരും സർക്കാരുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള സന്നദ്ധത സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ, സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, സ്റ്റഡിഹൗസുകൾ, പാസ്റ്ററൽസെന്ററുകൾ, ധ്യാന കേന്ദ്രങ്ങൾ, സാമൂഹിക ക്ഷേമ സംവിധാനങ്ങൾ എന്നിവയുടെ വിശദവിവരങ്ങളും അവിടെ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങളും അതതു ജില്ലാ ഭരണാധികാരികൾക്ക് കൈമാറിയിരുന്നു. പ്രവാസി മലയാളികളുടെ ക്വാറന്റൈൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഓരോ ഇടവകയും അതതു പ്രദേശത്തുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താൻ പ്രാദേശികതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റു സന്നദ്ധ സംഘടന കളുമായും സഹകരിച്ചു തുടർന്നും പ്രവർത്തിക്കേണ്ടതുണ്ട്. ലോക്ക്ഡൗൺ കഴിയുന്ന മുറക്ക് തിരിച്ചു വരുന്ന മദ്യം കുടുംബങ്ങളിലും സമൂഹത്തിലും നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കുകയും കോവിഡ് കാലത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യും. നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിഡ് ഏൽപ്പിച്ചി

ട്ടുള്ള സാമ്പത്തിക ആഘാതം വലുതാണ്. ഓരോ വ്യക്തിയും കുടുംബവും ഇതിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കുന്നുണ്ട്. പരസ്പരം കരുതുന്ന ഒരു സമൂ ഹം എന്ന നിലയിൽ ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതിനു ഓരോ ഇടവകയും സജ്ജമാകേണ്ടിയി രിക്കുന്നു. ദരിദ്രരെ പ്രത്യേകം കരുതുകയും ദാരിദ്ര്യത്തിന്റെ അരൂപി സ്വയം ഉൾക്കൊള്ളുകയും ചെയ്യുന്ന സഭ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക പരാധീനത നമ്മുടെ കുടുംബാന്തരീക്ഷം കലുഷിത മാക്കാൻ നമ്മൾ അനുവദിക്കരുത്. പരസ്പരം താങ്ങും തണലുമാവാൻ നാം ജാഗ്രതയുള്ളവരാകണം. യുവജന ങ്ങളും അല്മായനേതൃത്വവും വൈദികരും പ്രാദേശികമായ പ്രശ്നങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കാൻ സന്നദ്ധ രാകണം. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഈ കൊറോണാകാലത്തു സഭ എന്തായിരുന്നു, എ വിടെയായിരുന്നു, എന്ത് ചെയ്യുകയായിരുന്നു എന്നത് അതിപ്രധാനമാണ്. കൊറോണക്കാലത്തെ സഭ, അ തിനുശേഷമുള്ള സഭയുടെ സ്വഭാവവും പ്രസക്തിയും നിർണയിക്കും എന്നതിൽ സംശയമില്ല.

ദൈവാലയങ്ങൾ അടച്ചിടണം എന്നും ജനങ്ങൾ ഒരുമിച്ചു കൂടുന്നത് ഒഴിവാക്കണമെന്നും പരമാവധി സാമൂഹ്യഅകലം പാലിക്കണമെന്നും നിഷ്കർഷിക്കപ്പെട്ട ഇക്കാലത്താണ് സഭ യഥാർത്ഥത്തിൽ ജനങ്ങളി ലേക്ക് എത്തിയത്. ജനങ്ങളോടൊപ്പവും ജനങ്ങൾക്കുവേണ്ടിയും നിലകൊള്ളുന്ന വ്യക്തികളും പ്രസ്ഥാന ങ്ങളും സംവിധാനങ്ങളുമാണ് സഭ എന്ന അനുഭവപരമായ തിരിച്ചറിവ് വിശ്വാസികൾക്കും സമൂഹത്തിനും ഉണ്ടാകുമ്പോഴാണ് സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകുന്നത്. ഭീതിയുടെയും പരാജയബോധത്തിന്റെയും ആകുലതയുടെയും നാളുകളിൽ ആശ്വാസവും പ്രത്യാശയും നൽകുന്ന സാന്നിധ്യമാകാൻ അതിനു കഴിയുന്നു എന്നതിലാണ് സഭ അതിന്റെ തനിമ കണ്ടെത്തുന്നത്. സഭ അതിന്റെ മിഷണറിസ്വഭാവവും തനിമയും വീ ണ്ടെടുക്കുന്ന സമയവും സന്ദർഭവും ആയിരിക്കണം ഈ കോവിഡ് കാലം. യേശുവിനും ഉണ്ടായിരുന്നു ഒരു ലോക്ക്ഡൗൺ കാലം! അവിടുന്ന് അതിനെ അതിജീവിച്ചത് മനുഷ്യവർഗത്തിനു മുഴുവൻ ഉയിർത്തെഴുന്നേൽ പ്പിന്റെ പ്രത്യാശ പകർന്നുകൊണ്ടായിരുന്നല്ലോ. ലോകത്തിനു പ്രത്യാശയുടെ വെളിച്ചം പകരാൻ കോവിഡ് കാലത്തെ സഭക്ക് കഴിയണം. ■







# കൊറോണ കൊണ്ടുവന്ന സാമൂഹിക വിപ്ലവം

**ഡോ. സിബി മാത്യൂസ്** (IPS)
**മുൻ ഡയറക്ടർ ജനറൽ ഓഫ് പൊലിസ്**

**നിയമപാലകരും പരിസ്ഥിതിസംരക്ഷകരുമൊക്കെ തോൽവി സമ്മതിച്ച് മാറുന്നിടങ്ങളിൽ കൊറോണാ വൈറസെന്ന അതിസൂക്ഷ്മജീവി വരുത്തിയ മാറ്റങ്ങൾ ചിന്തകൾക്കുമുപരിയാണ്. പരിസ്ഥിതി മലിനീകരണവും അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവും ഇല്ലാതായപ്പോൾ വിമലീകരിക്കപ്പെട്ടത് എണ്ണമറ്റ കാര്യങ്ങൾ. കോവിഡ് 19 ഭീതിയും മരണവും ആശങ്കകളും പരത്തിയെങ്കിലും അക്ഷരാർത്ഥത്തിൽ വലിയൊരു സാമൂഹികമാറ്റത്തിനാണ് ഇട നല്കിയിട്ടുള്ളത്. ആ മാറ്റങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ.**

ഓസോൺ പാളിയിലെ വിള്ളലും അടഞ്ഞു, അന്തരീക്ഷ മലിനീകരണവും കുറഞ്ഞു. ഗാന്ധിയന്മാരും ആദർശത്തിന്റെ ആൾരൂപമായ രാഷ്ട്രീയനേതാക്കന്മാരും സാഹിത്യകാരന്മാരുമൊക്കെ നിരവധി വർഷങ്ങളായി ഉൽബോധിപ്പിച്ചിട്ടും നടക്കാത്ത വൻകാര്യങ്ങൾ, കണ്ണിനും കണ്ണാടിക്കും കാണാനാകാത്ത ഒരു 'കുഞ്ഞൻ' വൈറസ് സാധിച്ചെടുത്തു. അതെ, കൊറോണ വൈറസ് രോഗാണുക്കൾ, ലോകത്തിന്റെ ഭാവിവ്യവസ്ഥിതി തന്നെ വെറും മൂന്ന് മാസംകൊണ്ട് മാറ്റിമറിച്ചു.

ആർഭാടപൂർണമായ അടിപൊളി ജീവിതം, വർണശബളമായ ഡാൻസ് പാർട്ടികൾ, നുരഞ്ഞുപൊങ്ങുന്ന മദ്യം വിളമ്പുന്ന ക്ലബ്ബ്കളിലെ രാത്രികാല ഒത്തുചേരലുകൾ, ഇതൊക്കെ ഇനി സാധ്യമാകില്ലെന്ന് വന്നിരിക്കുന്നു! സിനിമാശാലകളും കള്ളപ്പണം വെള്ളംപോലെ ഒഴുക്കി കെട്ടിപ്പൊക്കിയ 'മാളുകളും' അടഞ്ഞു കിട

ക്കുക യാണ്. സാമൂഹ്യവിരുദ്ധതയുടെ വിജയം വിളംബരംചെയ്യുന്ന കുറെ സിനിമകളും റിലീസ് ചെയ്യാനാകാതെ പെട്ടിക്കുള്ളിൽ വിശ്രമിക്കുന്നു എന്നതും സമൂഹത്തിനു സത്യത്തിൽ നന്മയല്ലാതെ മറ്റൊന്നുമല്ല.



മൂവായിരവും അതിലധികവും അതിഥികളെ, നാടിന്റെ നാനാഭാഗത്തുനിന്നും ക്ഷണിച്ചുവരുത്തി 'ഇവന്റ് മാനേജ്മെന്റ്'കാരുടെ കോപ്രായങ്ങൾ സ്റ്റേജിൽ അവതരിപ്പിച്ചിരുന്ന ആർഭാടവിവാഹങ്ങൾ എത്രവേഗം നിർത്തിവയ്ക്കാൻ കോറോണക്ക് കഴിഞ്ഞു! യഥാർത്ഥത്തിൽ ഏറ്റവും അടുത്ത ബന്ധുക്കളും സ്നേഹിതരും മാത്രം പങ്കെടുക്കുന്ന ലളിതമായ ചടങ്ങുകളായിരുന്നു അഭികാമ്യം. പക്ഷെ പണക്കൊഴുപ്പ് കാണിക്കാൻ ചിലരൊക്കെ ചെയ്തതു പിന്നെപ്പിന്നെ നാട്ടുനടപ്പായി മാറിയിരുന്നു. അതുപോലെതന്നെയാണ് നാടുമുഴുവൻ ആദരാഞ്ജലികൾ അർപ്പിക്കാനും പൊതുദർശനത്തിന്വച്ച് ആൾക്കൂട്ടം വരാനും പിന്നെ പൊലീസ് ആചാരവെടിമുഴക്കുന്ന സംസ്കാരചടങ്ങുകളുമൊക്കെ ആരും നിയമംമൂലം വിലക്കാതെതന്നെ 'കൊറോണാ പ്പേടിയിൽ' പലരും വേണ്ടെന്നുവച്ചു.

നമ്മുടെ ഭക്ഷണരീതിയിലും വലിയമാറ്റം വന്നു. വീട്ടിലെ അടു ക്കളയിൽ പാകം ചെയ്യുന്ന ആഹാരത്തിനു ഇപ്പോൾ നല്ലരുചി തോന്നിതുടങ്ങിയിരിക്കുന്നു. കുന്തത്തൊപ്പിക്കാരായ ഷെഫുമാർ എന്തൊക്കെയോ പൊടികൾ കലർത്തി പാകംചെയ്തു വിളമ്പുന്ന മുന്തിയ ഹോട്ടലുകൾ ഒക്കെ പൂട്ടിപോയതു കൊണ്ടായിരിക്കാം. ഒത്തിരിനാൾ കൂടി കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാൻ തുടങ്ങിയിരിക്കുന്നു. ബീച്ചിലും പാർക്കിലെ തണൽമരങ്ങൾക്കു കീഴിലും ഒന്നിച്ചുകൂടിയിരുന്ന ഇണപിരിയാത്ത സുഹൃത്തുക്കൾ പോലും കൊറോണയെ ഭയന്നു വീട്ടിൽ ഇരുപ്പായി.

നാല്പത്തിനായിരവും അതിലധികവും ചതുരശ്ര അടി വിസ്താരമുള്ള വീടുണ്ടെങ്കിലും സാമ്പത്തികമായ അടിത്തറ തകർന്നാൽ, ജീവിതം പിന്നെ നിശ്ചലം, ശൂന്യം എന്നും ജനങ്ങൾ കണ്ടറിഞ്ഞു. എത്ര വലിയ വ്യവസായി ആണെങ്കിലും, ഡൈനിങ്ങ് ടേബിളിൽ ഭക്ഷണം എത്തണമെങ്കിൽ, പാടത്തും പറമ്പിലും വിയർപ്പൊഴുക്കുന്ന കർഷകൻ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ വേണമെന്നും അന്യസംസ്ഥാനത്തുനിന്നും വരുന്ന ലോറികളെ ആശ്രയിച്ചാൽ ഒരുപക്ഷെ ഭക്ഷ്യവിഭവങ്ങൾ കിട്ടാതെ വന്നേക്കാമെന്നും സർക്കാരിനും നാട്ടു കാർക്കും ബോധ്യമായി. സമ്പന്നനെന്നോ, ദരിദ്രനെന്നോ ഉള്ള വ്യത്യാസം വൈറസുകൾ നോക്കാറില്ല എന്നത് പല സമ്പന്നരാഷ്ട്രങ്ങൾക്കും വെള്ളിടിയേറ്റതുപോലെയുള്ള അറിവായിരുന്നു. ഞാനാണ് ലോകത്തിന്റെ രാജാവ് എന്ന് അഹങ്കരിച്ചിരുന്ന ചില രാഷ്ട്രതലവന്മാർക്കു കൊറോണയുടെ മുന്നിൽ തല കുനിക്കേണ്ടി വന്നത് ലോകം മുഴുവനും കണ്ടു. ചില ടൂറിസ്റ്റ്കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരുന്ന ആഭാസത്തരങ്ങൾക്കും തല്കാലത്തേ ക്കെങ്കിലും വിരാമമായി.

ഇങ്ങനെയൊക്കെനോക്കിയാൽ, മരണഭീകരതയാണ് കടന്നുവന്നതെങ്കിലും കൊറോണ വൈറസിന് വലിയ സാമൂഹിക മാറ്റങ്ങൾക്കു തുടക്കം കുറിക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ പാഠങ്ങൾ നമുക്കും ലോകത്തിനും മറക്കാതിരിക്കാൻ കഴിയട്ടെ.





**മോൺ. യൂജിൻ പെരേര**
സെക്രട്ടറി, തൊഴിൽ കാര്യാലയം, CBCI



# കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളം കൈവരിക്കേണ്ട പുതിയ തൊഴിൽ സംസ്കൃതി

**ലോകത്തെയാകമാനം കീഴടക്കിക്കൊണ്ടിരിക്കുന്ന കൊറോണ വൈറസിന്റെ വ്യാപനം കേരളത്തെ സംബന്ധിച്ച് നവമായ തീരുമാനങ്ങളും മുന്നേറ്റങ്ങളും നടത്തേണ്ടതിന്റെ അനിവാര്യത സൂചിപ്പിക്കുകയാണ്. ഭാരതകത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കാര്യാലയ സെക്രട്ടറിയും തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗവുമായ ലേഖകൻ നവമുന്നേറ്റത്തിന്റെ വീക്ഷണങ്ങൾ പങ്കുവയ്ക്കുന്നു.**

"ഞങ്ങൾ ദൈവത്തിന്റെ ഈ സ്വന്തം നാട്ടിലേക്ക് മടങ്ങിവരും" എന്നാണ് കേരളത്തിലെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ കോവിഡ് കാലത്ത് കുടുങ്ങിപ്പോയ വിദേശസഞ്ചാരികൾ, അവരുടെ മടക്കയാത്രാസമയത്ത് പറഞ്ഞത്. ഇന്ത്യയിലാദ്യമായി കോവിഡ് സ്ഥിരീകരിച്ച കേരളം ഈ മഹാമാരിയെ നേരിടുന്നതിന് കാണിച്ച ശുഷ്ക്കാന്തിയും തീക്ഷ്ണതയും നാടാകെ സംസാരവിഷയമാണ്.

രുമയും സഹകരണവും ലോകത്തിന്റെ ആദരം ഏറ്റുവാങ്ങി. 2018-ൽ കേരളംകണ്ട ഈ നൂറ്റാണ്ടിലെ വൻപ്രളയ സമയത്തെ ഊർജ്ജസ്വലമായ അതിജീവന ഇടപെടലും ലോകശ്രദ്ധ പിടിച്ചുപറ്റി.

ഓരോ ദുരന്തഘട്ടത്തിലും മലയാളിയുടെ തൻപോരിമയുടെ ഭാഗമായി നവകേരള നിർമ്മിതിയെകുറിച്ച് ഘോരഘോരം സംസാരിക്കുമെങ്കിലും നടപടികൾ വേണ്ടത്ര ഉണ്ടാകാറില്ല. കോവിഡ് കാലത്ത് സാമൂഹിക അകലം പാലിച്ചുകൊണ്ടാണെങ്കിലും വെർച്ച്വൽ മീഡിയകളിലൂടെ ചർച്ചകളും ആലോചനകളും പുരോഗമിക്കുകയാണ്. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കേരളത്തിലെ മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതിതയ്യാറാക്കാൻ 'ടാറ്റാ'യെയും 'ഇർമ'യെയും ചുമതലപ്പെടുത്തി. ഇവയൊക്കെ പലപ്പോഴും പണച്ചിലവേറിയ അധരവ്യായമമായി അവസാനിക്കും.

കോവിഡ് ലോകത്തെയാകമാനം ഇരുത്തിചിന്തിപ്പിക്കുകയാണ്. ഇനി എങ്ങോട്ട്? എങ്ങനെ? രണ്ടാംലോക യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ, കൃത്യമായി പറഞ്ഞാൽ 1945-ൽ അമേരിക്കയും സഖ്യകക്ഷികളും യുദ്ധാനന്തര സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി രൂപംനല്കിയതാണ്, ലോകവ്യാപാരസംഘടന (WTO), ലോകബാങ്ക് (WB), അന്താരാഷ്ട്രനാണയനിധി (IMF) തുടങ്ങിയവ ചേർന്ന ബ്രട്ടൺവുഡ് (Bretton Woods) സ്ഥാപനങ്ങൾ. ഈ കാഴ്ചപ്പാടിലർപ്പിതമായി ആരംഭിച്ച കമ്പോളാധിഷ്ഠിത, വ്യാപാരാധിഷ്ഠിത, മൂലധനാധിഷ്ഠിത സമ്പദ്വ്യവസ്ഥ ഇന്ന് പകച്ചു നില്ക്കുന്നു.

കോവിഡ്മഹാമാരി ലോകമെമ്പാടുമുള്ള രാജ്യങ്ങളുടെ സമ്പദ്ഘടനയെയും തൊഴിൽ രംഗങ്ങളെയും ജീവിതസാഹചര്യങ്ങളെയും പിടിച്ചുലച്ചുകഴിഞ്ഞു. വിദഗ്ധ അഭിപ്രായങ്ങൾ സൂചിപ്പിക്കുന്നതുപോലെ നിലവിലുള്ള വ്യോമഗതാഗതം, മോട്ടർ വ്യവസായം, ഹോട്ടൽ വ്യവസായം, വൻകിട മാളുകൾ, ആർഭാട-ആഢംബര വസ്തുക്കൾ, എണ്ണ - ഗ്യാസ് വ്യവസായം, സിനിമ, വൻസമ്മേളനങ്ങൾ തുടങ്ങി വിനോദസഞ്ചാര മേഖലയെ വരെ സാരമായി ബാധിച്ചുകഴിഞ്ഞു. കോടിക്കണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായി ജീവിതമാർഗ്ഗം വഴിമുട്ടി നില്ക്കുന്നു. കേരളത്തിൽനിന്നു തന്നെ വിദേശത്തുതൊഴിലെടുക്കുന്ന മുപ്പത്തിരണ്ടു ലക്ഷം തൊഴിലാളികളുണ്ട്. ഇതിൽ ഇരുപത്തിയഞ്ച് ലക്ഷംപേരും ഗൾഫ്നാടുകളിലാണ് തൊഴിൽ ചെയ്യുന്നത്. അവർ വർഷംതോറും അയക്കുന്ന രണ്ടുലക്ഷം കോടിരൂപയാണ് കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ താങ്ങി നിർത്തുന്നത്. അടിസ്ഥാനത്തിന് ഇളക്കം തട്ടിയ ഈ വ്യവസ്ഥിതി പുനഃനിർമ്മാണത്തിലേക്ക് വഴിമാറണം.

**കേരളം സ്വീകരിക്കേണ്ട നടപടികൾ**

ആർത്തിയും എല്ലാം വെട്ടിപ്പിടിക്കാനുള്ള ത്വരയും വെടിഞ്ഞ് മണ്ണിലേക്കും പ്രകൃതിയിലേക്കും മടങ്ങണം. ഇക്കാര്യം ഫ്രാൻസിസ് പാപ്പ, 'അങ്ങേക്കു സ്തുതി' എന്ന അപ്പസ്തോലികരേഖയിലൂടെ വിശദീകരിക്കുന്നുണ്ട്. ഉർവ്വരമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിയാണ് ജലപ്രളയമായും പ്രകൃതിദുരന്തങ്ങളായും ഭീഷണി ഉയർത്തുന്നത്. പ്രകൃതിയോടിണങ്ങിയ ജീവിതക്രമം ഇവിടെ രൂപപ്പെടുത്തണം.

580 കിലോമീറ്റർ ദൈർഘ്യമുള്ള കടലും നാല്പത്തിനാല് നദികളും അനേകം പുഴകളും തോടുകളും അരുവികളും കുളങ്ങളുംകൊണ്ട് സമ്പുഷ്ടമാണ് കേരളം. കിഴക്കിന്റെ അനുഗ്രഹമായ സഹ്യാദ്രിയും ഫലഭൂയിഷ്ഠമായ ഇടനാടും മനോഹരമായ തീരവും ചേർന്ന കേരളത്തെ ദൈവത്തിന്റെ സ്വന്തംനാടായി പരിവർത്തിപ്പിക്കാനുള്ള സുവർണ്ണാവസരമാണ് വന്നുചേർന്നിരിക്കുന്നത്.

**1. കാർഷികമേഖലയുടെ പുനരുജ്ജീവനം**

മറ്റുസംസ്ഥാനങ്ങളിൽ തരംതിരിച്ചു വിളയിക്കുന്ന വിഷലിപ്തമായ ഭക്ഷണംകഴിച്ച് രോഗാതുരമാകുന്ന കേരളജനതയെ പുനരുജ്ജീവിപ്പിക്കാൻ ഇതിനകംതന്നെ നമ്മുടെ നാട് നടപടികൾ ആരംഭിച്ച് കഴിഞ്ഞു. കാർഷികരംഗത്ത് കേരളത്തിനെക്കാൾ ജനസാന്ദ്രതയുള്ള നെതർലന്റ്സ് ലോകഭക്ഷ്യോല്പാദനരംഗത്ത് രണ്ടാംസ്ഥാനത്താണ്. കേരളത്തിലെ എല്ലാവീടുകളിലും അടുക്കളത്തോട്ടം, ടെറസ് കൃഷി ഉൾപ്പടെ ഒരിഞ്ചുഭൂമിപോലും തരിശ്ശിടാതെ ഭക്ഷ്യവിളകൾ വിളയിച്ചെടുക്കാനുള്ള അവസരമാണ്. ഇതിനോടൊപ്പം മൃഗസംരക്ഷണം, പക്ഷിവളർത്തൽ എന്നിവയിലൂടെ ഭക്ഷ്യദൗർലഭ്യം ഇല്ലാതാക്കാനാകും. ഇതിനോടനുബന്ധിച്ച് ജൈവവളം, ഊർജ്ജഉല്പാദനം എന്നിവയും സാധ്യമാകും. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരളം ആവിഷ്ക്കരിച്ചു നട

പ്പിലാക്കിവരുന്ന 'സുഭിക്ഷ കേരളം' പദ്ധതി ത്രിതലപഞ്ചായത്ത് സംവിധാനങ്ങളുടെയും പൗരസമൂഹത്തിന്റെയും സഹകരണത്തോടെ വികസിപ്പിച്ചെടുക്കാനായാൽ ഒരു ബദൽ ജീവിതക്രമംതന്നെ സൃഷ്ടിക്കാനാകും. ദേശീയ ദാരിദ്ര്യനിർമാർജ്ജന പദ്ധതിയോടനുബന്ധിച്ച് ഇപ്പോഴത്തെ തൊഴിലില്ലായ്മ അകറ്റാൻ തക്കവണ്ണം സംസ്ഥാനവും ദാരിദ്ര്യനിർമ്മാർജനപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും അകറ്റാനാകും. പാലുല്പാദന രംഗത്ത് കേരളത്തിന്റെ സ്വന്തം വർഗീസ് കുര്യൻ വികസിപ്പിച്ചെടുത്ത സഹകരണമാതൃക അനുകരണീയമാണ്. ഭക്ഷ്യോല്പന്നങ്ങളുടെ മൂല്യവർദ്ധന, ഗ്രാമങ്ങൾ കേന്ദ്രീകരിച്ചുള്ള വിതരണശൃംഖല, ഇ-മാർക്കറ്റിംഗ് എന്നിവയിലൂടെ തനതുതൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും.

**2. മത്സ്യമേഖല**

സമുദ്രമത്സ്യവും കായൽമത്സ്യങ്ങളുംകൊണ്ട് സമ്പുഷ്ടമാണ് കേരളം. ഇനിയും കടന്ന് ചെല്ലാനാകാത്ത ആഴക്കടൽ മത്സ്യബന്ധനം, നദീജലമത്സ്യബന്ധനം, മത്സ്യകൃഷി തുടങ്ങിയ മേഖലയിലേക്ക് കടന്നുചെല്ലാനും മത്സ്യത്തിന്റെ മൂല്യവർധന, ബ്രാൻഡിംഗ്, തീരം കേന്ദ്രീകരിച്ചുള്ള വിതരണ ശൃംഖല, ഇ-മാർക്കറ്റിംഗ് എന്നിവ ഏർപ്പെടുത്താനുമായാൽ വൻവികസനകുതിപ്പിനുള്ള സാധ്യത ഏറെയാണ്.

**3. പരിസ്ഥിതി സൗഹൃദകേരളം**

കേരളം കഴിഞ്ഞ കുറേ വർഷങ്ങളായി വൻപ്രകൃതിദുരന്തങ്ങളെ നേരിടുകയാണ്. ഡാമുകളിലും നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽശേഖരത്തെ സമയാസമയങ്ങളിൽ നീക്കിയാൽ വർഷകാലത്ത് ലഭിക്കുന്ന ജലം സംഭരിക്കാനും മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാനാകും. നദികളുടെയും തോടുകളുടെയും തടസ്സപ്പെട്ട കൈവഴികൾ തുറക്കണം. ജലസേചനത്തിനായി കാലാകാലങ്ങളിൽ നിർമ്മിച്ച കനാലുകൾ പ്രവർത്തനക്ഷമമാക്കണം. പരിസ്ഥിതി സംരക്ഷണത്തിനായി കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കി നടപ്പിലാക്കണം. കേരളത്തിന്റെ കെട്ടിടസമുച്ചയങ്ങൾ സംസ്ഥാനത്തിന്റെ ആവശ്യത്തിലും അധികമാണ്. നിലവിലുള്ള കെട്ടിടങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്കനുസൃതമായി പരിഷ്ക്കരിക്കുകയും ആവശ്യമായവ മാത്രം നിർമ്മിക്കുകയും ചെയ്യുക. സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും സഹകരണത്തോടെ ഫലവൃക്ഷങ്ങളും തണൽവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക. കടലിലും കായലുകളിലും വലിച്ചെറിഞ്ഞ ഖര, പ്ലാസ്റ്റിക് മാലിന്യങ്ങളെ ശേഖരിച്ച് അവയെ ഊർജ്ജസ്രോതസ്സുകളാക്കി മാറ്റണം. അമിതമായി പുക അന്തരീക്ഷത്തിലേക്ക് വലിക്കുന്ന സ്വകാര്യ വാഹനങ്ങളെ നിയന്ത്രിച്ച് പൊതുഗതാഗതം ശക്തിപ്പെടുത്തണം. കേരള തലസ്ഥാനത്തും കോഴിക്കോട്ടും നിർദ്ദേശിച്ചിട്ടുള്ള മോണോ, റെയിൽ, കേരളത്തെ മുഴുവൻ ബന്ധിപ്പിക്കുന്ന വേഗതയുള്ള ട്രെയിൻ എന്നിവ നടപ്പിലാക്കി പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണം. ഈ രംഗത്ത് വിദേശരാജ്യങ്ങളിൽനിന്ന് മടങ്ങിയെത്തിയ തൊഴിലാളികളുടെ വൈദഗ്ധ്യവും വിഭവശേഷിയും ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.

**4. ദുരന്തനിവാരണം**

ദുരന്തങ്ങൾ ഒരു തുടർക്കഥയായി മാറിയ ഈ കാലഘട്ടത്തിൽ ദുരന്തനിവാരണ സംവിധാനങ്ങളെ ജനകേന്ദ്രീകൃതമായി പരിഷ്ക്കരിക്കണം. ഈ രംഗത്തെ ഉദ്യോഗസ്ഥരുടെ അംഗസംഖ്യ കുറച്ച് വിവിധമേഖലകളിൽ (ഉദാ കാട്, കടൽ) പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി ഉപദേശസമിതികൾ രൂപീകരിക്കണം. ഇന്ത്യൻ ഗവേഷണകേന്ദ്രം, സമുദ്രഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതികയൂണിവേഴ്സിറ്റികൾ എന്നിവയെ പങ്കാളികളാക്കണം. ഗ്രാമപഞ്ചായത്ത്, കോർപ്പറേഷനുകൾ എന്നിവയെ കേന്ദ്രീകരിച്ച് ദുരന്തനിവാരണപ്ലാനുകൾ, നിവാരണ - സുരക്ഷാകർമ്മസമിതികൾ എന്നിവ രൂപീകരിച്ച് പൊതുജനബോധവല്ക്കരണം അടിയന്തരഘട്ടങ്ങളിലെ ദുരന്തനിവാരണം രക്ഷാപ്രവർത്തനം എന്നിവയ്ക്കായി സജ്ജമാക്കണം.

**5. ആരോഗ്യരംഗം**

കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രവർത്തനമികവ് ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. ഈ രംഗത്തെ അനന്തമായസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിലൂടെ മനുഷ്യവിഭവശേഷി വികസിപ്പിച്ച് രാജ്യാന്തര ആവശ്യങ്ങളിലേക്ക് വിന്യസിപ്പിക്കാനാകണം. കൃത്യമായ നിബന്ധനകളും വ്യവസ്ഥകളും രാജ്യാന്തര ഉടമ്പടികളും തൊഴിലാ

ളികളുടെ സുരക്ഷ ഉയർത്തുന്നതിനായി രൂപപ്പെടുത്തണം. കൂടാതെ സംസ്ഥാനത്തെ പൊതുജനാരോഗ്യസംവിധാനങ്ങളെ കോവിഡ്കാലത്ത് ഉറപ്പുവരുത്തിയ കാര്യക്ഷമത ഉറപ്പാക്കണം.

നമ്മുടെ നാടൻ ചികിത്സാവിധികൾ, ആയുർവേദം, മർമ്മചികിത്സ, പ്രകൃതിദത്തമായ ഔഷധങ്ങൾ, ഔഷധസസ്യങ്ങളുടെ നടലും, ഔഷധനിർമ്മാണവും പ്രോത്സാഹിപ്പിക്കണം. സമുദ്രാന്തർഭാഗത്തുനിന്ന് ലഭിക്കുന്ന പ്ലവകങ്ങളുടെയും സസ്യങ്ങളുടെയും ഔഷധമേന്മ പരീക്ഷിച്ച് പ്രചാരത്തിലെത്തിക്കണം. ഉത്തരവാദിത്വപൂർണ്ണമായ ആരോഗ്യം, വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തണം.

**6. വിനോദസഞ്ചാരം**

വിനോദസഞ്ചാരരംഗത്ത് ഗണ്യമായ കുറവ് പ്രവചിക്കുന്നില്ലെങ്കിലും കേരളത്തിന്റെ പ്രകൃതിരമണീയമായ കടൽ, കായൽ, മലനിരകൾ ഈ രംഗത്തെ സാധ്യത വർദ്ധിപ്പിക്കുന്നു. കൾച്ചറൽ ടൂറിസം, മെഡിക്കൽ ടൂറിസം, ഇക്കോടൂറിസം തുടങ്ങിയ രംഗങ്ങളും ഈ രംഗത്തെ വലിയ സാധ്യതയാണ്. കടൽസവാരി, കടൽത്തിരസഫാരി, സ്കൂബ ഡൈവിംഗ് തുടങ്ങിയ മേഖലകളിലെ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പ്രകൃതിരമണീയമായ മലയോരമേഖലയും അനിമൽ പാർക്കുകളും മൂന്നാർ, ഇടുക്കി, മലബാർ മേഖലയും ഈ രംഗത്തെ സാധ്യത വർദ്ധിപ്പിക്കുന്നു.

**7. വിവരസാങ്കേതിക രംഗം**

ലോകം വിവരസാങ്കേതിക രംഗത്തെ കുതിപ്പിനു ഒരുങ്ങുമ്പോൾതന്നെ കേരളത്തിൽ KELTRON സ്ഥാപിച്ച് വിവരസാങ്കേതികരംഗത്തെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ സാങ്കേതിക വിദഗ്ധനായ കെ.പി.പി നമ്പ്യാരെ കേരളസർക്കാർ ചുമതലപ്പെടുത്തി. തുടക്കത്തിലെ താളപ്പിഴകൾ വലിയ സാധ്യതകളെ മന്ദീഭവിപ്പിച്ചെങ്കിലും നമ്പ്യാർതന്നെ തുടക്കംകുറിച്ച ടെക്നോപാർക്ക് വലിയ മാറ്റത്തിന് വഴിതെളിച്ചു. ലോകസമ്പദ് വ്യവസ്ഥയും സാങ്കേതിക രംഗങ്ങളും കിതച്ചുനില്ക്കുമ്പോഴും വിവരസാങ്കേതികരംഗത്തെ സാധ്യതകൾ വളരെ വലുതാണ്. ഈ രംഗത്തെ പ്രാഗത്ഭ്യംതെളിയിച്ച വിദഗ്ധരും വിദ്യാസമ്പന്നരായ യുവതലമുറയും വിദേശരാജ്യങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച് മടങ്ങിയെത്തിയ വിദഗ്ധരുമടങ്ങുന്ന വൻനിര ഈ രംഗത്തെ വലിയ സാധ്യതകളിലേക്കു വിരൽചൂണ്ടുന്നു.

**8. ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് റോബോട്ടിക്സ്**

സാങ്കേതിക ശാസ്ത്രരംഗത്തെ കൃത്യത, വിവരവിശകലനത്തിലെ കരുത്ത്, ആരോഗ്യ ചികിത്സാരംഗത്തെ സാധ്യത, വാഹന-ഗതാഗതരംഗത്തെ സാധ്യത, റോബോട്ടുകളുടെ സാന്നിധ്യം ഇവ വികസിത രംഗത്തെ അനന്തമായ നൂതനസാധ്യതകളാണ്. വിവരസാങ്കേതികരംഗത്ത് വൻസാധ്യതകൾ വച്ചുനീട്ടുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നൂതനതൊഴിൽ സംസ്കാരത്തിലേക്കാണ് വിരൽചൂണ്ടുന്നത്. വളർന്നുവരുന്ന ഈ ശാസ്ത്രശാഖയെ പ്രയോജനപ്പെടുത്തി ഡിജിറ്റൽകേരളത്തെ രൂപകല്പനചെയ്യാനും ഈ രംഗത്തും രാജ്യത്തും രാജ്യാന്തരതലങ്ങളിലും ഉയർന്നുവരുന്ന തൊഴിൽസാധ്യതകളെ പ്രയോജനപ്പെടുത്താനായാൽ കോവിഡ്സൃഷ്ടിച്ച മാന്ദ്യം വലിയ ഒരു കുതിപ്പിനുള്ള അവസരമാക്കിമാറ്റാനാകും.

**9. ഭവന, സമൂഹാധിഷ്ഠിത സംരംഭങ്ങൾ**

വൻമാർക്കറ്റുകളെയും വമ്പൻകമ്പനികളെയും കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങളെ വീടുകളെ കേന്ദ്രീകരിച്ചും സമൂഹങ്ങളെ കേന്ദ്രീകരിച്ചും നവീകരിക്കാനുള്ള സുവർണ്ണാവസരമാണിത്. കോവിഡ്കാലത്ത് രൂപംകൊണ്ട ശാരീരിക അകലം, സാമൂഹ്യഅകലം എന്നിവ പാലിച്ചുകൊണ്ട് ഇതിനകംതന്നെ ഭവനങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന രീതി വിജയകരമായി പരീക്ഷിക്കപ്പെട്ടു. കാർഷികോല്പ്പന്നങ്ങൾ, ഡയറികൾ, മത്സ്യഉല്പാനം തുടങ്ങിയ വിഭവങ്ങളെ പരിഷ്ക്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി പ്രാദേശിക മാർക്കറ്റുകളിലേക്കും വിദൂരമാർക്കറ്റുകളിലേക്കും അന്തർദേശീയ മാർക്കറ്റുകളിലേക്കും എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇതിനകംതന്നെ ഇ-മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ വിജയകരമായി പരീക്ഷിക്കപ്പെട്ടു. കോവിഡാനന്തരം വികസ്വരമാകുന്ന വിവരസാങ്കേതികവിദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയുടെ സഹായത്തോടെ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാനാകും. കൂടാതെ കേരളസർക്കാർ ഇതിനകം സ്ഥാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ പാർക്കുകളെ പ്രയോജനപ്പെടുത്തി ഭവനാധിഷ്ഠിത, സാമൂഹ്യാധിഷ്ഠിത ഉല്പാദനവും വിതര





ണവും മൂല്യവർധിത ഉല്പന്നങ്ങളുടെ നിർമ്മാണവും സാധ്യമാകും. ഇതിലൂടെ അമിതമായ മാലിന്യവും മാലിന്യനിർമ്മാർജ്ജനവും ഒരുപരിധിവരെ പരിഹരിക്കാനുമാകും.

**10. നിർമ്മാണ മേഖല**

ഈ രംഗത്ത് നൂതനസമീപനം സ്വീകരിക്കണം. കേരളത്തിനാവശ്യമായ ഭവനങ്ങളും കെട്ടിട സമുച്ചയങ്ങളും നിർമ്മിച്ചുകഴിഞ്ഞു. അവയുടെ പരിഷ്ക്കരണം അത്യാവശ്യംവേണ്ട പുതിയ കെട്ടിടങ്ങൾ ഇച്ഛാശക്തിയോടെ പരിസ്ഥിതിസൗഹൃദവും ആവശ്യാധിഷ്ഠിതവുമായി നിർമ്മിക്കാനാകണം. എന്നാൽ റോഡുഗതാഗതം, റെയിൽ ഗതാഗതം എന്നിവയെ കാലോചിതമായി പരിഷ്ക്കരിച്ച് പൊതുഗതാഗത ഭരണാധികാരികൾ, ഭരണപ്രതിപക്ഷ നേതാക്കൾ, ആരോഗ്യപ്രവർത്തകർ തുടങ്ങി വിവിധതലങ്ങളിൽ പ്രവർത്തിച്ചവർ കാണിച്ച ഒത്തൊരുമ കാര്യത്തിനിണങ്ങുന്ന രീതിയിൽ നിർമ്മാണരംഗത്ത് നൂതന ഇടപെടലുകൾ ആവശ്യമാണ്.


**11. സ്കിൽ പരിശീലനം:** വിദ്യാഭ്യാസമേഖല സമഗ്രമായ പരിഷ്ക്കരണത്തിന് വിധേയമാവുകയാണ്. വെർച്ചൽ മാധ്യമസാങ്കേതങ്ങളിലൂടെയുള്ള വിദ്യാഭ്യാസപ്രക്രിയ ഈ കോവിഡുകാലത്ത് ആരംഭിച്ചുകഴിഞ്ഞു. മൂല്യാധിഷ്ഠിത ജീവിതഗന്ധിയായ പഠനപ്രക്രിയയിലേക്ക് ഇത് വഴിതെളിക്കണം. ദൈനംദിന ജീവിതപാഠങ്ങൾ, പരിസ്ഥിതിസംരക്ഷണം, പരിസരശുചിത്വം, വ്യക്തിശുചിത്വം, മാലിന്യസംസ്ക്കരണം എന്നിവയെക്കുറിച്ചുള്ള ജീവിതഗന്ധിയായ പഠനമാണിന്നാവശ്യം. കൂടാതെ കാലോചിതമായി രൂപപ്പെട്ടുവരുന്ന തൊഴിൽകലകളെ അഭ്യസിക്കാനും, ആ രംഗത്ത് പ്രാഗത്ഭ്യമുള്ളവരാകാനും പ്രാപ്തരാകണം. ക്ലാസ്മുറിപഠനങ്ങൾ പ്രവർത്തികളിലൂടെ ഊർജ്ജസ്വലമാക്കണം. നവതലമുറയുടെ വിജ്ഞാനത്തെ ഇൻക്യുബേഷൻ സെന്ററുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവവഴി സംരംഭകരാക്കി മാറ്റണം. രാജ്യവും സംസ്ഥാനവും ഇതിനകം സ്ഥാപിച്ച സ്കിൽ പാർക്കുകളും സ്കിൽ പരിശീലനകേന്ദ്രങ്ങളും ഈ രംഗത്ത് മികവുറ്റ കഴിവ് പകരുന്ന കേന്ദ്രങ്ങളായി മാറണം.

**12. സാമൂഹ്യസുരക്ഷയും തൊഴിൽ അവകാശങ്ങളും:** തൊഴിൽരംഗത്ത് അത്ഭുതാവഹമായ മാറ്റങ്ങൾക്കിടയാകുന്ന കോവിഡാനന്തരകാലഘട്ടത്തിലും തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങളായ തൊഴിൽ സുരക്ഷ, തൊഴിലിടത്തെ ആരോഗ്യം, സാമൂഹ്യസുരക്ഷ സംവദിക്കാനും വില പേശാനുമുള്ള അവകാശം, എട്ടുമണിക്കൂർ ജോലി എന്നിവ ഉറപ്പുവരുത്തി തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളിയുടെ അന്തസ്സും ഉയർത്തിപിടിക്കാനിടവരുത്തണം.


**ഉപസംഹാരം**

മാറ്റങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. മനുഷ്യൻ അത് നിർവ്വഹിച്ചില്ലെങ്കിൽ പ്രകൃതി അത് നടപ്പിലാക്കും എന്നാണ് സാമ്പത്തിക ശാസ്ത്രജ്ഞനായ മാൽത്തൂസിന്റെ സിദ്ധാന്തം. കോവിഡ് കാലംമുന്നോട്ടുവയ്ക്കുന്ന സൂചനകൾ വായിച്ച് നവസാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, തൊഴിൽ, പാരിസ്ഥിതിക, ആത്മീയതലങ്ങളെ രൂപപ്പെടുത്താനുള്ള ആർജ്ജവം ഭരണാധികാരികൾക്കും പൊതുസമൂഹത്തിനും കേരളജനതയ്ക്കും ഉണ്ടാകണം.

# കൊറോണ ദർശനം
# വിശ്വസാഹോദര്യത്തിന്റെ കാഴ്ചപ്പാട്




**ഫാ. വില്ല്യം നെല്ലിക്കൽ**
എഡിറ്റോറിയൽ ഡയറക്ടർ, വത്തിക്കാൻ വാർത്ത മലയാളവിഭാഗം, റോം

**ലോകത്ത്** പല കാലഘട്ടങ്ങളിലായി വസന്ത (പകർച്ചവ്യാധി) ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് 16-ാം നൂറ്റാണ്ടിൽ റോമിൽ ഒരു വലിയ വസന്ത ഉണ്ടായിട്ടുണ്ട്. ഇതിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അതിൽ സഭയുടെ വലിയ പങ്കാളിത്തമുണ്ടായിട്ടുള്ളതായി വ്യക്തമാണ്. മാർപാപ്പാതന്നെ ജനങ്ങളെ പ്രത്യക്ഷത്തിൽ നയിക്കുകയും ദൈവവും മനുഷ്യനുമായി ഒരനുരഞ്ജനത്തിന്റെ, സമാധാനത്തിന്റെ പാതയിൽ നയിച്ച് വസന്തയെ കീഴടക്കിയ ചരിത്രമാണുള്ളത്.

ഇറ്റലിയിൽ പടർന്നുപിടിച്ച കൊറോണാ വൈറസിന്റെ പശ്ചാത്തലം വിലയിരുത്തുമ്പോൾ വുഹാനിൽ ശക്തിപ്പെട്ട ഈ മഹാമാരി ചൈനയിൽനിന്നുതന്നെയാണ് ഇവിടെയും വ്യാപിച്ചതെന്ന് വ്യക്തം. ചൈനയും ഇറ്റലിയും തമ്മിൽ വലിയൊരു കച്ചവടബന്ധം തന്നെയുണ്ട്. അങ്ങോട്ടും ഇങ്ങോട്ടും ആളുകൾ വരികയുംപോകുകയും ചെയ്യുന്ന ഒരു പ്രക്രിയയിലാണ് ഇത് വ്യാപകമായത്. പ്രത്യേകിച്ച് വടക്കേ ഇറ്റലിയിലാണ് ഇത് കൂടുതൽ ശക്തമായത്. കാരണം, ഇറ്റലിയുടെ വാണിജ്യതലസ്ഥാനമായ മിലാനിലാണ് ചൈനക്കാർ അധികവും എത്തിച്ചേരുന്നത്. അവിടെനിന്നുമാണ് വടക്കേ ഇറ്റലിയിലെ എമിലിയ റൊമാനോ, വെനേത്തോ, ലൊമ്പാർദി എന്നീ മൂന്നുപ്രവശ്യകളിൽ ഈ രോഗം പടർന്നുപിടിച്ചത്. അതായത് അത്രത്തോളം ചൈനക്കാർ മിലാൻവഴി ഈ പ്രദേശത്തേക്ക് വരുന്നുണ്ടെന്നുള്ളത് വ്യക്തമാണ്. മിലാൻ കേന്ദ്രീകരിച്ച് വാണിജ്യ, ഫാഷൻ, ഫുഡ് എക്സിബ

ഷനുകൾ, രാജ്യാന്തരതലത്തിൽ പ്രതിവർഷം നടക്കുന്ന മേളകൾ ഇവയിലൊക്കെ പങ്കെടുക്കാൻ ചൈനക്കാർ ധാരാളമായി ഇവിടെ എത്തിച്ചേരാറുണ്ട്. ഇറ്റലിയിൽനിന്നും പ്രത്യേകിച്ച് മിലാനിൽനിന്നും ചൈനയുടെ പലഭാഗങ്ങളിലേക്കും പോകുന്നവരുമുണ്ട്. അതിനാൽ സമ്പർക്കംവഴിയാണ് ഇത് പടർന്നതെന്ന് വ്യക്തമാണ്. മിലാനിലെ എക്സിബിഷൻ മാത്രമല്ല, വടക്കേ ഇറ്റലിയിൽ തുകൽ വ്യവസായത്തിൽ ചൈനീസുകാർ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടയിൽ ആയിരത്തിലധികം ആളുകൾ ഇവിടെ വന്ന് പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരായുണ്ട്. ഇറ്റലിയുടെ ഫാഷൻ ഇൻഡ്രസ്ട്രിയിലും ചൈന ഒരു പിടിച്ചടക്കൽ നടത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഭക്ഷ്യമേഖലയിലും ധാരാളും കയറ്റ്-ഇറക്കുമതികൾ ചൈനയും ഇറ്റലിയും തമ്മിൽ നടക്കുന്നുണ്ട്. ബർഗമോ ഭാഗത്ത് ധാരാളം ചൈനക്കാർ പാർക്കുന്നുണ്ട്. ഇറ്റലിയുടെ ഈ കാർഷികമേഖലയിൽ കന്നുകാലികളെയും പോർക്കുകളെയും ധാരാളമായി വളർത്തുന്നുണ്ട്. അവിടെ മൃഗങ്ങളിലൂടെയും കൊറോണ വൈറസ് വ്യാപനം ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കാരണം, സാമൂഹ്യ സമ്പർക്കത്തോടൊപ്പം ഇതും സംഭവിച്ചതുകൊണ്ടായിരിക്കാം ദുരന്തം ഇത്രയ്ക്കേറെ രൂക്ഷമാകാൻ ഇടയായത്. ഈ വസന്തമൂലം ഉണ്ടായ ആൾനഷ്ടവും കെടുതികളും ഇറ്റലിയെ സംബന്ധിച്ച് വളരെ വലുതാണ്. ക്രെമോണ രൂപതയിലും വ്യാപകമായി കോവിഡ് പടർന്നതിനാൽ നിരവധി വൈദികരും ഇവിടെ മൃത്യുവിനിരയായി. വടക്കേ ഇറ്റലിയിലാണ് രോഗവ്യാപനം കൂടുതൽ ഉണ്ടായതെങ്കിലും ഇറ്റലിയുടെ തലസ്ഥാനനഗരമായ റോമിലും വ്യാപകമായി മഹാമാരി ആളിപ്പടർന്നു. കോവിഡ് 19 മരണതീവ്രത വർദ്ധിപ്പിച്ചുവെങ്കിലും ഒരുപരിധിവരെ കുറക്കാൻ സാധിച്ചത് പ്രതിരോധങ്ങളുടെ ഭാഗമായി ഇറ്റാലിയൻ സർക്കാർ ആരംഭത്തിലേ പുറപ്പെടുവിച്ച ഡിക്രിയുടെ ഫലമാണ്. വിദേശത്തുനിന്നുവരുന്നവരെയും ഇറ്റലിയിൽനിന്ന് പുറത്തേക്കുപോയി തിരിച്ചുവരുന്നവരെയുമൊക്കെ സർക്കാർ നിരീക്ഷണത്തിലാക്കുകയും 14, 28 ദിവസങ്ങൾ കോറന്റൈനിൽ ആക്കുകയും ചെയ്തു. ഇറ്റാലിയൻ സർക്കാരിനൊപ്പം വത്തിക്കാൻ കാര്യാലയങ്ങളും രോഗപ്രതിരോധത്തിനായി പൂർണമായും സഹകരിച്ച് പ്രവർത്തിച്ചു. വീടുകളിലിരുന്ന് ഓൺലൈൻ സംവിധാനത്തിൽ ജോലികളൊക്കെ ക്രമീകരിക്കുകയും വത്തിക്കാൻ മ്യൂസിയവും ബസിലിക്കകളുമുൾപ്പടെ ആരാധനാലയങ്ങളൊക്കെ അടച്ചിടുകയും ചെയ്തു. കച്ചവടങ്ങൾ നിയന്ത്രിച്ച് കടകമ്പോളങ്ങൾ സർക്കാർ പൂർണമായും അടപ്പിക്കുകയും ജനങ്ങളെ വീടുകളിൽത്തന്നെ സുരക്ഷിതരാക്കി നിർത്തുകയും ചെയ്തു. ഭക്ഷ്യസാധനങ്ങൾ വാങ്ങാനുള്ള സൂപ്പർമാർക്കറ്റുകളെമാത്രം ഒരു നിശ്ചിതസമയപരിധിയിൽ തുറക്കാൻ അനുവദിക്കുകയും പൂർണസുരക്ഷയോടെ സാമൂഹിക അകലം പാലിച്ചും രണ്ടുപേരെവീതം കയറ്റിയുള്ള വിപണനം മാത്രം പ്രോത്സാഹിപ്പിച്ചു. ഇതൊക്കെ മരണസംഖ്യയിൽ അല്പം കുറവുണ്ടാക്കിയെന്ന് ആശ്വസിക്കാം. ജനങ്ങളെപ്പോലും നിരത്തിൽ ഇറങ്ങാൻ പൊലീസ് ഉദ്യോഗസ്ഥർ അനുവദിച്ചില്ല.

### ക്രമീകരണങ്ങൾ

വത്തിക്കാനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഫ്രാൻസിസ് പാപ്പാതന്നെ ജനസമ്പർക്കമുള്ള എല്ലാ പരിപാടികളും ബുധനാഴ്ചകളിൽ നടക്കുന്ന പൊതുകൂടിക്കാഴ്ച ഉൾപ്പടെ വേണ്ടെന്നുവച്ചു. ഇരുപതിനായിരത്തിൽ അധികംപേരാണ് പതിവായി ഈ കൂടിക്കാഴ്ചയ്ക്കായി എത്തിച്ചേരാറുള്ളത്. ഞായറാഴ്ചകളിലുള്ള ത്രികാലപ്രാർത്ഥനയിലും പതിനായിരത്തിൽപ്പരം പേരാണ് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തിങ്ങിക്കൂടുന്നത്. അതുമൊക്കെ വേണ്ടെന്നുവച്ച് പാപ്പാ അപ്പസ്തോലിക അരമനയുടെ ലൈബ്രറിയിൽനിന്നും മാധ്യമങ്ങളിലൂടെ ഓൺലൈനായി ലോകത്തിനും ജനങ്ങൾക്കുമായി സന്ദേശം നല്കാനാരംഭിച്ചു. ആഴ്ചയിൽ നാലുപ്രാവശ്യം ജനങ്ങളുടെകൂടെ കുർബാന ചൊല്ലിയിരുന്ന പാപ്പ ജനസാന്നിധ്യമില്ലാതെ ദിവസവും കോവിഡ് രോഗികളെസമർപ്പിച്ച് തനിച്ച് ബലിയർപ്പണം നടത്തി പ്രാർത്ഥിക്കാൻ തുടങ്ങി. ഇത് നവമാധ്യമങ്ങളിലൂടെ ലോകം മുഴുവൻ പ്രക്ഷേപണം ചെയ്യുന്നുമുണ്ട്.

ഫെബ്രുവരി അവസാനം തപസ്സുകാലത്തിന്റെ ആരംഭത്തിലാണ് കൊറോണയുടെ തരംഗം ഇറ്റലിയിൽ അറിയാൻ ഇടയായത്.

വിഭൂതി ദിനത്തിൽ ബലിയർപ്പണം കഴിഞ്ഞ് പാപ്പാ മടങ്ങിയത് കടുത്ത ജലദോഷത്തോടുകൂടിയായിരുന്നു. അപ്പോൾ പാപ്പായ്ക്ക് കോവിഡ് ബാധിച്ചുവെന്ന പ്രചരണവും പരക്കെ ഉണ്ടായി. പക്ഷെ പാപ്പാ വൈദ്യപരിശോധനയ്ക്ക് വിധേയനായപ്പോൾ വത്തിക്കാന്റെ ആരോഗ്യവിഭാഗംതന്നെ പരിശോധനാഫലം

നെഗറ്റീവാണെന്ന് പ്രഖ്യാപിച്ചു. ഞായറാഴ്ച പാപ്പാ തന്നെ ത്രികാലപ്രാർത്ഥനാ കൂടിക്കാഴ്ചയിൽ തനിക്ക് കോൾഡ് മാത്രമാണെന്ന് വെളിപ്പെടുത്തുകയും ഭൂമിയെ സംരക്ഷിക്കണെയെന്നുള്ള ഒരു പ്രാർത്ഥന ഉയർത്തുകയും ഉണ്ടായി. ലോകം മുഴുവൻ അതിൽ പങ്കെടുത്തു.

മാർപാപ്പ ഇന്ന് ഓൺലൈനിലൂടെയാണ് ജനങ്ങളുമായി സമ്പർക്കം നടത്തുന്നുണ്ട്. അപൂർവ്വമായി ആവശ്യമനുസരിച്ച് അദ്ദേഹം വത്തിക്കാന്റെ വകുപ്പു തലവന്മാരുമായുള്ള കൂടിക്കാഴ്ചയും നടത്തുന്നുണ്ട്. അതായത് ഇതോടനുബന്ധിച്ച് 'സാക്രോ കുവോറെ' (Sacro Cuore) സർവ്വകലാശാലയുടെയും 'ജെമേല്ലി' (Gemelly) ആശുപത്രിയുടെയും ഡയറക്ടർമാരുമായി പാപ്പാ വ്യക്തിഗത കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഇറ്റലിയിലെ ആരോഗ്യപ്രവർത്തനങ്ങളുടെ പ്രതിസന്ധിയെ വത്തിക്കാന്റെ ഭാഗത്തുനിന്നും എങ്ങനെ കൈകാര്യം ചെയ്യാമെന്ന വിശകലനങ്ങളായിരുന്നു കൂടിക്കാഴ്ചയിലെ ചർച്ചാവിഷയം. വെന്റിലേറ്ററുകൾ എത്തിച്ചുകൊടുത്തും സാമ്പത്തിക സഹായം, സന്നദ്ധസംഘടനകളുടെ സംലഭ്യത എന്നിവയിലൂടെയും അടിയന്തര ഇടപെടലുകൾ നടത്തി. വത്തിക്കാന്റെ പൊതുപ്രസ്ഥാനമായ കാരിത്താസും ഇവിടെ സജീവമാണ്. റഷ്യ, ജപ്പാൻ, ക്യൂബ എന്നിവിടങ്ങളിൽ നിന്ന് ഡോക്ടർമാർ സേവനത്തിനായി എത്തിയിട്ടുണ്ട്. കാരണം, ഇറ്റലിയിലെ ധാരാളം മെഡിക്കൽ പ്രൊഫഷണലുകളും ഡോക്ടർമാരും അശ്രാന്തം പരിശ്രമിച്ചിരുന്ന നഴ്സുമാരും രോഗബാധമൂലം മരിക്കുകയുണ്ടായി. ജർമനിയിൽനിന്നും മിലിറ്ററി മെഡീവ ഹോസ്പിറ്റൽ ഫ്ളൈറ്റ് വരുകയും ബർഗമോയിൽനിന്നും അടിയന്തരാവശ്യമുള്ള രോഗികളെ ജർമനിയിലെ സൗകര്യമുള്ള ഹോസ്പിറ്റലിൽ ചികിത്സിക്കാൻ കൊണ്ടുപോയത് പ്രതീകാത്മകമായ ഒരു സാഹോദര്യമാണ് പ്രദർശിപ്പിച്ചത്.

ഇറ്റാലിയൻ സർക്കാരിന്റെ അശ്രദ്ധയും അനാസ്ഥയുമാണ് സ്ഥിതിഗതികൾ ഇത്രയ്ക്കധികം മോശമായതെന്ന് ഇറ്റലിയിൽ താമസിക്കുന്ന മലയാളികളും വൈദികരുമൊക്കെ പറഞ്ഞുപരത്തിയതും മാധ്യമത്വരയും പുരകത്തുമ്പോൾ വാഴ വെട്ടുന്ന പ്രതീതിമാത്രമാണിത്. ഇത് റേറ്റിംഗിനുള്ള ശ്രമം മാത്രമാണ്. ഇതൊരു പകർച്ചവ്യാധിയാണെന്ന് ഇവരൊക്കെ മനസ്സിലാക്കേണ്ടതാണ്. ഏതൊരു പകർച്ചവ്യാധിയും പെട്ടെന്ന് പടർന്നുപിടിക്കും. ആഗോളവത്കൃതമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ജനം കൂട്ടമായി ഒത്തുചേരുകയാണ്. വത്തിക്കാനിൽ എത്തുന്ന തീർത്ഥാടകരുടെ എണ്ണം തന്നെ വ്യക്തമാക്കുന്നതിതാണ്. പ്രത്യേകിച്ച് ചൈനയിൽനിന്നുള്ളവർ. ഈ വൈറസിന്റെ ചലനങ്ങളോ വസ്തുനിഷ്ഠമായ കാര്യങ്ങളോ പ്രതിവിധിയോ സൂക്ഷ്മമായി കണ്ടെത്താൻ വൈദ്യശാസ്ത്രത്തിന് കഴിയാതിരുന്നതിനാൽ പരസ്പര സ്പർശംമൂലമോ ജനസമ്പർക്കംമൂലമോ ആണ് ഇത് ഇത്രയേറെ വ്യാപിച്ചത്. അത് എവിടെയും സംഭവിക്കാവുന്ന കാര്യമാണ്. ഇത്രയ്ക്കേറെ ശ്രദ്ധകൊടുത്തിട്ടുപോലും പടർന്നുപിടിക്കുകയായിരുന്നു. ഒരു സാമൂഹ്യസമ്പർക്കസ്വഭാവമുള്ള അതിശക്തമായ വൈറസാണിത്. പ്രാർത്ഥനയിലും പ്രഭാഷണത്തിലും പാപ്പാ പറയുന്നു:

'നമ്മൾ ജീവിക്കുന്ന ഭൂമി ഒരു തകർന്ന ഭൂമിയാണ്. അതിന്റെ പ്രകൃതിയെയും പരിസ്ഥിതിയെയും പ്രകൃതി സ്രോതസ്സുകളെയും നാം സ്വാർത്ഥതയോടെ ചോർത്തിയെടുത്തിട്ടുണ്ട്. ഒരു തകർന്ന ഭൂമിയിൽ സുഖകരമായിജീവിക്കാനുള്ള സ്വപ്നത്തിലാണ് നാം ഇപ്പോഴും. നമ്മൾ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് അതിശീഘ്രം യാത്ര ചെയ്യുകയും ഈ ഭൂമി കീഴടക്കുകയും ചെയ്യുമ്പോൾ പ്രകൃതിതന്നെ നമ്മോട് പ്രതികരിക്കും. അതുകൊണ്ട് പ്രകൃതി ഒരു പൊതുഭവനമാണെന്നും നമുക്ക് ഇവിടെ സാഹോദര്യത്തിന്റെ ഒരു മനോഭാവമാണ് ആവശ്യമെന്നും ഉൾക്കൊള്ളണം. എളിവയവരെയും പാവങ്ങളെയും ഉൾക്കൊള്ളുന്ന, പരസ്പരം സഹായിച്ചും ആദരിച്ചും ജീവിക്കുന്ന ഒരു സമൂഹം വളർത്തിയെടുക്കാൻ നാം പരിശ്രമിക്കണം. എങ്കിലേ ഈ ഭൂമുഖത്ത് സമാധാനമായി മനുഷ്യർക്ക് ജീവിക്കാൻ സാധിക്കുകയുള്ളൂ.'

ഇതൊരു സാമൂഹ്യസ്വഭാവമുള്ള രോഗമാണ്. സമ്പർക്കമാണ് ഇതിന്റെ സ്വഭാവം. അതിനാൽ സമ്പർക്കം ഒഴിവാക്കുക എന്ന ഒരു നിരീക്ഷണം വൈദ്യശാസ്ത്രത്തിന് ലഭിച്ചിട്ടുണ്ട്. ഇറ്റലിയിലെ അവസ്ഥ വളരെ അടുത്ത് പെരുമാറുന്ന ഒരു സാഹചര്യമാണുള്ളത്. അവർ ഒരുമിച്ചിരുന്ന് ദീർഘനേരം സമയമെടുത്താണ് ഭക്ഷണം കഴിക്കുന്നത്. ഒരു റസ്റ്റോറന്റിൽ 5-10 പേരൊക്കെ അടങ്ങുന്നവർ ദീർഘനേരം 2 മണിക്കൂറൊക്കെ സമയമെടുത്ത് ഭക്ഷണം കഴിക്കുന്ന ഒരു സംസ്കാരമാണ് ഉള്ളത്. അതോടൊപ്പം ഹഗ് ചെയ്യുകയും കിസ്സ് ചെയ്യുന്നതുമൊക്കെ ആചാരങ്ങളായി ചെയ്യുന്നു; കുഞ്ഞുങ്ങളെയാണെങ്കിലും പ്രായമായവരെയാണെങ്കിലും. ഉറക്കെ സംസാരിക്കുന്ന പ്രവണതയുമുണ്ട്. അപ്പോൾ അറിയാതെതന്നെ വ്യക്തികളിൽനിന്ന് വ്യക്തികളിലേക്ക്

പാർട്ടിക്കിൾസ് പറന്നുചെല്ലുന്ന സാധ്യത ഇറ്റലിയിൽ കൂടുതലാണ്. അതിനാൽ ജനസമ്പർക്കം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ഭാരതീയരായ നാം ഇതിൽനിന്നും വളരെ വ്യത്യസ്തരാണ്. കൈകൂപ്പി നമസ്തേ പറയുന്ന സംസ്ക്കാരമാണ് നമ്മുടേത്. നമ്മുടെ ഗ്രീറ്റിങ്ങിലും പെരുമാറ്റത്തിലും ജനസമ്പർക്കമില്ല. എന്നിരുന്നാലും കേരളത്തിലെ ജനജീവിതം ശ്രദ്ധിച്ചാൽ നാം വളരെ അടുത്ത് ഇടപഴകുന്നവരാണെന്ന് കാണാൻ സാധിക്കും. നമ്മുടെ ബസുകളിൽ നിറഞ്ഞാണ് ആളുകൾ യാത്ര ചെയ്യുന്നത്. സൗകര്യങ്ങൾ കുറവാണ്. ജനസംഖ്യ കൂടുതലാണ്. മലയാളികൾ പൊതുവേ അഭ്യസ്ഥവിദ്യരും ശുചിത്വബോധമുള്ളവരുമാണെങ്കിലും മാലിന്യ സംസ്കരണം ഇനിയും മെച്ചപ്പെട്ടിട്ടില്ല.

അതൊക്കെ വച്ചുനോക്കുമ്പോൾ ഇറ്റലിയിലെ ഹെൽത്ത് സംവിധാനങ്ങൾ വളരെ ഉന്നതമാണ്. 70% ജനങ്ങൾക്ക് വൈദ്യസഹായം കൃത്യമായും ലഭിക്കുന്നുണ്ട്. 60 വയസ്സിനുമുകളിലുള്ളവരെ സർക്കാർ പരിഗണിക്കുന്നുണ്ട്. എല്ലാ മരുന്നുകളും ഫ്രീയാണ്. സുരക്ഷിതമായ വൈദ്യസംവിധാനമൊക്കെയുള്ള ഒരു രാജ്യത്ത് ഇത് സംഭവിച്ചെങ്കിൽ നമ്മൾ ശുചിത്വം അവകാശപ്പെടുന്നുണ്ടെങ്കിൽ സാമൂഹ്യ ചുറ്റുപാടുകളിലേക്ക് നോക്കുമ്പോൾ അങ്ങുമിങ്ങും മാലിന്യങ്ങളാണ്. നമ്മുടെ  പുഴകളൊക്കെ അഴുക്കുകൊണ്ട് നിറഞ്ഞിരിക്കുകയാണ്. എല്ലാവരും മാലിന്യങ്ങളും ഉച്ചിഷ്ടങ്ങളുമൊക്കെ എറിഞ്ഞ് പൊതുസ്ഥലങ്ങൾ മലിനപ്പെടുത്തിയിട്ടിരിക്കുകയാണ്.

ജനങ്ങൾ സാഹോദര്യത്തിന്റെ മനോഭാവത്തിൽ കൈകോർത്ത് സമൂഹത്തിൽ ജീവിക്കണം. സഭാസംവിധാനങ്ങളിലോ സാംസ്കാരിക സംവിധാനങ്ങളിലോ വിധേയപ്പെട്ട് ജീവിക്കാൻ പരിശ്രമിക്കണം.  രാഷ്ട്രീയ ചേരിതിരിവും വംശീയതയും റീത്ത് യുദ്ധവുമൊക്കെ നമ്മുടെ സമൂഹത്തിൽ ശക്തിപ്പെട്ടുവരുന്ന ഒരു കാലത്ത് ഈ കൊറോണ നമ്മെ പഠിപ്പിക്കുന്നത്. come together - ഒരുമിച്ചുവരണം- കൂട്ടായ ജീവിതത്തിനുള്ള ഒരു സംസ്ക്കാരമുണ്ടാവണം. അതായത് കൂട്ടായ ജീവിതം പരസ്പരം സഹായിച്ചുള്ളൊരു ജീവിതം. ഇവിടെ നാം വിശ്വസാഹോദര്യത്തിലേക്ക് വളരേണ്ടിയിരിക്കുന്നു.





**ആന്റണി ചടയംമുറി**
**അസോസിയേറ്റഡ് എഡിറ്റർ, താലന്ത്**

# ആഡംബരാസക്തികളുടെ ഹോട്ട്സ്പോട്ടുകളിൽ കുടുങ്ങിപ്പോയോ നാം?

**ലോ**കത്തിനുമുഴുവൻ മാതൃകയാകാൻ യോജ്യമായ ജനബാഹുല്യം ഉള്ള നാടാണ് നമ്മുടെ കൊച്ചുകേരളം. എന്നാൽ, കഴിഞ്ഞകാലങ്ങളിൽ നമ്മൾ നഷ്ടപ്പെടുത്തിയ സൗഭാഗ്യങ്ങളുടെ ശ്മശാനത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. എഴുപതുകൾ തുടങ്ങി നമുക്ക് വീണുകിട്ടിയ പ്രവാസിപ്പണം വേണ്ടരീതിയിൽ വിനിയോഗിക്കുന്നതിൽ നമുക്ക് പിഴവുപറ്റി. ഇന്ന് കോവിഡ് –19 സൃഷ്ടിച്ച ജീവിതദുരന്തങ്ങളുടെ ശവപ്പറമ്പിൽ മാസ്കുംധരിച്ച് നാം മൂകരായിക്കഴിയുന്നു. ഇനിയുള്ള നാളുകളിൽ നമുക്ക് നഷ്ടപ്പെടാനിടയുള്ള സമ്പത്തിന്റെ സ്രോതസ്സുകളെക്കുറിച്ച് നമ്മൾ ഉത്കണ്ഠാകുലരാണ്. ശാസ്ത്രവും ഭരണകൂടവും ചിറകെട്ടിനിർത്തുന്നുവെന്ന രീതിയിലാണ് നാം ഈ നാളുകളെ വീക്ഷിക്കുന്നത്. എന്നാൽ ഉരുകിയ മനസ്സുകൾ ദൈവതിരുമുമ്പിൽ സമർപ്പിച്ച ബലികൾ നാം കാണാതെ പോകുകയാണ്. എല്ലാം കൈവിട്ടുപോയെന്ന ചിന്തയുടെ മറുപുറങ്ങളിൽ ഇപ്പോഴും ദൈവത്തിന്റെ വിരൽത്തുമ്പ് പിടിച്ചുനീങ്ങുന്ന നിഷ്ക്കളങ്കരുടെ നിര നമ്മെ വിസ്മയഭരിതരാക്കുന്നു. എന്നാൽ, 'സമ്പത്തിന്റെ നശ്വ



രത' എന്നത് ഒരു മതതത്വം മാത്രമാണെന്ന്, പ്രായോഗികജീവിതത്തിൽ 'പത്തായംനിറയെ പണം' വേണമെന്ന്, ആ പണത്തിന്റെ 'കുന്തളിപ്പിന്റെ' കമ്പിപ്പൂത്തിരികൾ മറ്റുള്ളവർ കാണണമെന്നും 'മോഹിച്ചുപോയ' 'ദൈവരഹിത' നാളുകളെക്കുറിച്ചുള്ള വിലാപഗീതം എഴുതാൻ വൈകിപ്പോയെന്നുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്.

**ആഗോളവത്ക്കരണത്തിന്റെ എലിക്കെണികൾ:** ആർഭാടവും ധൂർത്തുംചേർന്ന ആഡംബരാസക്തിയിൽനിന്ന് മലയാളികളെ പിന്നോട്ടുനടത്തേണ്ടിയിരുന്ന രാഷ്ട്രീയപാർട്ടികളും സാമുദായിക-മത കൂടിവരവുകളും ഇത്തരമൊരു നവോത്ഥാനപ്രക്രിയ നടപ്പാക്കുന്നതിൽ ബോധപൂർവ്വമായ ആലസ്യം കാണിച്ചുവെന്ന് പറയാൻ മടിക്കേണ്ടതില്ല. ആഗോളവത്ക്കരണം തുറന്നുവച്ച എലിക്കെണികളിലേക്ക് ജനങ്ങളെ ആട്ടിത്തെളിക്കുന്നവരായി നമ്മുടെ സാംസ്കാരികനായകന്മാർപോലും മാറിപ്പോയെന്ന പരാതിയും പിന്നാമ്പുറക്കുശുകുശുക്കലുകളിലുണ്ട്.

**സാമൂഹ്യവ്യവസ്ഥിതിയുടെ വിചിത്രഭൂപടങ്ങൾ:** 2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യ 3.34 കോടിയാണ്. ഈ കണക്കിനോടൊപ്പം 19 ലക്ഷം വീടുകളിൽ ആൾത്താമസമില്ലെന്നുകൂടി നാം വായിക്കേണ്ടിവരുന്നു. ഈ വീടുകളിൽ 10% ഗ്രാമങ്ങളിലും 11.3% നഗരങ്ങളിലുമാണ്. 2019 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് ഇന്ത്യയിലേക്ക്വന്ന വിദേശപണത്തിന്റെ 19% കേരളത്തിലേക്കായിരുന്നു. ഈ തുക 1.69 ലക്ഷം കോടിവരും. 1971–81 കാലഘട്ടത്തിൽ രണ്ടരലക്ഷം മലയാളികൾ ഗൾഫ്രാജ്യങ്ങളിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് 35 ലക്ഷത്തിൽ ഏറെപ്പേർ ആ മണലാരണ്യങ്ങളിൽ ജോലിചെയ്യുന്നു. അതായത് ഇന്ത്യയിൽനിന്നുള്ള നാല് പ്രവാസികളിൽ ഒരാൾ മലയാളി എന്നാണ് ഇപ്പോഴത്തെ കണക്ക്. പ്രവാസികൾ ചൊരിഞ്ഞിട്ട അറബിപ്പണത്തിന്റെ വിനിയോഗം പരിശോധിക്കുമ്പോൾ, നേരത്തെ സൂചിപ്പിച്ച ആഡംബരാസക്തിയുടെ കൊലക്കെണികൾ കാണാനാകും. കഴിഞ്ഞ നാലരപതിറ്റാണ്ടുകളായി പ്രവാസികൾ കേരളത്തിലേക്ക് അയച്ചപണം ക്രിയാത്മകമായരീതിയിൽ ചെലവഴിക്കാൻ കഴിയാതെപോയ സാമൂഹ്യവ്യവസ്ഥിതിയുടെ വിചിത്രഭൂപടങ്ങൾക്കു പിന്നിൽ മലയാളിയുടെ ആർഭാടത്വരയുണ്ട്; ലഭിക്കാതെപോയ സാമൂഹികാന്തസ്സിന്റെ പിടിച്ചുപറിക്കലുണ്ട്. പണം ബുദ്ധിപരമായി കൈകാര്യം ചെയ്യുന്നതിൽ മലയാളിക്ക് വന്നുപോയ ബുദ്ധിശൂന്യമായ തീരുമാനങ്ങളുണ്ട്. മരുഭൂമിയിൽ ചോരനീരാക്കി സമ്പാദിച്ച കറൻസിനോട്ടുകൾ നാട്ടിലുള്ള ഉറ്റവർ അവരുടെ ഭൂതകാലമുറിവുകൾ വച്ചുകെട്ടാനുള്ള ബാൻഡേജായി ഉപയോഗിച്ചിരിക്കാം. എം.ടിയുടെ ഭാഷയിൽ പറഞ്ഞാൽ 'തുക്കിടി സായ്പുമാർ' തുടലുപൊട്ടിച്ചുനടന്ന ഭൂതകാലത്തിന്റെ ഓർമ്മകളുമായി, നിർവികാരതയുടെ വരമ്പുകളിലിരുന്ന് നാം ഈ നാളുകളിൽ കണ്ണീർവാർക്കുന്നു.

**സാമ്പത്തികനിരക്ഷരതയുടെ നിർമ്മിതി:** അധികസമ്പത്ത് നല്കിയ അമിതമായ ആത്മവിശ്വാസത്തിന്റെ ഇരകളായി മാറിയവരിൽ ഭൂരിഭാഗവും സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരായിരുന്നു. കഴിഞ്ഞനാളുകളിൽ കേരളത്തിൽ ഭൂമിവിലയിലുണ്ടായ കുതിപ്പ് ഈ സാമ്പത്തികനിരക്ഷരതയുടെ നിർമ്മിതിയാണ്. പൊങ്ങച്ചത്തിന്റെ പൊയ്ക്കാലുകളിൽ കേരളീയസമൂഹത്തിൽ അരങ്ങേറിയ തെരുവുനാടുകങ്ങളിൽ രാഷ്ട്രീയ, സാമുദായിക നേതാക്കൾ കാഴ്ചക്കാരാകുക മാത്രമല്ല ചെയ്തത്. അവർ തങ്ങൾക്ക് പിടുങ്ങാവുന്നതെല്ലാം ഈ ചെണ്ടമേളങ്ങൾക്കു നടുവിൽ അടിച്ചുമാറ്റിയെന്നതും ചരിത്രം. സ്റ്റേജ്ഷോകൾ, റിയാലിറ്റി ഷോകൾ, അവാർഡ് ദാനങ്ങൾ, കാരുണ്യ ധനസമ്പാദനയത്നങ്ങൾ അങ്ങനെ ഏതെല്ലാം വിധത്തിലാണ് പ്രവാസികൾ കബളിപ്പിക്കപ്പെട്ടത്! ഇന്ന് പുറം രാജ്യങ്ങളിൽനിന്നുവരുന്ന മലയാളികളുടെ രോഗനിരീക്ഷണത്തിനുപോലും പണംവേണമെന്ന് ശഠിക്കുന്ന ഭരണകർത്താക്കളിൽപലരും പ്രവാസികളുടെ 'സ്നേഹവിരുന്ന്' ആസ്വദിച്ചവരാണ്. ആപത്തുകാലത്ത്, അന്നത്തെ ഔദാര്യം ഓർമ്മിച്ച് പ്രവാസികളെ സഹായിക്കാൻ വർഷത്തിൽ രണ്ടും മൂന്നും തവണ ഗൾഫ് രാജ്യ

ങ്ങൾ സന്ദർശിച്ച് 'തുട്ട്' തരമാക്കിയവർ മറന്നുപോയതിൽ അത്ഭുതപ്പെടാനില്ല. ഭരണത്തിലിരിക്കുന്നവരെ പ്രീണപ്പിക്കാനുള്ള ശ്രമത്തിൽ സാംസ്കാരികനായകരും ചലച്ചിത്രവീരന്മാരും പ്രവാസികളുടെ ഈ സങ്കടാവസ്ഥയിൽ ഫലപ്രദമായി ഇടപെടാനും കൂട്ടാക്കിയിട്ടില്ല. ആകെക്കൂടി, പ്രതിപക്ഷകക്ഷികളുടെ 'മഴയ്ക്കിടയിൽ ലഭിക്കുന്ന വെയിലത്തെ പപ്പടമുണക്കൽ' പോലെ ഒരു പ്രതിഷേധപ്രകടനം കേരളം കണ്ടുവെന്നുമാത്രം.

**കറവക്കാരന്റെ കൗശലങ്ങൾ:** പലപ്പോഴും പ്രതീക്ഷിച്ചതിൽ കൂടുതൽ പ്രവാസിപ്പണം ഒഴുകിയെത്തിയചരിത്രം, 2020-ൽ തിരുത്തിയെഴുതേണ്ടിവന്നിരിക്കുന്നു. ഈ വർഷം 23% കുറവ് പ്രവാസിവരുമാനത്തിൽ ഉണ്ടാകുമെന്ന് ഔദ്യോഗികമായി കണക്കാക്കുന്നു. 2012-ൽ കേരളത്തിന്റെ റവന്യൂവരുമാനത്തിന്റെ 1.74 ഇരട്ടിയായിരുന്നു പ്രവാസിമലയാളികൾ കേരളത്തിൽ എത്തിച്ചത്. അന്ന് കേരളത്തിന്റെ വാർഷികചിലവിനെക്കാൾ 1.80 ഇരട്ടിവരുമാനമായിരുന്നു ഇത്. കേന്ദ്ര വിഹിതത്തിന്റെ ഏഴിരട്ടിവരുന്ന ഈ തുക ആബാലവൃദ്ധർ മലയാളികൾക്ക് വീതിച്ചിരുന്നുവെങ്കിൽ ഒരാൾക്ക് 5680 രൂപ ലഭിക്കുമായിരുന്നു. കേരളത്തിലെ 83% ജനങ്ങളും പ്രവാസിപ്പണത്തിന്റെ നേരിട്ടുള്ള സ്വീകർത്താക്കളല്ലാത്തതുകൊണ്ട്, ഈ വരുമാനത്തിന്റെ സാമൂഹികപരമായ കൈകാര്യം ചെയ്യൽ ഭരണകർത്താക്കൾ നടത്തേണ്ടിയിരുന്നു. ബോധവല്ക്കരണത്തിലൂടെയോ സർക്കാരിന്റെയോ ധനകാര്യസ്ഥാപനങ്ങളുടെ ലാഭസുരക്ഷിതത്വമുള്ള സമ്പാദ്യപദ്ധതിയിലൂടെയോ ഈ വരുമാനം നിഷ്ക്രിയആസ്തിയോ, സാമൂഹിക പ്രതിബദ്ധതയില്ലാത്ത ചെലവഴിക്കലോ ആയി മാറാതിരിക്കാൻ ഭരണകൂടങ്ങളോ, സാമുദായിക പ്രസ്ഥാനങ്ങളോ ശ്രമിച്ചതേയില്ല. കറവക്കാരന്റെ കൗശലമെന്നമട്ടിൽ മേൽപ്പറഞ്ഞവരുടെ ഇടപെടൽ തന്ത്രപൂർവ്വം വന്ധ്യംകരിക്കപ്പെടുകയും ചെയ്തു.

ആർഭാടവും ധൂർത്തും സയാമീസ് ഇരട്ടകളെപ്പോലെയാണ്. അമ്പലപ്പുഴയിൽ 'ദർശന' മെന്നപേരിൽ ആരംഭംകുറിച്ച ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത സ്വപ്നംകണ്ട് ഡി. പങ്കജാക്ഷകുറുപ്പ് മലയാളിയുടെ ഈ ശീലവൈകല്യത്തെ വിശേഷിപ്പിച്ചത് ആഡംബരാസക്തിയെന്നാണ്. 10,000 പ്രവാസികളുടെ വീടുകൾ കേന്ദ്രീകരിച്ച് ഒമ്പതുവർഷം മുമ്പ് നടത്തിയ സർവേയിൽപോലും ആ കുടുംബങ്ങളിലെ തൊഴിലില്ലാത്തവർ 29.2 ശതമാനമായിരുന്നു. മറ്റ് വീടുകളിലെ തൊഴിലില്ലായ്മ 26.9 ശതമാനമായിരുന്ന നാളുകളിലെ കണക്കാണത്. ഇതേ സർവേ അന്ന് നമ്മെ ബോധ്യപ്പെടുത്തിയ ചില കണക്കുകൾ വേറെയുമുണ്ട്. പ്രവാസിമലയാളികൾ നാട്ടിലേക്ക് അയക്കുന്ന പണത്തിന്റെ 87% ഭൂമിവാങ്ങാനാണ് ഉപയോഗിച്ചത്. 17% വീടുവയ്ക്കാനും 9.5 % ആഡംബരവാഹനങ്ങൾ വാങ്ങാനും ഉപയോഗിച്ച ഇവർ വ്യവസായങ്ങൾ തുടങ്ങാൻ ഉപയോഗിച്ചത് അരശതമാനം മാത്രം.

**പൊങ്ങച്ചത്തിന്റെ പേപിടിച്ചവർ:** പ്രവാസിപ്പണം പ്രത്യുല്പാദനപരമായി ചെലവഴിക്കാതെവരുമ്പോൾ, അത് പൊങ്ങച്ചത്തിന്റെ പേപിടിച്ച കുടുംബാംഗങ്ങളുടെ വാനരസദൃശമായ സാമ്പത്തികസാഹസങ്ങളുടെ കുത്തൊഴുക്കിന് വാതിൽ തുറന്നിടുന്നു. ഇന്ന് കേരളത്തെ തുറിച്ചുനോക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. കോവിഡാനന്തര കാലഘട്ടത്തിൽ ഭരണകർത്താക്കളും ജനങ്ങളും സമൂഹംതന്നെയും പോയകാലത്തെ പൗരജീവിതത്തെ വിശകലനം ചെയ്തേ പറ്റൂ. കേരളത്തിൽ ഏഴ് ലക്ഷം പേർ വീടില്ലാത്തവരാണെന്ന് പഴയകാല കണക്കുകൾ ഉണ്ട്. എന്നാൽ മലയാളികുടുംബങ്ങളിൽ 70% 50 ലക്ഷത്തിനുമേൽ വരുമാനമുള്ളവരാണ്. ഒന്നേകാൽ ലക്ഷം കർഷകരിൽ, വിദ്യാഭ്യാസ വായ്പയെടുത്ത നിരവധി കുടുംബങ്ങളും ജപ്തിഭീഷണിയിലാണ്. കേരളത്തിൽ ഇപ്പോഴുള്ള അതിസമ്പന്നർ 23 പേരുണ്ട്. *ഫോബ്സ്* മാഗസിന്റെ അതിസമ്പന്നരുടെ പട്ടികയിൽപോലും കേരളീയരായ 10 പേരുണ്ട് (ശരാശരി 1000 കോടിരൂപയിൽ അധികം ആസ്തിയുള്ളവരാണ് അതിസമ്പന്നർ). ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ



വിസ്തൃതിയിൽ കേരളമെന്ന് അടയാളപ്പെടുത്തിയിട്ടുള്ളത് 1.8 % ഭൂപ്രദേശത്താണെന്ന് ചിന്തിക്കുമ്പോൾ നാമിപ്പോഴും കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ നിസ്സാരമല്ലേ.

**ആട്ടിപ്പായിക്കണം കമ്പോളക്കുറുക്കന്മാരെ:** മനുഷ്യമനസ്സിനെ പ്രകൃതി, വികൃതി, സംസ്കൃതി എന്നിങ്ങനെ വേർതിരിക്കാറുണ്ട്. ഇതിൽ 'സ്വാർത്ഥതയെന്നത് പ്രകൃതിയാണ്' 'സ്വകാര്യമാത്രപരത' വികൃതിയും. 'നിസ്വാർത്ഥത'യാണ് സംസ്കൃതിയായി വിശേഷിപ്പിക്കാറുള്ളത്. മലയാളിയുടെ മനസ്സ് 'എന്റെ കുട്ടി' ജയിക്കണമെന്നുമാത്രമാണ്. എന്നാൽ അതേമനോഭാവത്തിന്റെ മറുപുറത്ത് മറ്റുകുട്ടികൾ എന്റെ കുട്ടിയെപ്പോലെ വിജയിക്കരുത് എന്ന ചിന്തയുണ്ടാകുമ്പോൾ അത് 'സ്വകാര്യമാത്രപരത' യായിമാറുന്നു. മനുഷ്യന്റെ ഈ മാനസികാവസ്ഥകളുടെ സംസ്കരണം സാമൂഹികതലത്തിൽ സംഭവിക്കുന്നതേയില്ല. പരസ്പരബന്ധത്തിന്റെ നൈസർഗികമായ പ്രവാഹം ത്വരിതപ്പെടുത്താൻ കെട്ടിക്കിടക്കുന്ന മലിനജലമെല്ലാം ഒഴുക്കിക്കളയേണ്ടതുണ്ട്. ഒറ്റയ്ക്കുള്ള പുരോഗതി അധോഗതിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള സദ്സമൂഹവാർപ്പുമാതൃകകൾ കേരളത്തിൽ രൂപപ്പെടണം. ഷോപ്പിംഗ് മാളുകളും കമ്പോളകുതന്ത്രങ്ങളും നിറഞ്ഞ സമൂഹത്തിൽ ആ കുത്സിതമായ കുത്തൊഴുക്കിനെതിരെ നീന്താൻ നാം ശീലിക്കണം. ഇന്ന് നമ്മുടെ സാമൂഹികക്ഷേമപദ്ധതികൾപോലും ധനകാര്യസ്ഥാപനങ്ങൾ തയ്യാറാക്കിയ മനുഷ്യത്വരഹിതമായ പാഠ്യക്രമങ്ങൾ പാലിക്കണമെന്ന അവസ്ഥമാറണം. വിജയത്തിന്റെ ചവിട്ടുപടികൾ, അടുത്തുനില്ക്കുന്നവന്റെ നെഞ്ചിൻകൂട് തകർത്തായാലും കെട്ടിയുയർത്താമെന്ന് പഠിപ്പിക്കുന്ന കമ്പോളകുറുക്കന്മാരെ മനുഷ്യരുടെ നിസ്വാർത്ഥമായ കൂടിവരവുകൾകൊണ്ടും അവരുടെ ആത്മാർത്ഥത ജ്വലിപ്പിക്കുന്ന തീപ്പന്തങ്ങൾകൊണ്ടും ബഹിഷ്ക്കരിക്കാനുള്ള സാമൂഹികജീവിത നൈപുണ്യം നാം സ്വയത്തമാക്കണം.

രാഷ്ട്രപിതാവായ മഹാത്മജിയുടെ വാക്കുകൾ ഇത്തരം ചിന്തകൾക്ക് പരിശുദ്ധി നൽകിയിരുന്നുവെന്നകാര്യം നാം മറക്കരുത്. മലയാളി പിന്തുടർന്ന ആഢംബരാസക്തിയുടെ കടൽപാലങ്ങളേറുന്നതിനുമുമ്പ് നമുക്ക് ആ സുവർണാക്ഷരങ്ങൾ വായിക്കാമായിരുന്നു: "ഉപയോഗശൂന്യമായി പണം ചെലവഴിക്കപ്പെടുമ്പോൾ, ദരിദ്രരിൽനിന്ന് അത് പിടിച്ചുപറിക്കപ്പെട്ടതായി എനിക്ക് തോന്നുന്നു. ദരിദ്രരുടെ ശാപം രാഷ്ട്രങ്ങളെശിക്ഷിച്ചിട്ടുണ്ട്. രാജാക്കന്മാരുടെ കിരീടം തെറിപ്പിച്ചിട്ടുണ്ട്. സമ്പന്നന്മാരുടെ സമ്പത്തിനെയും അത് തട്ടിത്തെറിപ്പിച്ചിട്ടുണ്ട്. നീതിയുടെ പ്രതികാരം അപ്രതിരോധ്യമാണ്. ദരിദ്രരുടെ അനുഗ്രഹങ്ങൾ രാജ്യങ്ങളെ ഐശ്വര്യപൂർണമാക്കിയിട്ടുണ്ട്" (സമ്പൂർണകൃതികൾ, വാക്യം 26, പേജ് 174).

**മറക്കരുത് പറഞ്ഞുകൊടുക്കണം ദൈവാനുഗ്രഹങ്ങളെക്കുറിച്ച്:** കേരളത്തിന്റെ മാത്രമല്ല, ഏതൊരു ദേശത്തിന്റെയും ഇന്നത്തെ സാമൂഹികാവസ്ഥ പുറമെ കാണുന്നതുപോലെ ശാന്തമല്ല. ധനികരോട് അസൂയാലുക്കളായി ദരിദ്രരും ധനികരാകാൻ ശ്രമിക്കുന്നത് നാം കാണുന്നു. ഈ ഉദ്യമം പരാജയപ്പെടുമ്പോൾ അവർ രോഷാകുലരാകുന്നു. അവർക്ക് സുബോധം നഷ്ടപ്പെടുന്നു. വഞ്ചനയിലൂടെ പണമുണ്ടാക്കാൻ അവർ ശ്രമിക്കുന്നു. അത്യാഗ്രഹത്തിൽനിന്ന്, ആഢംബരാസക്തിയിൽനിന്ന്, സാമൂഹികസംഘർഷം പിറവിയെടുക്കുന്നു. ഇതിനെതിരെയുള്ള ബോധവല്ക്കരണം അസാധ്യമാണെന്ന് ആരൊക്കെയോ നമ്മോട് പറഞ്ഞുതരുന്നു. സദാചാരമൂല്യങ്ങൾ ബലികഴിച്ചും പണം സമ്പാദിക്കാമെന്ന് കരുതുന്നത് തെറ്റാണെന്ന് നമുക്കറിയാം. നാടോടുമ്പോൾ നടുവെ ഓടുകയെന്ന പ്രാകൃതമായ ചിന്തയ്ക്കപ്പുറത്തേക്ക് സാമൂഹികനവോത്ഥാന പ്രക്രിയകളെ നയിക്കുകയെന്ന ശ്രമകരമായ ദൗത്യത്തിനു മുമ്പിൽ എന്നും മതങ്ങൾ മാത്രമേ ഉണ്ടാകൂ. തിന്മയിലൂടെ സമ്പാദിച്ച ധനം സമൂഹത്തിൽ സൃഷ്ടിക്കാൻ സാധ്യതയുള്ള അധാർമ്മികതയുടെ പ്രളയം നിയന്ത്രിക്കുന്നതിൽ മതങ്ങൾ



പരാജയപ്പെടരുത്. കോവിഡ് 19 നിയന്ത്രിക്കാൻ ശ്രമിക്കുന്നതും മനുഷ്യജീവനുകൾ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും ദൈവം സൃഷ്ടിച്ച മനുഷ്യരുടെ നിസ്വാർത്ഥമായ കൂടിവരവാണെന്ന ചിന്തയാണ് ഇന്ന് ഈ സമൂഹമദ്ധ്യത്തിൽ തമസ്ക്കരിക്കപ്പെടുന്നത്. എത്രയോ കൂപ്പിയകരങ്ങളുടെ കണ്ണീർകുമ്പിളുകളിലേക്ക് ദൈവംനല്കിയ സംരക്ഷണത്തെക്കുറിച്ച് അനുഗ്രഹങ്ങൾ വരുംതലമുറയ്ക്ക് നാം പറഞ്ഞുകൊടുക്കണം.

**പടിക്കുപുറത്താക്കണം പണക്കൊഴുപ്പിന്റെ ലക്ഷണങ്ങൾ:**

മഹാത്മജി വീണ്ടും എഴുതുന്നു: "സ്വർണ്ണത്തേക്കാൾ കൂടുതൽ സത്യവും. വിത്തത്തിന്റെയും അധികാരത്തിന്റെയും ഡംഭിനെക്കാൾ മഹത്തായി നിർഭയത്വവും സ്വസ്നേഹത്തെക്കാൾ മഹത്തായി കാരുണ്യപ്രവർത്തനവും നാം എന്നാണോ ലോകത്തിന് കാണിച്ചുകൊടുക്കുന്നത് അന്നുമാത്രമേ നമ്മുടേത് യഥാർത്ഥ ആത്മീയരാഷ്ട്രീയമാകൂ. നമ്മുടെ വീടുകളിൽനിന്നും കൊട്ടാരങ്ങളിൽനിന്നും ദൈവാലയങ്ങളിൽനിന്നും പണക്കൊഴുപ്പിന്റെ ലക്ഷണങ്ങൾ തുടച്ചുനീക്കി, പകരം സന്മാർഗ്ഗികതയുടെ ഗുണങ്ങൾ കാണിച്ചുകൊടുക്കാൻ കഴിഞ്ഞാൽ സൈന്യശക്തിയുടെ കനത്ത ഭാരംപേറാതെതന്നെ നമുക്ക് ലോകത്തെ ഏത് വിരുദ്ധശക്തികളുടെ ഒത്തുചേരലിനെയും ചെറുത്തുനില്ക്കാനാകും. ഇതാണ് ശരിയായ ധനതത്വശാസ്ത്രം. നമ്മൾ ഇത് സ്വന്തമാക്കി നിത്യജീവിതത്തിൽ പകർത്താൻശ്രമിക്കുക" (മഹാത്മഗാന്ധിയുടെ രചനകളും പ്രഭാഷണങ്ങളും, നാലാപതിപ്പ്, പേജ് 353-355).


ഇപ്പോൾ തീരെ മാർക്കറ്റില്ലാത്ത ഒരു ഗാന്ധിവചനം കൂടി "സുഖജീവിതത്തിന്റെ രഹസ്യം ത്യാഗമാണ്. ത്യാഗമാണ് ജീവിതം. ആസക്തി മരണവും" (ഹരിജൻ 24.2.1946, പേജ് 19).



ചുറ്റുമുള്ള ജീവിതങ്ങളുടെ ദൈന്യമാർന്ന മുഖങ്ങളിലേക്ക് കണ്ണയയ്ക്കാൻ മലയാളി ശീലിച്ചുതുടങ്ങിയിട്ടുണ്ട്. പ്രളയങ്ങളും മഹാമാരിയും ഇത്തരം കാരുണ്യപ്രവർത്തനങ്ങൾക്ക് വഴിതുറന്നിട്ടുമുണ്ട്. ഈ വഴികളിൽ, പ്രോത്സാഹനം നല്കി നന്മയുടെ എല്ലാകുരുന്നുമുളകളും സംരക്ഷിക്കുന്നവിധം മതങ്ങളുടെ കരവലയങ്ങൾ വിസ്തൃതമാക്കണം. കളംതിരിച്ച് കോഴിത്തീറ്റ നല്കുന്ന രാഷ്ട്രീയ കൗശലങ്ങളും എന്റെ പറമ്പിൽമാത്രം മഴപെയ്താൽ മതിയെന്ന സ്വാർത്ഥചിന്തകളും വെട്ടിനിരത്താനുള്ള അരിവാളുകൾ കൈയിലേന്തിയുള്ള പുതിയ മാനവികമുന്നേറ്റങ്ങൾ കേരളത്തിൽ ഉണ്ടാകുമെന്ന് നാം പ്രതീക്ഷിക്കുന്നു. നന്മയെ കൊന്നുതൂക്കിയാലും മൂന്നാം ദിവസം ഉയിർത്ത വിശ്വാസവഴിയിൽ നീങ്ങാൻ എക്കാലത്തും നല്ലമനുഷ്യരുടെ കൂടിവരവുകൾ ഉണ്ടാകും. ഈ പ്രത്യാശയുടെ പൂക്കൾ പരത്തുന്ന സുഗന്ധം ഏറെ അകലെയല്ലാത്തവിധം നമ്മുടെ സിരകളെ ത്രസിപ്പിക്കുന്നുണ്ട്. ഇപ്പോൾ ധരിച്ചിരിക്കുന്ന നമ്മുടെ മാസ്ക്കുകൾക്കുപോലും ആ നവ്യഗന്ധം തടഞ്ഞുനിർത്താനാവില്ല.



# കോവിഡിനെ അതിജീവിച്ച കോവിഡ് മിഷണറി



കാരുണികൻ ന്യൂസ് സർവ്വീസ്

**ഫാ. അജീഷ്, ഛാന്ദാ രൂപത**

**കൊ**റോണ വൈറസിന്റെ പിടിയിൽപെട്ട് മരണത്തെ മുഖാമുഖം കണ്ടപ്പോഴും വിശുദ്ധ ബലിവേദിയെ ചുംബിച്ചും മരുന്നിനൊപ്പം ഹന്നാൻവെള്ളം (Holy Water) കുടിച്ചും ജീവിതത്തിലേക്ക് തിരിച്ചുവന്ന അജീഷ് അച്ചൻ ഇപ്പോഴിതാ കോവിഡ് രോഗികൾക്കായി തന്റെ പ്ലാസ്മ നല്കിയും കോവിഡ് ബാധിച്ച് മരണപ്പെടുന്നവരെ സംസ്കരിച്ചും രോഗബാധിതമേഖലയിലെ മിഷണറിയായി സജീവമായി പ്രവർത്തിക്കുന്നു.


മഹാരാഷ്ട്രയിലെ ഛാന്ദാരൂപതയ്ക്കുവേണ്ടി 2010 ലാണ് അജീഷ് കുമ്പുക്കൽ പൗരോഹിത്യം സ്വീകരിച്ചത്. തുടർന്ന് നവവൈദികൻ 2017 വരെ ഛാന്ദാമിഷനിലെ ആദിവാസമേഖലയിലെ മിഷണറിയായിരുന്നു. ഒരിടവകയുടെ ചുമതലയ്ക്കൊപ്പം ഒരു ഓർഫനേജിന്റെയും സ്കൂളിന്റെയും പ്രവർത്തനങ്ങളിലും കർമ്മനിരതനായിരുന്നു ഈ മിഷണറി. 2017 ഒക്ടോബറിൽ രൂപതാ ബിഷപ് മാർ എഫ്രേം നരികുളത്തിന്റെ നിർദ്ദേശപ്രകാരം MBA പഠനത്തിനായാണ് ഇംഗ്ലണ്ടിലെ സർവ്വകലാശാലയിൽ അജീഷച്ചൻ പ്രവേശനം നേടുന്നത്. ഇപ്പോൾ രണ്ടാം വർഷ വിദ്യാർത്ഥിയായ ഇദ്ദേഹം പഠനത്തോടൊപ്പം ഇംഗ്ലണ്ടിലെ ലാൻകാസ്റ്റർ രൂപതയിലെ വലിയ ഒരു ഇടവകയുടെ സഹവികാരിയുമായി സേവനം അനുഷ്ഠിക്കുന്നുണ്ട്. ബാരോ ഇൻ ഫർണസിലെ ഔവർ ലേഡി ഓഫ് ഫർണസ് ദൈവാലയത്തിന്റെ മേൽനോട്ടത്തോടൊപ്പം ഒരു കാത്തലിക് ഹോസ്പിറ്റലിന്റെ ചാപ്ലിനായും അച്ചൻ പ്രവർത്തിക്കുന്നു.

ഇംഗ്ലണ്ടിൽ കോവിഡ് 19 വ്യാപകമായതോടെ അജീഷച്ചൻ ചാപ്ലിനായ ഹോസ്പിറ്റലും കോവിഡ് വാർഡാക്കി മാറ്റി. ഇവിടെ ആഴ്ചയിൽ മിക്കവാറും ദിവസങ്ങളിൽ അന്ത്യകൂദാശയും വിശുദ്ധകുർബ്ബാനയും നല്കാനായി അജീഷ് അച്ചൻ പോകുമായിരുന്നു. കോവിഡ് രോഗികളെ നിരീക്ഷണത്തിലാക്കിയിരുന്ന ഈ വാർഡിൽ രോഗികളുമായുള്ള സമ്പർക്കത്തിലൂടെ അച്ചനും ക്രമേണ രോഗബാധിതനായി.

മാർച്ച് 17 മുതൽ അച്ചനിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി. അപ്പോൾതന്നെ വികാരിയച്ചനെ വിവരമറിയിച്ച് അജീഷച്ചൻ ഐസൊലേഷനിൽ കയറി. കോവിഡ് പകർച്ചവ്യാധി ഇംഗ്ലണ്ടിൽ വ്യാപകമായതിനെത്തുടർന്ന് ലാൻകാസ്റ്റർ രൂപതയിൽനിന്നുള്ള അറിയിപ്പിനെത്തുടർന്ന് വി. കുർബാനയും മറ്റു തിരുകർമ്മങ്ങളുമൊക്കെ ഒഴിവാക്കി. മാർച്ച് 20 ആയപ്പോൾ ലോക്ഡൗണും ആരംഭിച്ചു. ആദ്യമൊക്കെ വലിയ കുഴപ്പമില്ലാതെ അച്ചൻ അനുദിനപ്രവർത്തനങ്ങളിലേർപ്പെട്ടു. ഇടയ്ക്കിടയ്ക്ക് ഹന്നാൻവെള്ളം കുടിച്ചും നാലുമണിക്കൂർ ഇടവിട്ട് പാരസിറ്റാമോൾ കഴിച്ചും രോഗത്തെ പ്രതിരോധിക്കാൻ ശ്രമിച്ചു. എന്നാൽ പനിയും ചുമയും കൂടിവന്നതേയുള്ളൂ. 15 ദിവസമായിട്ടും പനി കുറയാതെയും ശ്വാസംമുട്ടൽ കൂടുകയും ചെയ്തതോടെ അച്ചൻ വിഷമസന്ധിയിലായി. ആ സമയത്ത് ഇടവക ജനങ്ങളും സ്നേഹിതന്മാരും

സുഹൃത്തുക്കളും സഹോദരവൈദികരും സിസ്റ്റർമാരും അജീഷ് അച്ചനുവേണ്ടി നിരന്തരം പ്രാർത്ഥിക്കാൻ തുടങ്ങി. ശ്വാസംമുട്ടൽ കൂടുതലായതോടെ അച്ചൻ എമർജൻസി 999 മായി ബന്ധപ്പെട്ട് ആമ്പുലൻസ് വരുത്തി ഹോസ്പിറ്റലിൽ പ്രവേശിച്ചു. കോവിഡ് ടെസ്റ്റ് നടത്തിയപ്പോൾ ഫലം പോസിറ്റീവായിരുന്നു.

രണ്ടു ദിവസം വെന്റിലേറ്ററിൽ കഴിയേണ്ടിവന്നു. തുടർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം വെന്റിലേറ്ററിൽനിന്ന് മാറ്റുകയും പള്ളിയിൽപോയി വിശ്രമിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തു. ഒരു രാത്രി 12.30 ആയപ്പോൾ ആശുപത്രി അധികൃതർ അച്ചനെ പള്ളിയിൽ എത്തിച്ചു. പിന്നീട് ആറ് ദിവസം കഴിഞ്ഞപ്പോഴാണ് അച്ചന് ശ്വാസംമുട്ടലിനും പനിയ്ക്കും അല്പം കുറവ് തോന്നിത്തുടങ്ങിയത്. സുഹൃത്തുക്കൾ അച്ചനെ ഫോണിൽവിളിച്ച് രാവിലെ എഴുന്നേല്ക്കണമെന്നും അല്ലെങ്കിൽ ന്യൂമോണിയയിലേക്ക് കടക്കുമെന്നും മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നു. അതോടൊപ്പം അച്ചന് ഭക്ഷണത്തിനാവശ്യമായ ഫ്രൂട്ട്സും മറ്റ് സാധനങ്ങളും അവർതന്നെ ഡോർ സപ്ലൈ ചെയ്യുകയും ചെയ്തു. ഇതോടൊപ്പം അവരുടെ പ്രാർത്ഥനകളും ഉണ്ടായിരുന്നു. ഇടവകയിലെ മലയാളികളായ നിരവധിപേർ ഈയവസരത്തിൽ അച്ചനെ ഒത്തിരിയേറെ സഹായിച്ചു. നിർദ്ദേശങ്ങളെല്ലാം ശിരസ്സാവഹിച്ചുകൊണ്ട് അച്ചൻ രാവിലെ എഴുന്നേല്ക്കുകയും സ്വയം കഞ്ഞി വയ്ക്കുകയും ചൂടു കഞ്ഞിയും വെള്ളവും കുടിക്കാൻ ആരംഭിച്ചു. ക്രമേണ രോഗമുക്തി പ്രാപിച്ചുതുടങ്ങി. അക്കാര്യം അജീഷച്ചൻതന്നെ പങ്കുവയ്ക്കുന്നു: എനിക്ക് അധികം ഭയമില്ലായിരുന്നു. ഇന്നുവരെ ജീവിതത്തോട് ഒരു പേടിയും തോന്നിയിട്ടില്ല. മരണത്തെ മുഖാമുഖം കണ്ടിട്ടും എന്റെ തിരുവസ്ത്രവും പ്രാർത്ഥനയും എന്നെ പൊതിഞ്ഞുസംരക്ഷിച്ചു. രാത്രി കിടക്കാൻനേരം ശ്വാസം മുട്ടൽവരുമ്പോൾ ചൂടുവെള്ളം തൊട്ടടുത്ത് വച്ച് ഉറക്കം ലഭിക്കണേ എന്ന് പ്രാർത്ഥിച്ചാണ് കിടന്നിരുന്നത്. പക്ഷേ, ചുമവരുമ്പോൾ ഒരു ഭയം എന്നെ ആവരണം ചെയ്തിരുന്നു. എന്നാൽ അതിനിടയിലും എനിക്കൊരു ബോധ്യമുണ്ടായിരുന്നു; എന്നെക്കൊണ്ട് ഇനിയും കർത്താവിന് കാര്യങ്ങൾ ചെയ്യിക്കാനുണ്ടെന്ന്. ആ വിശ്വാസം യാഥാർത്ഥ്യമായിരുന്നു. കാരണം, കോവിഡ് ബാധിച്ച് മൃത്യവിനിരയാകുന്ന 4 പേരെയെങ്കിലും പ്രതിദിനം എനിക്ക് ഇപ്പോൾ അടക്കം ചെയ്യേണ്ടിവരുന്നുണ്ട്. മിക്കവാറും ദിവസങ്ങളിൽ രാവിലെ 9.30 ന് സെമിത്തേരിയിൽ പോയാൽ വൈകിട്ട് 4.30 നാണ് അവിടെ നിന്ന് മടങ്ങാനാവുന്നത്. എന്റെ ആരോഗ്യം കണക്കിലെടുത്ത് എന്റെ പ്ലാസ്മ കൊടുക്കാമോ എന്ന് ആശുപത്രിഅധികൃതർ ചോദിച്ചു. ഞാൻ അത് കൊടുത്തു. ഇനി എന്നിൽനിന്നുള്ള എന്റെ ആന്റീബോഡീസ് എടുത്ത് മരിക്കാറായി കിടക്കുന്ന, രക്ഷപെടില്ലെന്ന ജീവിതങ്ങൾക്ക് എന്നിലെ ആ ഇമ്മ്യൂണിറ്റി എടുത്ത് ട്രീറ്റ്മെന്റിന് ഉപയോഗിക്കാൻ പോകുന്നു. ഇതൊക്കെ എനിക്ക് സന്തോഷംനല്കുന്നു. അതിന് ദൈവത്തിന് ഞാൻ നന്ദിപറയുന്നു. കാരണം ദൈവത്തിന് എന്നിലൂടെ എന്തൊക്കെയോ പദ്ധതിയുണ്ടാവും. ദൈവാനുഗ്രഹംകൊണ്ട് ഞാൻ രോഗവിമുക്തനായി. എന്നിലൂടെ ദൈവം ഇനിയും ഒത്തിരി നന്മകൾ പ്രവർത്തിപ്പിക്കുമാറാകട്ടെ. കോവിഡ് ബാധിതർക്കിടയിൽനിന്നുകൊണ്ടുള്ള അജീഷച്ചന്റെ ഇപ്പോഴത്തെ പ്രാർത്ഥനയിതാണ്.



# കോവിഡ് –19 പ്രതിരോധത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



**മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ള കൊറോണ വൈറസിന്റെ വ്യാപനത്തിൽ നാടുംനഗരവും ജാഗരൂകരായിരിക്കുമ്പോൾ ഈ മഹാമാരിയെ പ്രതിരോധിക്കാൻ കൈക്കൊള്ളേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതി (KCBC) യുടെ ആരോഗ്യവിഭാഗം പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ.**

- പനി, ശ്വാസതടസം, മൂക്കൊലിപ്പ്, തൊണ്ടവേദന, ചുമ തുടങ്ങിയ രോഗലക്ഷണങ്ങളുള്ളവർ അടുത്തുള്ള ആശുപത്രിയിൽ ഡോക്ടറെ കാണാൻ ശ്രദ്ധിക്കുക.

- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ചു വായും മുഖവും മൂടുക. തൂവാല ഇല്ലാത്ത സന്ദർഭങ്ങളിൽ കൈമുട്ടുകൾ മടക്കി വായ് മൂടേണ്ടതാണ്. കൈപ്പത്തി കൊണ്ടു മുഖവും വായും മൂടുന്നത് പ്രയോജനകരമല്ല.

- രോഗലക്ഷണമുള്ളവരും അവരെ പരിചരിക്കുന്നവരും മാസ്ക് നിർബന്ധമായും ഉപയോഗിക്കുക.

- കരൾ, വൃക്ക, ശ്വാസകോശം എന്നിവ സംബന്ധമായി രോഗമുള്ളവരും ഹൃദ്രോഗികൾ, പ്രമേഹരോഗികൾ തുടങ്ങിയവരും പൊതു പരിപാടികളിലേക്കും പള്ളിയിലേക്കുമുള്ള സന്ദർശനം ഒഴിവാക്കി വീട്ടിൽ വിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. പ്രായമായവരും കുട്ടികളും ഗർഭിണികളും കഴിയുന്നത്ര പൊതുപരിപാടികൾ ഒഴിവാക്കുക.

- അണുനാശിനികൾ ഉപയോഗിച്ച് മുറികളും മുറിയിലെ വസ്തുക്കളും അണുവിമുക്തമാക്കുക.
- നനവുള്ളതും ഈർപ്പമുള്ളതുമായ പ്രതലങ്ങളിൽ വൈറസിനു അനുകൂല സാഹചര്യം ആയതിനാൽ, അത്തരം സ്ഥലങ്ങളുമായി സമ്പർക്കം ഒഴിവാക്കുക.

- COVID 19 ബാധിത രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാരുമായി സമ്പർക്കം പുലർത്തിയിട്ടുള്ള വ്യക്തികൾ, നിശ്ചിതസമയം നിരീക്ഷണ ത്തിൽ തുടരുകയും മറ്റുള്ളവരുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കുകയും ചെയ്യുക.

- തിരക്കുള്ള സ്ഥലങ്ങളിൽ പോകാതിരിക്കുകയും പൊതുസമ്മേളനങ്ങൾ, വിവാഹാഘോഷങ്ങൾ സിനിമാശാലകൾ, വിനോദയാത്രകൾ മുതലായവ ഒഴിവാക്കുകയും ചെയ്യുക. നേർച്ചസദ്യ, പൊതുഭക്ഷണ പരിപാടികൾ, പൊതുഇടങ്ങളിൽ നിന്നുള്ള ഭക്ഷണം എന്നിവ

കഴിയുന്നത്ര ഒഴിവാക്കുക. അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഉപേക്ഷിക്കുക.

- പൊതുഇടങ്ങളിലെ ഹാൻഡ് റെയിലുകൾ, ഡോർ ഹാൻഡിലുകൾ, ഭിത്തികൾ തുടങ്ങിയവയിൽ കഴിയുന്നിടത്തോളം തൊടാതിരിക്കുക. ഈ സ്ഥലങ്ങളിൽ സ്പർശിക്കാനിടയായാൽ ഉടൻതന്നെ കൈകൾ സോപ്പുപയോഗിച്ച് കഴുകുക.

- ആലിംഗനം അല്ലെങ്കിൽ ഹസ്തദാനം പോലുള്ള സാമൂഹിക ആശംസാരീതികൾ ഒഴിവാക്കുക.

- സ്വന്തം മുഖം, മൂക്ക്, കണ്ണുകൾ, എന്നിവ ഇടയ്ക്കിടെ സ്പർശിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കുക.

- ഇടക്കിടയ്ക്കു കൈകൾ നന്നായി സോപ്പും വെള്ളവും ഉപയോഗിച്ചോ, സാനിറ്റൈസർ ഉപയോഗിച്ചോ വൃത്തിയാക്കുക. പൊതുഇടങ്ങളിലെ ടവ്വലുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക.

- യാത്രകൾ പരമാവധി നിയന്ത്രിക്കുകയും കഴിയുന്നതും പൊതുശൗചാലയങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.

## ദൈവാലയങ്ങളിലും കുടുംബങ്ങളിലും പാലിക്കേണ്ട പ്രത്യേക നിർദ്ദേശങ്ങൾ

- ആരാധനാലയങ്ങളിലെ തിരുസ്വരൂപങ്ങളിൽ തൊട്ടുമുത്തുകയോ ചുംബിക്കുകയോ ചെയ്യുന്ന പ്രവണത ഒഴിവാക്കുക.
- ദൈവാലയങ്ങളിലുൾപ്പെടെ ജനങ്ങൾ കൂട്ടം ചേരുന്നത് പരമാവധി കുറയ്ക്കുക.
- തിരുനാളുകൾ, തീർത്ഥാടനങ്ങൾ, കൺവൻഷനുകൾ എന്നിവ മാറ്റിവയ്ക്കുയോ ആൾക്കൂട്ടം ഒഴിവാക്കാൻ കഴിയുംവിധം പരിപാടികളിൽ മാറ്റം വരുത്തുകയോ ചെയ്യുക.
- പള്ളി സന്ദർശന വേളകളിൽ മുന്നിൽനിന്നും പിന്നിൽനിന്നുമുള്ള വ്യക്തികളിൽനിന്നും ഒരു കൈ എങ്കിലും അകലം പാലിക്കുവാൻ ശ്രദ്ധിക്കുക.
- മൃതദേഹങ്ങളിൽ ചുംബിക്കുന്നത് ഒഴിവാക്കുക.
- വ്യക്തിപരമായ പ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനയിലും ഇടവകയിൽ ക്രമീകരിക്കുന്ന ആരാധന ശുശ്രൂഷകളിലും പകർച്ചവ്യാധികളിൽനിന്നുള്ള വിടുതലിനും പ്രത്യേകസംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക.
- ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധരാവുക.

